# റബ്ബർ

മെയ് 2022 • വാർഷികവരിസംഖ്യ ₹100

- റബ്ബർബോർഡ് സ്ഥാപകദിനം
- റബ്ബർബോർഡിന്റെ 'ഇ-മാർക്കറ്റ്' ലോഗോ പ്രകാശനം ചെയ്തു
- വെർച്വൽ ട്രേഡ് ഫെയർ
- റബ്ബർമരങ്ങളെ കുട ചൂടിക്കാം
- പുകപ്പുര - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



## റബ്ബറിന് വളപ്രയോഗം


www.cheerakuzhy.com
CHEERAKUZHY
Wonder Root™
ROOT TRAINER RUBBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള വ്യത്യാസം നേരിൽ
കണ്ടറിയുന്നതിന് നഴ്സറി സന്ദർശിക്കുക.
WONDER ROOT
കപ്പ് റബ്ബർ തൈകൾ വിൽപനയ്ക്ക് തയ്യാർ
2022 സീസണിലേക്ക് ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക്
9747500600, 8592900400
ലഭ്യത പരിമിതം ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 0466 2266064, 08592900400
09447011047, 09447315306
Email: jose@cheerakuzhy.com | cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം


06 | റബ്ബറിന് വളപ്രയോഗം

10 | റബ്ബർബോർഡ് സ്ഥാപകദിനം

12 | റബ്ബർബോർഡിന്റെ 'ഇ-മാർക്കറ്റ്' ലോഗോ പ്രകാശനം ചെയ്തു

14 | വെർച്വൽ ട്രേഡ് ഫെയർ

16 | റബ്ബർമരങ്ങളെ കുട ചൂടിക്കാം

19 | പുകപ്പുരകൾ - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

21 | രോഗങ്ങൾ പടിക്കുപുറത്ത്

24 | റബ്ബർചരിത്രം

30 | കൃഷിപ്പണികൾ

33 | കോൾസെന്റർ

36 | പരിശീലനപരിപാടികൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





672

# റബ്ബർ

മെയ് 2022



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 2301231, ഫാക്സ്: 2574902
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ:
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ:
**ഡോ. കെ.എൻ. രാഘവൻ**

എഡിറ്റർ:
**കെ.ജി. സതീശ് കുമാർ**

അസിസ്റ്റന്റ് എഡിറ്റർ:
**പി. പ്രസാദ്**
**ബി. ശ്രീകുമാർ**



**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# മഴ
# വഴി മുടക്കാതെ

മഴയാണു താരം എന്നു പറഞ്ഞാൽ അതിശയോക്തി ആകില്ല. മഴ വരുന്നതും വരാത്തതും വന്നാൽ പോകാത്തതും ഒക്കെ നോക്കിയിരിപ്പാണ് നമ്മളിപ്പോൾ. മറ്റു വിളകളുടെ കാര്യത്തിലെന്നപോലെ റബ്ബറിന്റെ വളർച്ചയിലും റബ്ബറിൽ നിന്നുള്ള വിളവിന്റെ കാര്യത്തിലുമെല്ലാം അത്യധികമായ സ്വാധീനമാണ് മഴയ്ക്കുള്ളത്. തുടർച്ചയായ മഴയിൽ കഴിഞ്ഞവർഷം എത്ര ടാപ്പിങ് ദിനങ്ങളാണ് നഷ്ടപ്പെട്ടു പോയത്. ഈ വർഷമെങ്കിലും ആ അനുഭവമുണ്ടാകാതെ നാം നോക്കണം. റെയിൻഗാർഡിങ് ഇതുവരെയും നടത്താത്ത കർഷകർ ഒട്ടും അമാന്തം വിചാരിക്കാതെ റബ്ബർമരങ്ങളെ ഉടൻതന്നെ മഴക്കുട ചൂടിക്കണം. മഴമൂലം നഷ്ടമാകുന്ന വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ റെയിൻഗാർഡിങ്ങിനു വേണ്ടിവരുന്ന ചെലവ് വളരെ തുച്ഛമാണെന്നു കാണാം. റെയിൻഗാർഡിന് ചോർച്ചയുണ്ടോയെന്ന് ഇടയ്ക്കിടെ പരിശോധിക്കണം. മാത്രമല്ല മഴ അതികഠിനമാകുകയും കഴിഞ്ഞ വർഷത്തെപ്പോലെ നീണ്ടു നിൽക്കുകയുമാണെങ്കിൽ സാധാരണ റെയിൻഗാർഡിനു മുകളിൽ മിനി റെയിൻഗാർഡു പിടിപ്പിക്കുകയും വേണം. എങ്കിൽ മാത്രമേ ഏറ്റവും കൂടുതൽ ഉത്പാദനം ലഭിക്കേണ്ട മാസങ്ങൾ കൺമുന്നിൽ കണ്ണീരായി ഒഴുകിപ്പോകാതെ തടയാൻ കഴിയൂ.

മഴയുടെ കാര്യം പ്രവചനാതീതമായതിനാൽ റബ്ബർതോട്ടങ്ങളിൽ ഇനിയും വളമിടാത്തവർ എത്രയും പെട്ടെന്ന് വളമിടീലിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഓൺലൈൻ വളപ്രയോഗശുപാർശയനുസരിച്ച് വളമിടുകയാണെങ്കിൽ ചെലവു കുറയ്ക്കുന്നതിനും മണ്ണിന്റെയും മരങ്ങളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനും കഴിയും. ഇതിനായി 'റബ്സിസ് ആപ്' ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും ഡൗൺലോഡു ചെയ്യാം. ഏറെ കാലിക പ്രാധാന്യമുള്ള വിഷയങ്ങളായതിനാൽ റെയിൻഗാർഡിങ്ങും വളമിടീലും സംബന്ധിച്ച് വിശദമായ ലേഖനങ്ങൾ ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. കൃഷിപ്പണികൾ യഥാസമയം ചെയ്യുന്നതാണ് കാലാവസ്ഥാമാറ്റങ്ങളെ അതിജീവിക്കുന്നതിനുള്ള പ്രധാന പോംവഴി എന്നത് മറക്കാതിരിക്കുക.

– എഡിറ്റർ



# കൂടുതൽ
# കരുതലോടെ



ഏതു സ്ഥാപനത്തെ സംബന്ധിച്ചായാലും ആഘോഷങ്ങൾ വിലയിരുത്തലുകൾക്കും പരിഷ്കരണങ്ങൾക്കും ഭാവി ആസൂത്രണത്തിനുമുള്ള വേളകൾ കൂടിയാണ്. മഹത്തായ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരവും വരും തലമുറയ്ക്ക് അത് നൽകുന്ന സന്ദേശവുമാണ് ഏത് ആഘോഷങ്ങളേയും ശ്രദ്ധേയമാക്കുന്നത്. അർത്ഥവത്തായ ആശയവിനിമയങ്ങളും നിഷ്പക്ഷമായ വിലയിരുത്തലുകളും ക്രിയാത്മകനിർദ്ദേശങ്ങളും കൊണ്ട് ഏറെ ശ്രദ്ധേയമായിരുന്നു റബ്ബർബോർഡിന്റെ സ്ഥാപകദിന ആഘോഷങ്ങൾ. 1947- ഏപ്രിലിൽ ഇന്ത്യൻ റബ്ബർബോർഡ് രൂപവത്കരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ റബ്ബർ ആക്ട് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് ഏപ്രിൽ 18 സ്ഥാപകദിനമായി ആചരിക്കുന്നത്.

റബ്ബറുത്പാദനത്തിന്റെ കാര്യത്തിൽ രാജ്യത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യവുമായി വിജ്ഞാനവ്യാപനം, ഗവേഷണം, പരിശീലനം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ ശ്രദ്ധേയമായ ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാൻ റബ്ബർബോർഡിന് കഴിഞ്ഞിട്ടുണ്ട്. 1950-ൽ 75000 ഹെക്ടർ മാത്രമായിരുന്ന റബ്ബർകൃഷി 2021-22 ൽ 827000 ഹെക്ടർ ആയും ഉത്പാദനം 16000 മെട്രിക് ടണ്ണിൽ നിന്ന് 780000 മെട്രിക് ടണ്ണായും വർദ്ധിപ്പിക്കാൻ ബോർഡിനു കഴിഞ്ഞു. വടക്കു കിഴക്കൻ പ്രദേശങ്ങൾ അടക്കമുള്ള ഇതര മേഖലകളിലേക്ക് റബ്ബർകൃഷി വ്യാപിപ്പിച്ചു. നൂതനകൃഷിസമ്പ്രദായങ്ങൾ കൃഷിയിടങ്ങളിലെത്തിക്കുകയും പരിശീലനങ്ങൾ നൽകുകയും ചെയ്തു. റബ്ബറുത്പാദകസംഘങ്ങളുൾപ്പെടെ റബ്ബർകർഷകരുടെ കൂട്ടായ്മകൾ രൂപവത്കരിച്ചതിലൂടെ റബ്ബർകൃഷിമേഖലയെ കൂടുതൽ കരുത്തുറ്റതാക്കാൻ കഴിഞ്ഞു. അത്യുത്പാദനശേഷിയുള്ള ഏഴ് റബ്ബറിനങ്ങൾ വികസിപ്പിച്ച് കൃഷിക്കായി നൽകി. രോഗനിയന്ത്രണരംഗത്തെ നേട്ടങ്ങൾ, ഓൺലൈൻ റബ്ബർ ക്ലിനിക്ക്, ജനിതകമാറ്റം വരുത്തിയ റബ്ബറിനങ്ങളുടെ വികസനം, റിമോട്ട് സെൻസിങ്ങും ജി.ഐ.എസ്. സാങ്കേതികവിദ്യയും ഉപയോഗിച്ച് റബ്ബർ കൃഷിചെയ്തിട്ടുള്ള പ്രദേശങ്ങൾ സംബന്ധിച്ച വിവരശേഖരണം, ഓൺലൈൻ വളപ്രയോഗശുപാർശ, ആർആർഐഐ 105-ന്റെ പൂർണ്ണമായ ജീനോം സീക്വൻസിങ്, റബ്ബർ പ്രോഡക്ട് ഇൻക്യുബേഷൻ സെന്റർ, കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളിലെ ഹാനികരമായ രാസവസ്തുക്കൾ കണ്ടുപിടിക്കുന്നതിനുള്ള റീച്ച് ലാബ്, അഡ്വാൻസ്ഡ് മോളിക്യുലാർ പ്ലാന്റ് പതോളജി ലാബ് തുടങ്ങിയവയെല്ലാം ഗവേഷണരംഗത്തെ സമീപകാല നേട്ടങ്ങളാണ്. കർഷകരുൾപ്പെടെ റബ്ബർമേഖലയുടെ പരിശീലനാവശ്യങ്ങൾ നിറവേറ്റുന്നതിനായി പരിശീലനവിഭാഗത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ആയി ഉയർത്തി. റബ്ബർമേഖലയിൽ ആവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഇവിടെ നൽകി വരുന്നു. സമൂഹ റബ്ബർസംസ്കരണശാലകൾ തുടങ്ങുന്നതിന് സ്വകാര്യ മേഖലയിൽ നിന്നുള്ള സംരംഭകത്വശ്രമങ്ങൾക്ക് തുടക്കമിട്ടു. ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽ ഇന്ത്യൻ റബ്ബറിനും റബ്ബറുത്പന്നങ്ങൾക്കും കൂടുതൽ സ്വീകാര്യതയും സാധ്യതയും നൽകുന്നതിനായി വെർച്വൽ ട്രേഡ് ഫെയർ ആരംഭിച്ചു.

പ്രമുഖ ടയർകമ്പനികളുടെ സഹകരണത്തോടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പശ്ചിമബംഗാളിലുമായി രണ്ടു ലക്ഷം ഹെക്ടറിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി, ജനിതകമാറ്റം വരുത്തിയ രണ്ട് റബ്ബറിനങ്ങളുടെ കൃഷിഭൂമി പരീക്ഷണങ്ങൾ, ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോം, സമ്പൂർണ്ണ റബ്ബർ സെൻസസ് എന്നിവയെല്ലാം ഇപ്പോൾ റബ്ബർബോർഡ് ഏറ്റെടുത്തിരിക്കുന്ന പുതിയ ദൗത്യങ്ങളാണ്. 2026 ആകുമ്പോൾ റബ്ബർകൃഷി വിസ്തൃതി ഇരട്ടിയാക്കുന്നതിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണ് ബോർഡ്. എഴുപത്തഞ്ചു വർഷത്തെ വളർച്ചയുടെ പാതയിൽ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് വഴികാട്ടികളായവരെയും കരുത്തോടെ കൈപിടിച്ചവരെയും കഠിനാദ്ധ്വാനികളായ കർഷകസുഹൃത്തുക്കളെയും പ്രത്യേകം സ്മരിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ.

സ്നേഹപൂർവ്വം

ഡോ. കെ.എൻ. രാഘവൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



അമ്പിളി കെ. കെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

## റബ്ബറിന്

# വളപ്രയോഗം

**റബ്ബർമരങ്ങളുടെ ശരിയായ വളർച്ചയ്ക്കും മികച്ച ഉത്പാദനത്തിനും ശരിയായ വളപ്രയോഗം ആവശ്യമാണ്. മണ്ണും ഇലയും പരിശോധിച്ച് വളമിടുന്നതാണ് ഉത്തമം. അതിന് സാധിച്ചില്ലെങ്കിൽ പൊതു ശുപാർശ പ്രകാരം വളമിടാം. ഈ വിഷയത്തെ അധികരിച്ചുള്ളതാണ് ലേഖനം.**

റബ്ബറിന്റെ ശരിയായ വളർച്ചയ്ക്കും വിളവിനും ശാസ്ത്രീയവളപ്രയോഗം ആവശ്യമാണ്. നഴ്സറി, ചെറിയ തൈകൾ (ആദ്യത്തെ ഒന്നു മുതൽ നാലുവർഷം വരെ കാലയളവ്) അഞ്ചാം വർഷം മുതൽ ടാപ്പു ചെയ്യുന്ന മരങ്ങൾ എന്നിങ്ങനെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ വിവിധ അളവിലും രീതിയിലുമാണ് റബ്ബറിന് വളമിടേണ്ടത്. മണ്ണു-ജലസംരക്ഷണത്തിന് ആവരണവിള വച്ചുപിടിപ്പിക്കുമ്പോൾ അവയ്ക്ക് പ്രത്യേക വളപ്രയോഗം ആവശ്യമാണ്. അതുപോലെ ആദ്യത്തെ നാലുവർഷം ഇടവിളകൾ നടാവുന്നതാണ്. ഇടവിളകൾക്കും ശുപാർശ അനുസരിച്ചുള്ള വളപ്രയോഗം നടത്തണം.

ചെടികൾക്ക് 16 മൂലകങ്ങൾ നിർബന്ധമായും ആവശ്യമാണ്. കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, സൾഫർ, കോപ്പർ, സിങ്ക്, അയൺ, മാംഗനീസ്, ബോറോൺ, മോളിബ്ഡിനം, ക്ലോറിൻ എന്നിവയാണ്





ഈ മൂലകങ്ങൾ. ഇതിൽ കാർബൺ, ഓക്സിജൻ, ഹൈഡ്രജൻ എന്നിവ അന്തരീക്ഷത്തിലെ ജലം, വായു എന്നിവയിൽനിന്നു ധാരാളം ലഭിക്കുന്നതുകൊണ്ട് ഇവയുടെ അഭാവം ചെടികളിൽ സാധാരണ ഉണ്ടാകാറില്ല. പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം, എന്നിവ കൂടിയ അളവിൽ ചെടികൾക്ക് ആവശ്യമാണ്. ചെടികൾക്ക് സാധാരണമായി ചേർത്തുകൊടുക്കേണ്ടത് ഈ മൂലകങ്ങളാണ്. ഇവയുടെ അപര്യാപ്തത മിക്കവാറും ചെടികളിൽ കാണപ്പെടാറുണ്ട്. കാൽസ്യം, മഗ്നീഷ്യം എന്നീ ദ്വിതീയ മൂലകങ്ങളുടെയും സിങ്കിന്റെയും കുറവും മണ്ണിൽ കാണപ്പെടാറുണ്ട്. ഇവയും ആവശ്യാനുസരണം ചേർത്തുകൊടുക്കേണ്ടതുണ്ട്. റബ്ബറിന് സാധാരണമായി നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, സിങ്ക്, ബോറോൺ എന്നിവയാണ് വളമായി നൽകാറുള്ളത്. അമ്ലത കൂടിയ മണ്ണിലാണ് റബ്ബർ വളരുന്നത്. ഈ മണ്ണിൽ മാംഗനീസ്, അയൺ എന്നിവ വളരെ കൂടുതൽ അളവിൽ കാണപ്പെടുന്നതിനാൽ വീണ്ടും നൽകാൻ ശുപാർശ ചെയ്യുന്നില്ല.

## റബ്ബറിന്റെ വളപ്രയോഗ ശുപാർശ

### തൈത്തവാരണ (Seedling Nursery)

റബ്ബർനഴ്സറികളിൽ തവാരണകൾ തയ്യാറാക്കുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. ഏകദേശം 100 ചതുരശ്ര മീറ്റർ വിസ്തൃതി കണക്കാക്കിയാൽ, 25 കിലോഗ്രാം കമ്പോസ്റ്റ് അല്ലെങ്കിൽ നന്നായി അഴുകി പൊടിഞ്ഞ ചാണകപ്പൊടി, 4 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ് എന്നിവ അടിസ്ഥാനവളമായി ചേർത്തു കൊടുക്കാവുന്നതാണ്. എന്നാൽ, ജൈവാംശം കൂടുതലുള്ള മണ്ണാണെങ്കിൽ റോക്ക് ഫോസ്ഫേറ്റ് മാത്രം ചേർത്താൽ മതിയാകും. സ്ഥിരമായി ഒരേ സ്ഥലം തന്നെ നഴ്സറിക്കായി ഉപയോഗിക്കുന്നുവെങ്കിൽ, മൂന്നുവർഷത്തിലൊരിക്കൽ മാത്രമേ റോക്ക് ഫോസ്ഫേറ്റ് ചേർക്കേണ്ടതുള്ളൂ.

**പട്ടിക 1. മുളച്ച വിത്തുകൾ നട്ടതിന് 6–8 ആഴ്ചകൾക്കുശേഷം (ഒരു ഹെക്ടറിൽ)**

| വളം | അളവ് (കി.ഗ്രാം. ഒരു ഹെക്ടറിന്) |
|---|---|
| യൂറിയ | 545 |
| രാജ് ഫോസ് | 1390 |
| മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 165 |
| മഗ്നീഷ്യം സൾഫേറ്റ് | 235 |
| അല്ലെങ്കിൽ 2500 കി.ഗ്രാം 10–10–4–1.5 എൻ.പി.കെ. റബ്ബർ മിശ്രിതം | |

മുകളിൽ പറഞ്ഞ വളപ്രയോഗത്തിനുശേഷം രണ്ടാഴ്ച കഴിഞ്ഞ് ഒരു ഹെക്ടറിൽ 25 കി.ഗ്രാം സിങ്ക് സൾഫേറ്റ് (100 ചതുരശ്ര മീറ്ററിനു 250 ഗ്രാം) എന്ന അളവിൽ ചേർത്തുകൊടുക്കാവുന്നതാണ്. എന്നാൽ തുടർച്ചയായി ഒരേ സ്ഥലം തന്നെ നഴ്സറിയായി ഉപയോഗിക്കുമ്പോൾ അവിടുത്തെ മണ്ണിന്റെ സിങ്കിന്റെ അളവ് പരിശോധിച്ച് അത് 0.6 പിപിഎം-ൽ കുറവാണെങ്കിൽ മാത്രമേ പിന്നീട് സിങ്ക് സൾഫേറ്റ് ചേർക്കേണ്ടതുള്ളൂ.

6–8 ആഴ്ചകൾക്കു ശേഷമുള്ള ആദ്യത്തെ വള

◆ വളമിടീൽ

പ്രയോഗം കഴിഞ്ഞ് പിന്നീട് അത്രയും സമയംകൂടി കഴിയുമ്പോൾ ഒരു ഹെക്ടറിൽ 550 കി.ഗ്രാം യൂറിയ എന്ന കണക്കിൽ ചേർത്തുകൊടുക്കണം.



## ബഡ്ഡുവുഡ് നഴ്സറി (Bud wood nursery)

തവാരണകൾ തയ്യാറാക്കുന്നത് ഏപ്രിൽ, മെയ് മാസങ്ങളിലാണ്. 165 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ് ഒരു ഹെക്ടറിൽ(100 സ്ക്വയർ മീറ്റർ സ്ഥലത്തിന് 165 ഗ്രാം) അടിസ്ഥാന വളമായി ചേർത്തു കൊടുക്കാവുന്നതാണ്.

നടീലിനുശേഷം ആദ്യതവണ 2-3 മാസമാകുമ്പോൾ 0-10-4-1.5 എൻ.പി.കെ.എം.ജി. വളം ഒരു ചെടിക്ക് 125 ഗ്രാം 1 എന്ന കണക്കി ന് ചേർത്തുകൊടുക്കാവുന്നതാണ്.

രണ്ടാം തവണ 8-9 മാസമാകുമ്പോൾ ഇതേ അളവിൽതന്നെ (125 ഗ്രാം എൻ.പി.കെ.എം.ജി. ചേർത്തു കൊടുക്കാം).

ഓരോ ബഡ്ഡുകമ്പ് ശേഖരണത്തിനുശേഷവും ഇതേ വളം തന്നെ ചേർക്കേണ്ടതാണ്. നടീലിനുശേഷം ഒരു വർഷമാകുമ്പോഴാണ് ആദ്യത്തെ ബഡ്കമ്പ് ശേഖരണം.

## കൂടത്തൈ നഴ്സറി

നടീൽവസ്തുക്കളിൽ പ്രധാനപ്പെട്ട ഒന്നാണ് കൂടത്തൈകൾ. കൂടത്തൈകൾ തയ്യാറാക്കിയെടുക്കുന്നതിന് കൂടകളിൽ റബ്ബർകുരു ഇട്ട് കിളിർപ്പിച്ച് അതിൽ ബഡ്ഡുചെയ്ത് അല്ലെങ്കിൽ ഒട്ടുകുറ്റിത്തൈകൾ നേരിട്ട് നട്ടോ ആണ് കൂടത്തൈകൾ തയ്യാറാക്കാറുള്ളത്. ഇവയ്ക്കായി പ്രത്യേക വളപ്രയോഗശുപാർശയുമുണ്ട്. ഏതാണ്ട് 55 x 25 സെ.മീ. (300-400 ഗേജ് കനമുള്ള) പോളിത്തീൻ കൂടകളിൽ മണ്ണു നിറയ്ക്കുമ്പോൾ മുകളിൽ പകുതിസ്ഥലത്ത് 20 മുതൽ 25 ഗ്രാം റോക്ക് ഫോസ്ഫേറ്റ് ചേർത്ത് കൊടുക്കാവുന്നതാണ്. കൂടകളിൽ വളർത്തുന്ന ഒരു തൈയ്ക്ക് 60 ഗ്രാം 10-10-4-1.5 എൻ.പി.കെ.എം.ജി. മിശ്രിതം വേണം എന്നാണ് കണക്കാക്കിയിട്ടുള്ളത്. തുടക്കത്തിൽ ഓരോ മാസവും 10 ഗ്രാം ഒരു ചെടിക്ക് എന്ന കണക്കിൽ ചേർത്ത് കുറേശ്ശേയായി അളവ് കൂട്ടി മുകളിലത്തെ തട്ട് ഇല മൂപ്പെത്തുമ്പോൾ 30 ഗ്രാം വരെയാക്കുക.



*മൂന്നുമാസം പ്രായമായ തൈകൾക്ക് വളം ചെയ്യുന്ന രീതി*

## കപ്പുതൈകൾ

കപ്പുനിറയ്ക്കാൻ പാകമാക്കിയെടുക്കുന്ന ചകിരിച്ചോറിൽ വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, കീടനാശിനി, സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ് എന്നിവ ചേർക്കണം.

## റബ്ബർതൈകൾ തോട്ടത്തിൽ നട്ടതിനുശേഷമുള്ള വളപ്രയോഗം

റബ്ബർതൈകൾ നട്ടതിനുശേഷം ആദ്യത്തെ ഒന്നു മുതൽ നാലുവർഷം വരെയുള്ള കാലഘട്ടത്തെ അപക്വ കാലഘട്ടമെന്നും (Immature phase), 5-ാം വർഷം മുതൽ (ടാപ്പു ചെയ്യുന്ന മരങ്ങൾ ഉൾപെടെ) പക്വകാലഘട്ടമെന്നും (Mature phase), രണ്ടായി തിരിച്ചിരിക്കുന്നു. ഈ വളർച്ചാഘട്ടങ്ങളുടെ വ്യത്യാസം അനുസരിച്ച് പ്രത്യേകം വളപ്രയോഗമാണ് നിർദ്ദേശിച്ചിട്ടുള്ളത് (പട്ടിക 2, 3).

## അപക്വകാലഘട്ടം (1 മുതൽ 4 വരെയുള്ള വർഷം)

റബ്ബറിന്റെ വളർച്ചയിൽ ആദ്യവർഷങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ആദ്യവർഷങ്ങളിൽ വളർച്ച വളരെ കൂടുതലുള്ള വൃക്ഷമാണ് റബ്ബർ. അതായത് ഏതാണ്ട് ഏഴു വർഷം കൊണ്ട് 50 സെ.മി. വണ്ണമെത്തി റബ്ബർമരം ടാപ്പിങ്ങിനു പാകമാകുന്നു. ഏകദേശം 25-30 വർഷം പ്രായമായ ഒരു റബ്ബർമരത്തിന്റെ ശരാശരി വണ്ണം 100-110 സെ.മീ. ആണെന്നിരിക്കെ ഇതിന്റെ പകുതിയോളം



*ഒമ്പതുമാസം പ്രായമായ തൈകൾക്ക് വളം ചെയ്യുന്ന രീതി*

**പട്ടിക 2. ഒന്നു മുതൽ നാലുവരെ വർഷം തൈകൾക്കുള്ള വളപ്രയോഗ ശുപാർശ**

| റബ്ബർ തൈ / മരങ്ങളുടെ പ്രായം | ഒരു ഹെക്ടറിൽ ഒരു വർഷം എൻ.പി.കെ. എം.ജി./ എൻ.പി.കെ. (കി.ഗ്രാം) | ഒരു തൈയ്ക്ക് / മരത്തിനുവേണ്ട നേർവളങ്ങൾ (ഗ്രാം) | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | യൂറിയ (46% നൈട്രജൻ) | | റോക്ക് ഫോസ്ഫേറ്റ് (18% ഫോസ്ഫേറ്റ്) | | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (60% പൊട്ടാഷ്) | | മഗ്നീഷ്യം സൾഫേറ്റ് (16% മഗ്നീഷ്യം) | |
| | | ഏപ്രിൽ /മെയ് | സെപ്റ്റംബർ / ഒക്ടോബർ | ഏപ്രിൽ /മെയ് | സെപ്റ്റംബർ / ഒക്ടോബർ | ഏപ്രിൽ /മെയ് | സെപ്റ്റംബർ / ഒക്ടോബർ | ഏപ്രിൽ /മെയ് | സെപ്റ്റംബർ / ഒക്ടോബർ |
| ഒന്നാം വർഷം | 20-20-8-3 | – | 100 | | 250 | | 30 | | 40 |
| രണ്ടാം വർഷം | 40-40-16-6 | 100 | 100 | 250 | 250 | 30 | 30 | 40 | 40 |
| മൂന്നാം വർഷം നാലാം വർഷം | 50-50-20-7.5 തോട്ടപ്പയർ നടാത്തപ്പോൾ | 120 | 120 | 300 | 300 | 40 | 40 | 50 | 50 |
| അഞ്ചാം വർഷം മുതൽ ടാപ്പുചെയ്യുന്ന മരങ്ങൾക്ക് (ഗ്രാം) | | | | | | | | | |
| അഞ്ചാം വർഷം മുതൽ ടാപ്പുചെയ്യുന്ന മരങ്ങൾക്ക് | 30-20-30 | 80 | 80 | 140 | 140 | 65 | 65 | | |

ആദ്യത്തെ വർഷങ്ങളിൽ തന്നെ എത്തുന്നു. പിന്നീടുള്ള വർഷങ്ങളിൽ വളർച്ചനിരക്ക് ആദ്യത്തെ വർഷങ്ങളെ അപേക്ഷിച്ച് കുറവാണ്. തന്മൂലം ആദ്യവർഷങ്ങളിൽ നല്ലതുപോലെ പരിചരണവും കൂടിയ അളവിൽ വളപ്രയോഗവും ആവശ്യമാണ്.

## പൊതുവളപ്രയോഗശുപാർശ

**പട്ടിക 3. അഞ്ചാം വർഷം മുതൽ ടാപ്പുചെയ്യുന്ന മരങ്ങൾക്ക് ഒരു ഹെക്ടർ സ്ഥലത്തേക്ക് ഒരുവർഷം വേണ്ട വളപ്രയോഗശുപാർശ (കി.ഗ്രാം)**

| നേർവളങ്ങൾ | | | വള മിശ്രിതങ്ങൾ | | കോംപ്ലക്സ് വളങ്ങൾ |
|---|---|---|---|---|---|
| യൂറിയ | രാജ് ഫോസ് | പൊട്ടാഷ് | 12:8:12 | 10:10:10 | അമോഫോസ് |
| 65 | 110 | 50 | 250 | 200* | 100** |

* 10:10:10 മിശ്രിതത്തിന്റെ കൂടെ 20 കി.ഗ്രാം യൂറിയയും 15 കി.ഗ്രാം മൂറിയേറ്റ് ഓഫ് പൊട്ടാഷും കൂടി ചേർക്കണം.
** അമോഫോസിന്റെ കൂടെ 20 കി.ഗ്രാം യൂറിയയും 50 കി.ഗ്രാം പൊട്ടാഷും കൂടി ചേർക്കണം.

മണ്ണ്, ഇല പരിശോധന നടത്താത്ത തോട്ടങ്ങളിലേക്കായി ഒരു പൊതുവളപ്രയോഗ ശുപാർശ റബ്ബർ ബോർഡു നൽകുന്നുണ്ട്.

## റബ്ബർ നടുമ്പോൾ

1. റബ്ബർ നടുന്ന കുഴിയിൽ 200 ഗ്രാം റോക്ക് ഫോസ്ഫേറ്റിനോടൊപ്പം 12 കി.ഗ്രാം കമ്പോസ്റ്റോ നന്നായി അഴുകിപൊടിഞ്ഞ ചാണകമോ കുഴികൾ മൂടുന്ന സമയത്ത് ചേർക്കണം.
2. റോക്ക് ഫോസ്ഫേറ്റ് കുഴിയുടെ മുകളിലത്തെ 20 സെ.മീ. മണ്ണുമായി നന്നായി കൂട്ടിക്കലർത്തണം.
3. കാൽസ്യത്തിന്റെ അളവ് വളരെ കുറഞ്ഞ, അതായത് ഒരു കിലോഗ്രാമിൽ 100 മില്ലി ഗ്രാമിൽ കുറവുള്ളതും അമ്ലത വളരെ കൂടിയ (പി.എച്ച്. മൂല്യം 4.5-ൽ കുറഞ്ഞ) മണ്ണാണെങ്കിൽ, കുഴിമൂടുന്ന സമയത്തോ നടീലിന് രണ്ടോ മൂന്നോ ആഴ്ച മുമ്പോ കുഴിയൊന്നിന് നീറ്റുകക്ക 250 ഗ്രാം അല്ലെങ്കിൽ ഡോളമൈറ്റ് 500 ഗ്രാം മണ്ണുമായി ഇളക്കി ചേർക്കണം. ഇങ്ങനെ ചെയ്യുമ്പോൾ രണ്ടു മൂന്നു നല്ല മഴ കിട്ടിയതിനു ശേഷം വേണം തൈകൾ നടാൻ.

ഈ വളങ്ങൾ രണ്ടു തുല്യ തവണകളായി ഏപ്രിൽ/മെയ്, സെപ്റ്റംബർ/ഒക്ടോബർ മാസത്തിൽ ചേർക്കുന്നത് നല്ലതാണ്.

ഇതുകൂടാതെ മണ്ണിൽ സിങ്കിന്റെ കുറവുള്ളപ്പോൾ 25 കി.ഗ്രാം ഒരു ഹെക്ടറിൽ സിങ്ക് സൾഫേറ്റ് പകുകാലഘട്ടത്തിൽ ഒറ്റ പ്രാവശ്യം മാത്രം ചേർക്കാവുന്നതാണ്.

അതുപോലെതന്നെ ബോറോണിന്റെ അളവ് മണ്ണിൽ കുറവാണെങ്കിൽ ബോറാക്സ് 10 കി.ഗ്രാം ഒരു ഹെക്ടറിൽ എന്ന കണക്കിൽ പകുകാലഘട്ടത്തിൽ ഒറ്റ പ്രാവശ്യം മാത്രം ചേർക്കാവുന്നതാണ്.

ഈസൂക്ഷ്മമൂലകങ്ങൾ (സിങ്കും ബോറോണും) പ്രധാന വളങ്ങൾ ചേർത്തതിനുശേഷം രണ്ടാഴ്ച കഴിഞ്ഞുവേണം ചേർക്കാൻ.

വലിയമരങ്ങൾക്ക് മഗ്നീഷ്യത്തിന്റെ കുറവുമൂലം സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ഇലകൾക്ക് മഞ്ഞളിപ്പ് കാണുകയാണെങ്കിൽ ഒരു ഹെക്ടറിന് 50 കി.ഗ്രാം മഗ്നീഷ്യം സൾഫേറ്റ് എന്ന കണക്കിന് ചേർത്തു കൊടുക്കാവുന്നതാണ്.

മണ്ണിന്റെ പി.എച്ച് മൂല്യം 5ൽ താഴെയും മണ്ണിൽ കാൽസ്യത്തിന്റെ അളവ് കുറവും ആണെങ്കിൽ പൊടിച്ച നീറ്റുകക്ക 1 മുതൽ 1.5 കി. ഗ്രാം വരെ മൂന്നുവർഷത്തിലൊരിക്കൽ എന്ന കണക്കിൽ ചേർത്തു കൊടുക്കാവുന്നതാണ്. പ്രധാന വളങ്ങൾ ചേർക്കുന്നതിന് 2-3 ആഴ്ച മുൻപ് വേണം നീറ്റുകക്ക ചേർത്തുകൊടുക്കാൻ. •




# റബ്ബർബോർഡ് സ്ഥാപകദിനം ആചരിച്ചു

റബ്ബർബോർഡ് ഏപ്രിൽ18 സ്ഥാപകദിനമായി ആചരിച്ചു. റബ്ബർബോർഡ് ചെയർമാൻ ഡോ. സവാർ ധനാനിയ ചടങ്ങുകൾക്ക് നേതൃത്വം നൽകി. റബ്ബർകൃഷി അതിലേർപ്പെട്ടിരിക്കുന്ന കർഷകരുടെ, പ്രത്യേകിച്ച് വടക്കുകിഴക്കൻ മേഖലയിലെ കർഷകരുടെ, ജീവിതനിലവാരത്തിൽ വലിയ മാറ്റമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. റബ്ബർബോർഡ് വെർച്വൽ ട്രേഡ് ഫെയറിന്റെ രണ്ടാം സീസണിന്റെ ഔപചാരിക ഉദ്ഘാടനവും ഡോ. ധനാനിയ നിർവ്വഹിച്ചു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ രാഘവൻ ആമുഖപ്രസംഗം നടത്തി. റബ്ബർ മേഖലയെ പ്രതിനിധാനം ചെയ്യുന്ന എല്ലാ വിഭാഗങ്ങളുടെയും വളർച്ചയും സന്തോഷവും ഉറപ്പാക്കേണ്ടത് മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് അത്യന്താപേക്ഷിതമണെന്നും റബ്ബർബോർഡ് ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

പ്രൊഫ. കെ.എസ്. ഫ്രാൻസിസ് (റബ്ബർ കർഷകനും ആർപിഎസ് പ്രസിഡന്റും), പ്രസാദ റാവു (ഡയറക്ടർ (ലൈവ്ലിഹുഡ്) ത്രിപുര), സന്തോഷ് കുമാർ (വൈസ് പ്രസിഡന്റ്, എച്ച്എംഎൽ), സതീഷ് എബ്രഹാം (പ്രസിഡന്റ്, ലാറ്റക്സ് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ), റോണി ജോസഫ് തോമസ് (പ്രസിഡന്റ്, ബ്ലോക്ക് റബ്ബർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ), ജോർജ് വാലി (പ്രസിഡന്റ്, ഇന്ത്യൻ റബ്ബർ ഡീലേഴ്സ് ഫെഡറേഷൻ), ശശി കുമാർ സിങ് (സീനിയർ വൈസ് പ്രസിഡന്റ്, എ.ഐ.ആർ.എ), രാജീവ് ബുദ്ധ്രാജ (സെക്രട്ടറി ജനറൽ, ആത്മ), പി. സുധ (ഡയറക്ടർ, ട്രെയിനിങ്) എന്നിവർ ചടങ്ങിൽ സംസാരിച്ചു.

രാജ്യത്തെ റബ്ബർകൃഷിയുടെ വ്യാപനം, റബ്ബറിന്റെ കയറ്റുമതി, ഇറക്കുമതി തുടങ്ങിയവ നിയന്ത്രിക്കുന്നതിനുള്ള ഇന്ത്യൻ റബ്ബർ കൺട്രോൾ ആക്ടിന് ബ്രിട്ടീഷ് ഇന്ത്യയുടെ ഗവർണ്ണർ ജനറൽ അനുവാദം കൊടുത്തത് 1934 ആഗസ്റ്റ് 31 - നാണ്. പിന്നീട് 1942 നവംബർ 23- ന് ഇന്ത്യൻ റബ്ബർ പ്രൊഡക്ഷൻ ബോർഡ് സ്ഥാപിതമായി. 1947- ഏപ്രിലിൽ ഇന്ത്യൻ റബ്ബർബോർഡ് രൂപവത്കരിക്കുതിനുള്ള വ്യവസ്ഥ ഉൾക്കൊണ്ടുള്ള പുതിയ റബ്ബർ ആക്ടിന് ഗവർണ്ണർ ജനറൽ അംഗീകാരം നൽകി. തുടർന്ന് ഈ ആക്ട് 1955-ൽ പരിഷ്കരിക്കുകയും (റബ്ബർ പ്രൊഡക്ഷൻ ആൻഡ് അമെൻഡ്മെന്റ് മാർക്കറ്റിങ് ആക്ട്) സ്ഥാപനത്തിന്റെ പേര് റബ്ബർബോർഡ് എന്ന് ആക്കുകയും ചെയ്തു. ഈ മാറ്റം 1955 ആഗസ്റ്റ് 1-നാണ് ഗസറ്റിൽ പ്രസിദ്ധം ചെയ്തത്.

റബ്ബർവ്യവസായത്തിന്റെ പുരോഗതി, ശാസ്ത്രീയവും സാങ്കേതികവും സാമ്പത്തികവുമായ മേഖലകളിലെ ഗവേഷണം, റബ്ബർകർഷകർക്ക് പരിശീലനങ്ങൾ നൽകൽ, സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കൽ, റബ്ബർതോട്ടങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കൽ, റബ്ബറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസർക്കാരിന് ആവശ്യമായ ഉപദേശങ്ങൾ നൽകൽ എന്നിവയെല്ലാമാണ് റബ്ബർബോർഡിന്റെ പ്രധാന പ്രവർത്തനമേഖലകൾ. ഇതു കൂടാതെ



റബ്ബർകൃഷി വ്യാപിപ്പിക്കുക, രാജ്യത്ത് റബ്ബറിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക, രോഗപ്രതിരോധശേഷി ഉള്ളതും ഓരോ പ്രദേശത്തിനും യോജിച്ചതുമായ റബ്ബറിനങ്ങൾ വികസിപ്പിച്ചെടുക്കുക, റബ്ബറിന്റെ രോഗങ്ങൾ കണ്ടുപിടിക്കുകയും പ്രതിരോധമാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുക, റബ്ബർമേഖലയിലുള്ളവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക, റബ്ബറുത്പാദകസംഘങ്ങളും ടാപ്പർ ബാങ്കുകളും സമൂഹ സംസ്കരണശാലകളും രൂപവത്കരിക്കുക, റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും വികസനത്തിനും വിപണനത്തിനും കയറ്റുമതിക്കും ആവശ്യമായ പ്രോത്സാഹനം നൽകുക, പ്രാദേശികഭാഷകളിൽ റബ്ബർകർഷകർക്കായി പ്രസിദ്ധീകരണങ്ങളും ഇതര വിജ്ഞാനവ്യാപനസഹായികളും തയ്യാറാക്കുക, അസോസ്സിയേഷൻ ഓഫ് നാച്ചുറൽ റബ്ബർ പ്രൊഡ്യൂസിങ് കൺട്രീസ് (എ.എൻ.ആർ.പി.സി.), ഇന്റർനാഷണൽ റബ്ബർ സ്റ്റഡി ഗ്രൂപ്പ് (ഐ.ആർ.എസ്.ജി.), ഇന്റർനാഷണൽ റബ്ബർ റിസേർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡ് (ഐ.ആർ.ആർ.ഡി.ബി.) തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കുക തുടങ്ങിയവയാണ് റബ്ബർബോർഡിന്റെ ഇതര ചുമതലകൾ.

റബ്ബറുത്പാദനത്തിന്റെ കാര്യത്തിൽ രാജ്യത്തെ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യവുമായി വിജ്ഞാനവ്യാപനം, ഗവേഷണം, പരിശീലനം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ ശ്രദ്ധേയമായ ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാൻ റബ്ബർബോർഡിന് കഴിഞ്ഞിട്ടുണ്ട്. 1950-ൽ 75000 ഹെക്ടറിൽ ഉണ്ടായിരുന്ന റബ്ബർകൃഷി 2021-ൽ എത്തിയപ്പോൾ 830000 ഹെക്ടർ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഉത്പാദനം 16000 മെട്രിക് ടണ്ണിൽ നിന്ന് 780000 മെട്രിക് ടണ്ണായി മാറി. പരമ്പരാഗതമേഖലകളിൽ നിന്ന് വടക്കുകിഴക്കൻ പ്രദേശങ്ങൾ അടക്കമുള്ള ഇതരമേഖലകളിലേക്ക് റബ്ബർകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു. നൂതന കൃഷിസമ്പ്രദായങ്ങൾ കൃഷിയിടങ്ങളിലെത്തിക്കുകയും ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു. റബ്ബറുത്പാദകസംഘങ്ങളുൾപ്പെടെ റബ്ബർ കർഷകരുടെ കൂട്ടായ്മകൾ രൂപവത്കരിച്ചതിലൂടെ റബ്ബർകൃഷിമേഖലയെ കൂടുതൽ കരുത്തുറ്റതാക്കാൻ കഴിഞ്ഞു. അത്യുത്പാദനശേഷിയുള്ള ഏഴ് റബ്ബറിനങ്ങൾ വികസിപ്പിച്ച് കൃഷിക്കായി നൽകി. രോഗനിയന്ത്രണത്തിനുള്ള ഓൺലൈൻ റബ്ബർക്ലിനിക്ക്, ജനിതകമാറ്റം വരുത്തിയ റബ്ബറിനങ്ങളുടെ വികസനം, റിമോട്ട് സെൻസിങ്ങും ജി.ഐ.എസ്. സാങ്കേതികവിദ്യയും ഉപയോഗിച്ച് റബ്ബർ കൃഷിചെയ്തിട്ടുള്ള പ്രദേശങ്ങൾ സംബന്ധിച്ച വിവരശേഖരണം, ഓൺലൈൻ വളപ്രയോഗ ശുപാർശ, ആർആർഐഐ 105-ന്റെ പൂർണ്ണമായ ജീനോം സ്വീക്വൻസിങ്, റബ്ബർ പ്രോഡക്ട് ഇൻക്യുബേഷൻ സെന്റർ, കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളിലെ ഹാനികരമായ രാസവസ്തുക്കൾ കണ്ടുപിടിക്കുതിനുള്ള റീച്ച് ലാബ്, അഡ്വാൻസ്ഡ് മോളിക്യുലാർ പ്ലാന്റ് പതോളജി ലാബ് തുടങ്ങിയവയെല്ലാം ഗവേഷണരംഗത്തെ സമീപകാലനേട്ടങ്ങളാണ്. കർഷകരുൾപ്പെടെ റബ്ബർ മേഖലയുടെ പരിശീലനാവശ്യങ്ങൾ നിറവേറ്റുന്നതിനായി പരിശീലനവിഭാഗത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ആയി ഉയർത്തി. റബ്ബർമേഖലയിൽ ആവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഇവിടെ നൽകി വരുന്നു. പി.എം.കെ.വി.വൈ. പരിശീലന പരിപാടിയിലൂടെ 62000 പേർക്ക് നൈപുണ്യവർദ്ധനയ്ക്കായി പരിശീലനങ്ങൾ നടത്തി. സമൂഹ റബ്ബർസംസ്കരണശാലകൾ തുടങ്ങുന്നതിന് സ്വകാര്യമേഖലയിൽ നിന്നുള്ള സംരംഭകത്വശ്രമങ്ങൾക്ക് തുടക്കമിട്ടു. ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽ ഇന്ത്യൻ റബ്ബറിനും റബ്ബറുത്പന്നങ്ങൾക്കും കൂടുതൽ സ്വീകാര്യതയും സാധ്യതയും നൽകുന്നതിനായി വെർച്വൽ ട്രേഡ് ഫെയർ ആരംഭിച്ചു. ഇ-വിപണി സംവിധാനവും ഉടൻ പ്രവർത്തനക്ഷമമാകും. പ്രമുഖ ടയർ കമ്പനികളുടെ സഹകരണത്തോടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പശ്ചിമ ബംഗാളിലുമായി രണ്ടുലക്ഷം ഹെക്ടറിൽ റബ്ബർകൃഷി വ്യാപിപ്പിക്കുതിനുള്ള പദ്ധതി, ജനിതകമാറ്റം വരുത്തിയ രണ്ട് റബ്ബറിനങ്ങളുടെ പരീക്ഷണങ്ങൾ, ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോം, റബ്ബർ സെൻസസ് എന്നിവയെല്ലാം ഇപ്പോൾ റബ്ബർബോർഡ് ഏറ്റെടുത്തിരിക്കുന്ന പുതിയ ദൗത്യങ്ങളാണ്. 2026 ആകുമ്പോൾ റബ്ബർകൃഷി വിസ്തൃതി ഇരട്ടിയാക്കുന്നതിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണ് ബോർഡ്. •

mRube

*An e market for natural rubber*

# റബ്ബർബോർഡിന്റെ 'ഇ-മാർക്കറ്റ്' ലോഗോ പ്രകാശനം ചെയ്തു

റബ്ബർബോർഡിന്റെ ഇ-വിപണനസംവിധാനമായ 'എംറൂബി' (mRube) യുടെ ലോഗോ പ്രകാശനം കോട്ടയം റബ്ബർബോർഡ് ഹെഡ് ഓഫീസിൽ സംഘടിപ്പിച്ച വിർചൽ മീറ്റിങ്ങിൽവെച്ച് ആട്ടോമോട്ടീവ് ടയർ മാനുഫാക്‌ചേഴ്‌സ് അസോസിയേഷൻ ചെയർമാൻ സതീഷ് ശർമ നിർവ്വഹിച്ചു. പ്രകൃതിദത്തറബ്ബറിന്റെ വ്യാപാരത്തിനായുള്ള ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോം കാലാനുസൃതമാണെന്നും ഇത് റബ്ബർബോർഡിന്റെ ശരിയായ ദിശയിലുള്ള ഇടപെടലാണെന്നും അദ്ദേഹം പറഞ്ഞു. ഇ-വിപണി ഉറപ്പാക്കുന്ന സുതാര്യത കൂടുതൽ ആത്മവിശ്വാസത്തോടെ വ്യാപാരം നടത്തുന്നതിന് ബന്ധപ്പെട്ട ഏവർക്കും പ്രേരകമാകുമെന്നും അദ്ദേഹം പറഞ്ഞു.

'ഇ-ട്രേഡ് പ്ലാറ്റ്ഫോം' റബ്ബർ ബോർഡിന്റെ ശ്രദ്ധേയമായ നേട്ടമാണെന്നും ഇതിലൂടെ രാജ്യത്തിന്റെ ഏത് വിദൂര കോണിലുള്ള കർഷകനും തന്റെ ഉത്പന്നങ്ങൾ വിൽക്കാൻ കഴിയുമെന്നും ചടങ്ങിൽ ആമുഖപ്രസംഗം നടത്തിയ റബ്ബർ ബോർഡ് ചെയർമാൻ ഡോ. സവർ ധനാനിയ പറഞ്ഞു. ഉത്പന്നത്തിന്റെ അന്തിമ വിലയുടെ 90 ശതമാനവും കർഷകന് ലഭിക്കുന്ന രാജ്യത്ത് നിലവിലുള്ള കരുത്തുറ്റ റബ്ബർ വ്യാപാരസംവിധാനം വീണ്ടും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമാണ് റബ്ബറിന്റെ ഇ-ട്രേഡിങ് പ്ലാറ്റ്ഫോമെന്ന് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ പറഞ്ഞു. ബോർഡ് വികസിപ്പിച്ച ഇ ട്രേഡിങ് സംവിധാനം സുതാര്യവും ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതും പേയ്മെന്റ് സുരക്ഷ ഉറപ്പാക്കുന്നതുമാണെന്നു അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ റബ്ബറിനെ വിപണികളിൽ കൂടുതലായി പരിചയപ്പെടുത്തുകയും വിപണനരീതിക്ക് കൂടുതൽ സുതാര്യത നൽകുകയും ചെയ്തുകൊണ്ട് നിലവിലുള്ള വ്യാപാരസംവിധാനത്തെ മെച്ചപ്പെടുത്തുന്നതിനാണ് ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോം ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഇ-ട്രേഡിങ് സംവിധാനത്തിലൂടെ നിലവിലുള്ള റബ്ബർവ്യാപാരികൾക്കും റബ്ബർസംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും നിർമ്മാതാക്കൾക്കും കൂടുതൽ വിദൂരസ്ഥലങ്ങളിൽനിന്നുപോലും പുതിയ വിൽപനക്കാരും ആവശ്യക്കാരും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മെയ് പകുതിയോടുകൂടി ഇ- വിപണി പ്രവർത്തനക്ഷമമാക്കാനാണ് റബ്ബർബോർഡ് ഉദ്ദേശിക്കുന്നത്.

രാജീവ് ബുദ്ധ്‌രാജ (ഡയറക്ടർ ജനറൽ, ആട്ടോമോട്ടീവ് ടയർ മാനുഫാക്‌ചേഴ്‌സ് അസോസിയേഷൻ), ശശി സിങ് (സീനിയർ വൈസ് പ്രസിഡന്റ്, ഓൾ ഇന്ത്യ റബ്ബർ ഇൻഡസ്ട്രീസ് അസോസിയേഷൻ), സതീഷ് എബ്രഹാം (പ്രസിഡന്റ്, അസോസിയേഷൻ ഓഫ് ലാറ്റക്സ് പ്രൊഡ്യൂസേഴ്‌സ്), റോണി ജോസഫ് തോമസ് (സെക്രട്ടറി, ഇന്ത്യൻ ബ്ലോക്ക് റബ്ബർ പ്രോസസേഴ്‌സ് അസോസിയേഷൻ), ജോർജ്ജ് വാലി (പ്രസിഡന്റ് , ഇന്ത്യൻ റബ്ബർ ഡീലേഴ്‌സ് ഫെഡറേഷൻ), ആർ. സഞ്ജിത്ത്( സെക്രട്ടറി, ഉപാസി), ഡോ. ബിനോയ് കുര്യൻ (ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്) റബ്ബർബോർഡ്) എന്നിവർ ചടങ്ങിൽ സംസാരിച്ചു.

മെച്ചപ്പെട്ട വിതരണശൃംഖല മൂലം ഇന്ത്യയിലെ പ്രകൃതിദത്തറബ്ബർവ്യാപാരമേഖലയ്ക്ക് ഉയർന്നതലത്തിലുള്ള കാര്യക്ഷമത ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മ, അളവ് തുടങ്ങിയവ സംബന്ധിച്ച് ഉപഭോഗമേഖലയിൽ നിന്നുള്ള ആവശ്യങ്ങളും രീതികളും മാറു




ന്നതനുസരിച്ച് റബ്ബർവിപണനസംവിധാനത്തിന് ഗണ്യമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഗുണമേന്മയുള്ള റബ്ബർ ഉത്പാദിപ്പിക്കുന്നവർക്ക് മെച്ചപ്പെട്ട വില കിട്ടുന്നു എന്നത് വലിയൊരു നേട്ടമാണ്. എങ്കിലും ഗ്രേഡ് ചെയ്യപ്പെടാത്ത റബ്ബറിന്റെ വലിയ അളവിലുള്ള വ്യാപാരവും രാജ്യത്ത് നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഉത്പാദകർക്ക് വിപണിയെക്കുറിച്ച് ശരിയായ അവബോധം ഇല്ലാത്തതിനാൽ മെച്ചപ്പെട്ട വില നേടാനുള്ള അവസരം നഷ്ടപ്പെടുന്നു. ഗുണമേന്മയുള്ള റബ്ബറിന്റെ ഗ്രേഡ് അനുസരിച്ച് അത് ആവശ്യമുള്ള യഥാർത്ഥ ഉപഭോക്താവിന് വിൽക്കാൻ പലപ്പോഴും കർഷകർക്കും സഹകരണ സംഘങ്ങൾക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യങ്ങളുണ്ട്. ഗുണമേന്മയുള്ള റബ്ബർ ഉത്പാദിപ്പിക്കുന്നതിൽനിന്ന് അവരെ പലപ്പോഴും പിന്തിരിപ്പിക്കുന്നതിന് ഇത് കാരണമാകുന്നു. റബ്ബർവ്യാപാരികളുടെ എണ്ണവും കുറയുന്നതായിട്ടാണ് കാണുന്നത്. 2000-ൽ രാജ്യത്ത് 10,512 റബ്ബർ വ്യാപാരിമാർ ഉണ്ടായിരുന്നു. അത് 2010-ൽ 9741 ആയി കുറയുകയും തുടർന്ന് 2020-ൽ 7135 എണ്ണമായി ചുരുങ്ങുകയും ചെയ്തിട്ടുണ്ട്. ഇത് ആശങ്കാജനകമായ ഒരു സ്ഥിതിവിശേഷമാണ്.

ഈ സാഹചര്യം കണക്കിലെടുത്താണ് പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തര വിതരണശൃംഖലയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് ഒരു 'ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോം' തുടങ്ങാൻ റബ്ബർബോർഡ് തയ്യാറായിരിക്കുന്നത്. ഇ-ട്രേഡ് പ്ലാറ്റ്ഫോമിന്റെ വികസനം അന്തിമഘട്ടത്തിലാണ്. ഉപയോക്താക്കൾ ഒരു തവണ മാത്രം രജിസ്ട്രേഷൻ നടത്തിയാൽ മതിയാകും. രജിസ്ട്രർ ചെയ്യുന്ന സമയത്ത് റബ്ബർബോർഡിൽനിന്ന് ലഭിച്ചിട്ടുള്ള ലൈസൻസ് നമ്പർ നൽകണം. അവരുടെ ബാക്കി വിശദാംശങ്ങൾ റബ്ബർബോർഡ് ലൈസൻസിങ് പോർട്ടലിൽ നിന്ന് സിസ്റ്റം തന്നെ ലഭ്യമാക്കുകയും ചെയ്യും. 'വൺ ടൈം പാസ്‌വേർഡ്' (ഒ.റ്റി.പി.) അടിസ്ഥാനമാക്കിയായിരിക്കും രജിസ്ട്രേഷൻ പ്രക്രിയ പൂർത്തീകരിക്കുക.

നിലവിലുള്ള റബ്ബർ വിപണനസമ്പ്രദായത്തിൽ വരാനിരിക്കുന്ന ചില പ്രശ്നങ്ങൾ കണ്ടുപിടിക്കാനുള്ള ശ്രമങ്ങളും ഇ-ട്രേഡ് പ്ലാറ്റ്ഫോമിന്റെ ഭാഗമായുണ്ട്. ഓട്ടോമൊബൈൽ ടയറുകൾ, ട്യൂബുകൾ, സർജിക്കൽ, ഫാർമസ്യൂട്ടിക്കൽ തുടങ്ങി നിർണായക പ്രാധാന്യമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണത്തിനായി റബ്ബർ ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും രാജ്യത്ത് വ്യാപാരം ചെയ്യുന്ന റബ്ബറിന്റെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിന് വ്യവസ്ഥാപിതമായ ഒരു ക്രമീകരണം ഇല്ലെന്നു പറയാം. നിർദ്ദിഷ്ട ഇലക്ട്രോണിക് വിപണന സംവിധാനത്തിൽ റബ്ബറിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഇത് പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തരവ്യാപാരത്തിൽ ഒരു മാറ്റത്തിന് കാരണമാകും. ഇതുകൂടാതെ, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി. എന്നീ ബാങ്കുകളുമായി ചേർന്ന് പേയ്മെന്റ് ഗേറ്റ്‌വേയും എസ്ക്രോ അക്കൗണ്ടും (escrow account) പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യവും ഈ പോർട്ടലിൽ റബ്ബർബോർഡ് ഒരുക്കിയിട്ടുണ്ട്. വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പണമിടപാടുകൾ സംബന്ധിച്ച അപകടസാധ്യത കുറയ്ക്കാൻ ഈ സംവിധാനം സഹായിക്കും.

ചരക്കുകളുടെ ഓൺലൈനായോ ഓഫ്‌ലൈനായോ ഉള്ള വ്യാപാരത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് വിൽപനക്കാർക്ക് 'സീറോ പലിശ നിരക്ക്'-ൽ അഡ്വാൻസ് നൽകാൻ ബാങ്കുകൾ തയ്യാറായിട്ടുള്ളത്. കൂടാതെ, ഇ-ട്രേഡ് പ്ലാറ്റ്ഫോമിന്റെ ഉപയോക്താക്കൾക്ക് അവരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം, ചരക്കിന്റെ തൂക്കം, റബ്ബറിന്റെ ഗ്രേഡ്, ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ മുതലായവ മനസ്സിലാക്കി വാങ്ങുന്നവരെയും വിൽക്കുന്നവരെയും വിലയിരുത്താനും കഴിയും. ഉത്പന്നങ്ങൾ വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും അവരുടെ ഓഫറുകൾ അപ്‌ലോഡ് ചെയ്യാം. വ്യാപാരം ഉറപ്പിക്കുന്നതിന് മുമ്പ് 'കൗണ്ടർ-ഓഫറുകൾ' നൽകുന്നതിനുള്ള വ്യവസ്ഥയുമുണ്ട്. 'എം പാനൽ' ചെയ്ത വെണ്ടർമാരിൽ നിന്നുള്ള വാങ്ങലുകൾക്ക് വ്യക്തിഗതമാക്കിയ വ്യാപാരപേജുകൾ ലഭ്യമാണ്. 'ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ്' ഉപയോഗിച്ചുള്ള നിയമവിധേയമായ വ്യാപാരക്കരാറുകൾ ഉണ്ടാക്കാൻ കഴിയുമെന്നത് ഈ സംവിധാനത്തിന്റെ ഒരു സവിശേഷതയാണ്. 'ഇ-മാർക്കറ്റ്' മൊബൈൽ ആപ്ലിക്കേഷനും തയ്യാറായിക്കൊണ്ടിരിക്കുന്നു. •




കെ. സുരേഷ് ബാബു
മാർക്കറ്റിങ് ഓഫീസർ

# വെർച്വൽ ട്രേഡ് ഫെയർ

## • രണ്ടാം സീസൺ തുടങ്ങി

രാജ്യത്തെ പ്രകൃതിദത്തറബ്ബർ ഉപയോഗിച്ചു നിർമിക്കുന്ന ഉത്പന്നങ്ങൾ ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽ പരിചയപ്പെടുത്തുന്നതിനും അതുവഴി വ്യാപാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി 2021 ഒക്ടോബറിൽ ആരംഭിച്ച റബ്ബർബോർഡ് വെർച്വൽ ട്രേഡ് ഫെയർ (വി.റ്റി.എഫ്.) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമി-ന്റെ രണ്ടാം സീസൺ 2022 ഏപ്രിൽ മാസം ആരംഭിച്ചു. റബ്ബർബോർഡ് ചെയർമാൻ ഡോ. സവർധനാനിയ ആണ് രണ്ടാം സീസൺ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത്. വാഹനങ്ങളുടെ ടയർ മുതൽ റബ്ബർബാൻഡ് വരെയുള്ള വിവിധ റബ്ബറുത്പന്നങ്ങൾ ഇത്തവണത്തെ മേളയിൽ പ്രദർശനത്തിനുണ്ട്. അടുത്ത ആറു മാസക്കാലത്തേക്ക് ഈ ഫെയർ സജീവമായിരിക്കും. പങ്കാളികളുടെ താൽപര്യാർത്ഥം സ്റ്റാളുകളുടെ എണ്ണം രണ്ടാം സീസണിൽ 200 ആയി ഉയർത്തിയിട്ടുണ്ട്. തുടക്കത്തിൽ ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ 120 സ്റ്റാളുകളാണ് റജിസ്റ്റർ ചെയ്തത്.

വെർച്വൽ ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നവർക്ക് അവരുടെ ഉത്പന്നങ്ങൾ ചെലവുകുറഞ്ഞ ഈ സംവിധാനത്തിലൂടെ പരിചയപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്നു. റബ്ബറുത്പന്നനിർമ്മാതാക്കൾക്കും കയറ്റുമതിക്കാർക്കും റബ്ബർമേഖലയുമായി ബന്ധപ്പെട്ട മറ്റുള്ളവർക്കും പ്രയോജനം ചെയ്യുന്നതാണ് ഈ ഡിജിറ്റൽ പ്ലാറ്റ്ഫോം. പ്രകൃതിദത്തറബ്ബർ ഉപയോഗിച്ചു നിർമിക്കുന്ന ഏതാണ്ട് 35000-ൽ പരം ഉത്പന്നങ്ങൾ ഉണ്ട്. വെർച്വൽ വിപണനമേളയിൽ (Virtual Trade Fair) സ്റ്റാളുകളെ ആട്ടോമൊബൈൽ ടയറുകളും ട്യൂബുകളും (Automobile Tyres & Tubes), പ്രകൃതിദത്ത റബ്ബർ - അസംസ്കൃത റബർ (Natural Rubber - Raw Rubber), റബ്ബർ ബെൽറ്റിങ്ങുകൾ (Rubber Beltings), റബ്ബർ മാറ്റ് (Rubber Mat), റബ്ബർ ഫുട്‌വെയർ (Rubber Footwear), റബ്ബർപാലിൽ നിന്നുള്ള ഉത്പന്നങ്ങൾ (Latex Based Rubber Products), ഫാം ഉത്പന്നങ്ങൾ (Farm Products), റബ്ബർ ഹോസുകൾ (Rubber Hoses), സർജിക്കൽ & ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ (Surgical & Pharmaseutical Product), മറ്റു റബ്ബറുത്പന്നങ്ങൾ (Other Rubber Products) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഈ ഡിജിറ്റൽ വിപണന മേളയിൽ പ്രവേശി



ക്കുന്നവർക്ക് വിവിധങ്ങളായ സ്റ്റാളുകൾ സന്ദർശിച്ച് ഇഷ്ടാനുസരണം അവരുടെ ഉത്പന്നങ്ങളുടെ വിപണന സാധ്യത വിപുലീകരിക്കാൻ കഴിയും.

ആദ്യ സീസണിൽ പങ്കെടുത്തവരിൽ ഏറെപ്പേരും അവരുടെ സ്റ്റാളുകൾ രണ്ടാം സീസണിലും തുടരുന്നുണ്ട്. നമ്മുടെ രാജ്യത്ത് ആഭ്യന്തരമായി ഉത്പാദിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന ഉത്പങ്ങളുടെ പ്രോത്സാഹനത്തിനായി ഭാരതസർക്കാരിന്റെ കീഴിലുള്ള കമ്മോഡിറ്റി ബോർഡുകളിൽ ഇത്തരത്തിലൊരു വെർച്വൽ ട്രേഡ് ഫെയർ ആദ്യമായി നടത്തുന്നത് റബ്ബർബോർഡാണ്.

സ്റ്റാളുകളിൽ കമ്പനിയുടെ പേരുവിവരങ്ങളോടൊപ്പം ലോഗോ/എംബ്ളം (Logo/Emblem), കമ്പനിയുടെ വിവരങ്ങളടങ്ങുന്ന പ്രൊഫൈൽ (profile), ഉത്പന്നങ്ങളുടെ ഫോട്ടോ, അവയുടെ വിവരണങ്ങൾ, സാങ്കേതിക മാനദണ്ഡങ്ങൾ (specifications), പേരുവിവരങ്ങളടങ്ങുന്ന കാറ്റലോഗ് (catalogue), ബ്രോഷർ, ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ, ബിസിനസ്സ് കാർഡ്, തുടങ്ങിയവയെല്ലാം വെർച്വൽ ട്രേഡ് ഫെയറിൽ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം റബ്ബർബോർഡ് ഒരുക്കിയിട്ടുണ്ട്. സ്റ്റാൾ സന്ദർശകന് ഈ മേളയിലെ യോഗങ്ങൾക്കായുള്ള 'മീറ്റിങ് റൂമിൽ' (meeting room) കയറാനും ഉത്പന്ന നിർമ്മാതാക്കളുമായി ആശയവിനിമയം നടത്തുന്നതിനും യോഗങ്ങൾ ഓൺലൈനായി കൂടുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്. ആഭ്യന്തര-അന്താരാഷ്ട്രതലത്തിലുള്ള സന്ദർശകർക്കും സ്റ്റാൾ ഉടമകൾക്കും മീറ്റിങ് കൂടുന്നതിനുള്ള അവസരം ഈ പ്ലാറ്റ്ഫോമിലുള്ളതിനാൽ ഈ മേഖലയിൽ വിദേശത്തുള്ള പങ്കാളികളെ കൂടി ആകർഷിക്കുന്നു. കൂടാതെ ഉത്പന്നനിർമ്മാതാക്കൾക്ക് അവരുടെ 'ബ്രാന്റ് ഇമേജ്' (brand image) വർദ്ധിപ്പിക്കാൻ ഈ പ്ലാറ്റ്ഫോം സഹായിക്കും.

കോവിഡ് കാലത്തും വിപണിയിലെ കയറ്റുമതി വിഹിതം പൂർവ്വസ്ഥിതിയിൽ നിലനിർത്തുന്നതിന് റബ്ബർ മേഖലയ്ക്ക് കഴിഞ്ഞതിന് റബ്ബർബോർഡിന്റെ വെർച്വൽ ട്രേഡ് ഫെയർ സഹായിച്ചതായി റബ്ബറുത്പന്ന നിർമ്മാതാക്കൾ സാക്ഷ്യപ്പെടുത്തുന്നു. ആഗോള വ്യാപാരരംഗത്ത് റബ്ബറുത്പന്നങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യയ്ക്ക് പ്രമുഖ സ്ഥാനമുണ്ട്. ആകെ കയറ്റുമതിയിൽ 1.06 ശതമാനം റബ്ബർമേഖല കയ്യാളുന്നു. ഇന്ത്യയുടെ കയറ്റുമതിലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് റബ്ബർബോർഡിന്റെ വെർച്വൽ ട്രേഡ് ഫെയർ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എം എസ് എം ഇ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് (MSME) അന്താരാഷ്ട്രവിപണിയിൽ സാന്നിധ്യം അറിയിക്കുന്നതിന് ഇതുപോലുള്ള ഓൺലൈൻ സംവിധാനങ്ങൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയും. റബ്ബർബോർഡിന്റെ വെർച്വൽ ട്രേഡ് ഫെയറിൽ സന്ദർശനം നടത്തുന്നതിന് https://vtf.rubberboard.org.in/rubberboard എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്. സ്റ്റാൾ രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെ ഈ വെർച്വൽ ട്രേഡ് ഫെയറുമായി ബന്ധപ്പെട്ട മുഴുവൻ സംശയനിവാരണങ്ങൾക്കും റബ്ബർ ബോർഡിന്റെ മാർക്കറ്റ് പ്രമോഷൻ ഡിവിഷനുമായി ബന്ധപ്പെടുക. (Tel: 0481-2353311 - Ext. - 219, 0481-2353790, E-mail : vtf2021@rubberboard.org) •







എലിസബത്ത് വി.ചെറിയാൻ
ഫീൽഡ് ഓഫീസർ

# റബ്ബർമരങ്ങളെ കുട ചൂടിക്കാം

**മഴമൂലം ടാപ്പിങ്ദിനങ്ങൾ നഷ്ടപ്പെട്ടാൽ റബ്ബർമരങ്ങളിൽനിന്നുള്ള ആദായം കുറയും. അതിനാൽ റബ്ബർമരങ്ങൾ റെയിൻ ഗാർഡ് ചെയ്യേണ്ടത് അത്യാവശ്യമാണ്. സ്ഥിരമായി മരങ്ങൾ റെയിൻഗാർഡ് ചെയ്യുന്ന ഒരു കർഷകനെക്കുറിച്ചും വിവിധതരം റെയിൻഗാർഡുകളെക്കുറിച്ചും, റെയിൻഗാർഡ് ചെയ്ത് മരങ്ങൾ ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ലേഖനത്തിൽ പ്രതിപാദിക്കുന്നു.**

റബ്ബർമരങ്ങളിൽനിന്ന് മികച്ച ഉത്പാദനം ലഭിക്കാൻ കൃത്യമായ ഇടവേള കൊടുത്ത് വർഷം മുഴുവൻ റബ്ബർ മരങ്ങൾ ടാപ്പു ചെയ്യേണ്ടതുണ്ട്. ടാപ്പിങ് ദിനങ്ങൾ നഷ്ടപ്പെടാതെ നോക്കേണ്ടത് ഉത്പാദനം കുറയാതിരിക്കാൻ അത്യാവശ്യമാണ്. കേരളത്തിലെ മഴക്കാലം പ്രധാനമായും കാലവർഷവും തുലാവർഷവും ആയിരുന്നു. എന്നാൽ, കഴിഞ്ഞ ചില വർഷങ്ങളായി കാലാവസ്ഥാവ്യതിയാനം മൂലം അതിവർഷവും അനാവൃഷ്ടിയും സാധാരണമായി. കഴിഞ്ഞവർഷം ഡിസംബർ വരെയുള്ള മാസങ്ങളിൽ കേരളമാകെ മഴ ലഭിക്കുകയുണ്ടായി. മഴ മൂലം റെയിൻ ഗാർഡ് ചെയ്യാത്ത മരങ്ങളിൽ ടാപ്പിങ് നടന്നതുമില്ല. ഇത്



*കെ.പി. ജോസഫ് തന്റെ തോട്ടത്തിൽ*

ഉത്പാദനക്ഷമതയെ ബാധിച്ചിട്ടുണ്ട് എന്നാൽ യഥാസമയം റെയിൻഗാർഡു ചെയ്ത തോട്ടങ്ങളിൽനിന്ന് നല്ല ആദായം ലഭിച്ചതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. മരങ്ങോലി കൊഴുപ്പൻകുറ്റി കെ.പി. ജോസഫ് വർഷങ്ങളായിതോട്ടത്തിലെ എല്ലാ മരങ്ങളും റെയിൻഗാർഡ് ചെയ്യുന്ന കർഷകനാണ്. പ്ലാസ്റ്റിക് ഉപയോഗിച്ച് എല്ലാ വർഷവും ഏപ്രിൽ-മെയ് മാസങ്ങളിൽതന്നെ മരങ്ങൾ റെയിൻഗാർഡ് ചെയ്യുന്ന അദ്ദേഹത്തിന്റെ തോട്ടത്തിൽ തീവ്രമഴയുള്ളപ്പോഴല്ലാതെ ടാപ്പിങ്ദിനങ്ങൾ നഷ്ടമാകുന്നില്ല. ഈ തോട്ടത്തിൽനിന്ന് ഹെക്ടർപ്രതി 1900 കിലോഗ്രാമിൽ കുറയാത്ത ഉത്പാദനം ലഭിക്കുന്നുണ്ട്. റബ്ബർവില ഏറ്റക്കുറച്ചിൽ നേരിടുന്ന ഈ കാലത്ത് കർഷകർക്ക് അവരുടെ തോട്ടങ്ങളിൽനിന്ന് പരമാവധി ഉത്പാദനം ലഭിക്കണമെങ്കിൽ കൃത്യ സമയത്തു തന്നെ മരങ്ങൾ റെയിൻഗാർഡ് ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം പറയുന്നു.

കർഷകന് കൂടുതൽ ഉത്പാദനം ലഭിക്കുന്നതിനൊപ്പം ടാപ്പിങ്തൊഴിലാളികൾക്ക് വർഷംമുഴുവൻ തൊഴിൽ ലഭ്യമാകുന്നതിനും അവരെ ഈ മേഖലയിൽ ഒരു പരിധിവരെ നിലനിർത്തുന്നതിനും റെയിൻഗാർഡിങ് ഉപകരിക്കും. തൊഴിലാളികൾക്ക് റെയിൻഗാർഡിങ് ഒരു ഉപജീവനമാർഗവുമാണ്. റെയിൻഗാർഡ് പിടിപ്പിച്ചാൽ പട്ടയ്ക്കു കേടുസംഭവിച്ച് മരങ്ങൾ മരച്ചുപോകും എന്ന ധാരണ ചിലർക്കിടയിലുണ്ട്. ഇത് ശരിയല്ല. പലപ്പോഴും പട്ടചീയലിനെ പട്ടമരപ്പായി കർഷകർ തെറ്റിദ്ധരിക്കാറുണ്ട്. മഴക്കാലത്ത് ടാപ്പു ചെയ്യുമ്പോൾ, പട്ടചീയൽ (കുമിൾ രോഗം) ഉണ്ടാകാൻ സാധ്യതയുണ്ട്. പട്ടചീയൽ തടയുന്നതിനായി, മഴക്കാലത്തു ടാപ്പുചെയ്യുന്ന മരങ്ങളുടെ വെട്ടുചാലും തൊട്ടുചേർന്ന പട്ടയും കുമിൾനാശിനി ലായനി ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ കഴുകണം. ഇതിനായി മാങ്കോസെബ് 0.37% (ഇൻഡോഫിൻ എം. 45 അഥവാ ഡൈതേൻ എം. 45 അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയത്) ഉപയോഗിക്കാം. വളവും രാസവസ്തുക്കളും വില്ക്കുന്ന കടകളിലും റബ്ബർ ബോർഡു കമ്പനികളിലും ഈ കുമിൾനാശിനി ലഭ്യമാണ്. ബ്രഷുപയോഗിച്ച് വെട്ടുചാലിലും മുകളിൽ പുതുതായി വെട്ടിയിറങ്ങിയ ഭാഗത്തും രണ്ടിഞ്ചു വീതിയിൽ കുമിൾനാശിനി ലായനി നന്നായി പുരട്ടിക്കൊടുത്താൽ മതി. അല്ലെങ്കിൽ ഒരു കമ്പിന്റെ അറ്റത്ത് തുണിക്കഷണം ചുറ്റിക്കെട്ടി ലായനിയിൽ മുക്കി പട്ട നന്നായി ഉരച്ചുകഴുകുക. മഴക്കാലം കഴിയുന്നതുവരെ ആഴ്ചയിൽ ഒരിക്കൽ ഈ നടപടി ആവർത്തിക്കണം.

പല പ്രദേശങ്ങളിലും റബ്ബറുത്പാദകസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളും ലേബർ ബാങ്കുകളും റെയിൻഗാർഡിങ് ഏറ്റെടുത്തു നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ കർഷകർ തയ്യാറായാൽ റെയിൻഗാർഡിങ് കൃത്യസമയത്ത് നടപ്പാക്കാൻ കഴിയും. റെയിൻഗാർഡ് ചെയ്ത മരങ്ങളിൽ 15–25% വരെ അധികവിളവ് ലഭിക്കുന്നതായി കാണുന്നു. മണ്ണിൽ ഈർപ്പം ഉള്ളപ്പോഴാണ് ഉത്പാദനം കൂടുതലായി ലഭിക്കുന്നത്. മഴക്കാലത്ത് രാവിലെ മഴമൂലം ടാപ്പിങ് നടന്നില്ലെങ്കിൽ റെയിൻഗാർഡിങ് കൊണ്ട് കാര്യമായ പ്രയോജനമില്ല. അങ്ങനെയുള്ളപ്പോൾ ചൂട് കുറവായതിനാൽ മഴയ്ക്കുശേഷം അൽപം വൈകിയാണെങ്കിലും ടാപ്പുചെയ്താൽ ആദായ നഷ്ടം ഒഴിവാക്കാം.

പോളിത്തീൻഷീറ്റുകൊണ്ടുള്ള 'പാവാട' റെയിൻഗാർഡ്, കിസാൻ റെയിൻഗാർഡ്, ഗാർഡിയൻ റെയിൻഗാർഡ്, ടാപ്പിങ്ഷേഡ് എന്നിങ്ങനെ പല തരത്തിലുള്ള റെയിൻഗാർഡുകൾ പിടിപ്പിക്കുന്നതിന് ചെലവ് താരതമ്യേന കുറവാണ്. എന്നാൽ അവ ഒരു വർഷത്തിലധികം നിലനിൽക്കാറില്ല. ടാപ്പിങ്ഷേഡിന് ചെലവേറുമെങ്കിലും സൂക്ഷിച്ചാൽ രണ്ടുമൂന്നു വർഷംകൂടി തുടർന്നും ഉപയോഗിക്കാം എന്നൊരു മെച്ചമുണ്ട്.

വിലയിലെ ഏറ്റക്കുറച്ചിൽ മാത്രമല്ല തോട്ടത്തിന്റെ ഉത്പാദനക്ഷമതയുംകൂടിയാണ് റബ്ബർകൃഷിയുടെ ലാഭനഷ്ടങ്ങളെ നിശ്ചയിക്കുന്നത് എന്ന സത്യം മനസ്സിലാക്കി മഴക്കാലത്ത് ഉയർന്ന ഉത്പാദനം എടുക്കത്തക്കവണ്ണം റബ്ബർമരങ്ങൾക്ക് ഇപ്പോൾതന്നെ കുട ചൂടിക്കാം. വിവിധതരം റെയിൻഗാർഡുകളെക്കുറിച്ച് താഴെ വിവരിക്കുന്നു.

## പാവാട റെയിൻഗാർഡ്

300 ഗേജ് കനവും 45 സെന്റിമീറ്റർ വീതിയുമുള്ള പോളിത്തീൻ ഷീറ്റാണ് പാവാട റെയിൻഗാർഡിന് ഉത്തമം. പോളിത്തീൻ ഒരു തയ്യൽമെഷീന്റെ സഹായ



ത്തോടെ തുല്യഅകലത്തിലുള്ള ചെറിയ ഞൊറികളിട്ട് തയ്ക്കുക. ഇങ്ങനെ തയ്ക്കുമ്പോൾ പ്ലാസ്റ്റിക്കിന്റെ അരികിൽനിന്ന് ഒരു സെ.മീ മാത്രം ഉള്ളിലേക്ക് മാറ്റി തയ്ക്കാൻ ശ്രദ്ധിക്കണം. ഒരു മീറ്റർ പോളിത്തീൻ ഞൊറിയിട്ടു കഴിയുമ്പോൾ 60 സെ. മീ ആയി ചുരുങ്ങണം. ഇങ്ങനെ ഞൊറിയിട്ടടിച്ച പോളിത്തീൻ ഉപയോഗിച്ച് റെയിൻ ഗാർഡു ചെയ്താൽ അത് മരത്തിൽനിന്നകന്ന് വിടർന്നു നിൽക്കു. പോളിത്തീൻഷീറ്റ് ഞൊറിയിട്ട് തയ്ച്ച് റോളുകളായി ചുരുട്ടിവച്ചശേഷം ഓരോ മരത്തിനും ആവശ്യമായ നീളത്തിൽ മുറിച്ചെടുത്താൽ മതി. വെട്ടുചാലിൽനിന്ന് പത്തുസെ.മീറ്റർ മുകളിലായി, അതിനു സമാന്തരമായി ഏകദേശം അഞ്ചു സെ. മീ വീതിയിൽ പാൽ പൊടിയാത്തവിധം മൊരി ചുരണ്ടി മിനുസമാക്കുക. അതിനു ശേഷം ഈ ഭാഗത്തെ പൊടി തുടച്ചു നീക്കിയാൽ പശ ഒട്ടിപ്പിടിക്കുന്നതിനുള്ള തടസം ഒഴിവാക്കാനാകും. മുൻകാനയ്ക്കും പിൻകാനയ്ക്കും ഇരുവശങ്ങളിലേയ്ക്ക് 15 സെന്റിമീറ്റർ വീതം കടത്തിവേണം മൊരി ചുരണ്ടാൻ. മൊരി ചുരണ്ടിയ ഭാഗത്ത് 4-5 സെന്റീമീറ്റർ വീതിയിൽ കനം കുറച്ച് പശ തേച്ചുപിടിപ്പിക്കണം. പശ പുരട്ടിയ ഭാഗത്ത്, താഴത്തെ പകുതിയിൽ ഞൊറിയിട്ട് തയ്യാറാക്കിയ പോളിത്തീൻഷീറ്റ് വച്ചുറപ്പിക്കുക. ഇതിനു മുകളിലായി പ്ലാസ്റ്റിക് നാടയുടെ പകുതിഭാഗം ഞൊറിയിട്ട പോളിത്തീൻഷീറ്റിന്റെ ഉപരിതലത്തിലും ബാക്കി പകുതി പശ പുരട്ടിയ മുകൾഭാഗത്തും വരത്തക്കവിധം വച്ചശേഷം പിൻകാനഭാഗത്ത് സ്റ്റേപ്ലർ പിന്നടിച്ച് മുൻകാനഭാഗത്തേക്ക് നാട വലിച്ചുമുറുക്കി മുൻകാനഭാഗത്തും ഇടഭാഗങ്ങളിലും സ്റ്റേപ്ലർപിന്നുപയോഗിച്ച് ഉറപ്പിക്കുക, ഇങ്ങനെ ഒരു മരത്തിൽ പോളിത്തീൻഷീറ്റ് പിടിപ്പിക്കുന്നതിന് 4 മുതൽ 6 വരെ പിന്നുകൾ ആവശ്യമാണ്. അതിനുശേഷം റെയിൻ ഗാർഡ് ഒട്ടിച്ച ഭാഗത്തും അതിനു മുകളറ്റങ്ങളിലും വീണ്ടും നല്ലതുപോലെ പശ തേച്ചുപിടിപ്പിച്ച് റെയിൻഗാർഡിങ് പൂർത്തിയാക്കണം. ആദ്യത്തെ മഴയ്ക്കുശേഷം ഏതെങ്കിലും മരങ്ങളിൽ ചോർച്ചയുണ്ടോ എന്ന് പരിശോധിക്കുക. നല്ല വെയിലുള്ള ദിവസം ആ മരങ്ങളിൽ ചോർച്ചയുള്ള ഭാഗത്ത് വീണ്ടും പശതേച്ച് ചോർച്ച തടയണം. ടാപ്പിങ് വേളയിൽ പോളിത്തീൻഷീറ്റ് പൊക്കി ടാപ്പുചെയ്തശേഷം വീണ്ടും പോളിത്തീൻഷീറ്റ് താഴ്ത്തി ടാപ്പിങ്പാനൽ മൂടേണ്ടതാണ്. ഗാർഡിയൻ, റെയിൻ ഗാർഡ്, കിസാൻ റെയിൻഗാർഡ് എന്നിവ പോളിത്തീൻ ഷീറ്റ് ഒട്ടിക്കുന്ന രീതിയിൽ തന്നെ മരത്തിൽ പിടിപ്പിക്കാവുന്നതാണ്. വീതി കൂടിയ ഭാഗം ചിരട്ടയുടെ മുകളിൽ വരത്തക്കരീതിയിൽ വേണം ഒട്ടിക്കാൻ.

## ടാപ്പിങ്ഷേഡ്

മരങ്ങളുടെ വണ്ണത്തിനനുസരിച്ച് യോജിച്ച ഷേഡുകൾ വാങ്ങി റെയിൻഗാർഡു ചെയ്യാവുന്നതാണ്. പിൻകാനയിൽനിന്ന് 15 സെ. മീ ഉയരത്തിൽ മരത്തിന്റെ ചുറ്റളവിലായി ഷേഡിന്റെ ഹൂഡ് ചിരട്ടയുടെ മുകളിൽ വരത്തക്കവിധമാണ് ടാപ്പിങ്ഷേഡ് പിടിപ്പിക്കേണ്ടത്. ടാപ്പിങ്ഷേഡ് പശ ഉപയോഗിച്ച് ഒട്ടിക്കാതെ മൂന്നോ നാലോ സ്റ്റേപ്ലർപിൻ മാത്രം അടിച്ച് മരത്തിൽ ഉറപ്പിച്ചാൽ മഴക്കാലം കഴിയുമ്പോൾ കേടുകൂടാതെ ഇളക്കിയെടുത്തു സൂക്ഷിക്കാൻ എളുപ്പമായിരിക്കും. ഷേഡിനു മുകളിൽ 12 സെ. മീറ്റർ വീതിയിൽ മുറിച്ചെടുത്ത പോളിത്തീൻഷീറ്റ് ഒരു തൊപ്പിപോലെ ഒട്ടിച്ചു പിടിപ്പിക്കേണ്ടിവരും. വീതി കുറഞ്ഞ ഈ പോളിത്തീൻഷീറ്റ് പാവാട റെയിൻഗാർഡ് പിടിപ്പിക്കുന്നതുപോലെ തന്നെ മരത്തിൽ ഒട്ടിക്കാം. വെട്ടുപട്ടയ്ക്ക് കാറ്റും വെളിച്ചവും



ഏൽക്കാൻ സഹായിക്കുമെന്നതും കൂടുതൽ വർഷം ഉപയോഗിക്കാൻ സാധിക്കുമെന്നതും ടാപ്പിങ്ഷേഡിന്റെ മേന്മകളാണ്. അതിനാൽ ഇത്തരം റെയിൻഗാർഡുകൾ ഉപയോഗിക്കുമ്പോൾ വെട്ടുപട്ടയിൽ പട്ടചീയൽ പോലുള്ള കുമിൾരോഗങ്ങൾ പിടിപെടാനുള്ള സാധ്യത കുറവായിരിക്കും.

## കിസാൻ റെയിൻഗാർഡ്



ആകൃതിപരമായി ഇവ ഷേഡിന്റേയും പോളിത്തീൻ പാവാടയുടെയും സങ്കരഉത്പന്നമാണെന്നു പറയാം. ഇവയ്ക്ക് ടാപ്പിങ് പട്ടയുടെ (വെട്ടുപട്ടയുടെ) ഭാഗത്ത് ശരാശരി 20 സെ.മീ വീതിയും ചിരച്ചഭാഗത്ത് 40 സെ.മീ വീതിയുമുണ്ട്. ഈ ആകൃതി, ആയതിനാൽ കാറ്റോടുകൂടിയ മഴ പെയ്താലും വെട്ടുപട്ടനനയാറില്ല. കൂടാതെ ശരിയായ വായുസഞ്ചാരം ലഭിക്കാനും സഹായിക്കും. നിർമ്മാണസമയത്തുതന്നെ ഞൊറി ഇടുന്നതിനാൽ ഇവ മരത്തിലേക്ക് നേരിട്ടുപിടിപ്പിക്കാം. 32, 36, 42 ഇഞ്ച് അളവുകളിലാണ് സാധാരണമായി ഇവ കമ്പോളത്തിൽ ലഭിക്കുന്നത്. പോളിത്തീൻ പാവാട പിടിപ്പിക്കുന്നതുപോലെ തന്നെയാണ് ഈയിനം റെയിൻഗാർഡും മരത്തിൽ പിടിപ്പിക്കുന്നത്. 250 ഗേജ് കനമുള്ള എച്ച്.എം.എച്ച്.ഡി.പി.ഇ അസ്സൽ പോളിത്തീൻ ഉപയോഗിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. •





കെ.പി. സജീവ്
ഡെപ്യൂട്ടി ഡയറക്ടർ



റ്റോംസൺ ഫ്രാൻസിസ്
മെക്കാനിക്കൽ എഞ്ചിനീയർ

2

# പുകപ്പുരകൾ – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരമ്പരാഗതരീതിയിൽ കട്ടയും സിമന്റും ഉപയോഗിച്ച് പണിയുന്ന 'മേസനറി' പുകപ്പുര കൾക്ക് മികച്ച താപക്ഷമതയുണ്ട് . ഇവ കൂടുതൽ കാലം നിലനിൽക്കും.

എന്നാൽ, 50 മുതൽ 150 വരെ ഷീറ്റുകൾ ഉൾക്കൊള്ളാൻ കഴിയുന്ന ചെറിയ പുകപ്പുര കൾ ആവശ്യമുള്ളവർക്ക് ഇത് പ്രായോഗികമല്ല. പ്രതിദിനം 20 മുതൽ 30 വരെ ഷീറ്റുകൾ ഉത്പാദിപ്പിക്കുന്ന ചെറുകിടകർഷകർക്ക് അലമാര പോലെയുള്ള (റെഡിമെയ്ഡ് മൈൽഡ് സ്റ്റീൽ ഷീറ്റ് മെറ്റൽ കൊണ്ട് നിർമ്മിതമായ) പുകപ്പുരകൾ ആയിരിക്കും ഉചിതം. ചൂള വളരെ ചെറുതായതിനാൽ ഒന്നിലധികം തവണ തീ കത്തി

◆ പുകപ്പുര





ട്രോളി പുകപ്പുര

ക്കേണ്ടിവരും എന്നതാണ് ഇതിന്റെ ഒരു പോരായ്മ. 40 മുതൽ 300 വരെ ഷീറ്റുകൾ ഉൾക്കൊള്ളുന്ന റെഡിമെയ്ഡ് പുകപ്പുരകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്.

കട്ടയും സിമന്റും ഉപയോഗിച്ച് നിർമ്മിക്കുന്ന പരമ്പരാഗത പുകപ്പുരകൾ 200 മുതൽ 2500 വരെ ഷീറ്റുകൾ ഉൾക്കൊള്ളാവുന്ന രീതിയിൽ നിർമ്മിക്കുന്നുണ്ട്. വിവിധ വലുപ്പത്തിലുള്ള പുകപ്പുരകളുടെ രൂപരേഖ, നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയെല്ലാം റബ്ബർ ബോർഡിൽ ലഭ്യമാണ്. ഷീറ്റിടുന്ന തട്ടുകൾ പുകപ്പുരയ്ക്ക് പുറത്തേക്ക് തള്ളി നീക്കാവുന്ന തരത്തിലുള്ള ട്രോളി പുകപ്പുരകളുടെയും വിവിധതരം ചൂളകളുടെയും രൂപരേഖകൾ റബ്ബർബോർഡിന്റെ എൻജിനീയറിങ് ആന്റ് പ്രോസസിങ് വിഭാഗത്തിൽ ലഭ്യമാണ്.

റബ്ബർബോർഡ് പുതുതായി വികസിപ്പിച്ചെടുത്ത 'ടണൽ ആന്റ് ട്രോളി ടൈപ്പ്' പുകപ്പുരകൾ വലുതും കൂടുതൽ ഇന്ധനക്ഷമതയുള്ളതുമാണ്. ഇവയിൽ പ്രതിദിനം 2500 ഷീറ്റുകൾ വരെ ഇടാൻ കഴിയും. ഇത്തരം പുകപ്പുരകൾക്ക് 10,000 വരെ ഷീറ്റുകൾ ഉൾക്കൊള്ളാൻ ശേഷിയുണ്ട്. ഈ പുകപ്പുരകൾ കൂടുതൽ കാര്യക്ഷമതയുള്ളതും സമൂഹ സംസ്കരണശാലകളുടെ ഉപയോഗത്തിന് യോജിച്ചതുമാണ്. 'ബയോ ഡൈജസ്റ്റ്' അടിസ്ഥാനമാക്കിയുള്ള മാലിന്യസംസ്കരണ സംവിധാനവും ഇത്തരം കേന്ദ്രങ്ങൾക്ക് ആവശ്യമാണ്. ഇത്തരം കേന്ദ്രങ്ങളുടെ സമഗ്രമായ രൂപരേഖയും റബ്ബർബോർഡിൽ ലഭ്യമാണ്.

നല്ല ഗുണമേന്മയുള്ള ഷീറ്റുറബ്ബർ തയ്യാറാക്കുന്നതിന് കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സംസ്കരണകേന്ദ്രത്തിൽ എത്തുന്ന റബ്ബർപാലിന്റെ ശുചിത്വം, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുക. കൊണ്ടുവരുന്ന പാത്രങ്ങളിൽ റബ്ബർപാൽ കുറേനേരം സൂക്ഷിക്കരുത്. ഇത് പാൽ തരിച്ചുപോകുന്നതിന് കാരണമാകാം.
2. റബ്ബർപാലിൽ ആവശ്യത്തിന് വെള്ളം ചേർത്ത് നേർപ്പിച്ച ശേഷം വേണം ഉറ കൂട്ടാൻ .
3. വെള്ളം ചേർത്ത് നേർപ്പിച്ച് സൂക്ഷിച്ചിരിക്കുന്ന ആസിഡ് നന്നായി ഇളക്കിയ ശേഷം മാത്രം ഉറ കൂട്ടാനായി ഉപയോഗിക്കുക.
4. ഷീറ്റ് അടിക്കുന്നതിനായി നല്ല കാര്യക്ഷമതയുള്ള റോളറുകൾ ഉപയോഗിക്കുക. പാൽകട്ടിയിൽ നിന്നും പരമാവധി വെള്ളം നീക്കികളയുന്നതിനും ഉപരിതല വിസ്തീർണം വർധിപ്പിക്കുന്നതിനും പറ്റിയതായിരിക്കണം റോളറുകൾ. പൊഴികളുള്ള റോളുകൾ പരസ്പരം സ്പർശിക്കുന്ന തരത്തിൽ സജ്ജീകരിച്ച ശേഷം ഷീറ്റടിക്കണം. റോളർ ബെയറിങ്ങുകളും കാര്യക്ഷമമായിരിക്കണം.
5. ഷീറ്റ് അടിച്ച ശേഷം ശുദ്ധജലത്തിൽ നന്നായി കഴുകി ഉപരിതലത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന ആസിഡിന്റെ അംശം പരമാവധി കളയണം .
6. അടിച്ചെടുത്ത ഷീറ്റുകൾ സൂര്യപ്രകാശം നേരിട്ട് പതിക്കത്തക്കവിധം തിരശ്ചീനമായ പ്രതലത്തിൽ ഇടരുത്. ഇങ്ങനെ ചെയ്താൽ അമിതമായ ചൂടുമൂലം ഷീറ്റുകൾ ഉരുകി ഒട്ടിപ്പിടിക്കുന്നതിന് ഇടയാകും.
7. ഷീറ്റ് അടിക്കുന്ന ദിവസം തന്നെ അവ പുകപ്പുരയിലിട്ട് പുകയ്ക്കണം. നനഞ്ഞ ഷീറ്റുകൾ രാത്രികാലങ്ങളിൽ പുറത്തിട്ടാൽ അതിൽ കുമിൾബാധ ഉണ്ടാവുകയും ഷീറ്റുകൾ ഉണങ്ങാൻ കാലതാമസം വരികയും ചെയ്യും.
8. നല്ല നിലവാരമുള്ള വിറകുപയോഗിക്കുന്നതും പുകയിട്ട ശേഷം തുടക്കത്തിലെ ഒരു മണിക്കൂറോളം നനഞ്ഞ പുക പുറന്തള്ളുന്നതും ഇളം നിറമുള്ള ഷീറ്റുണ്ടാക്കാൻ സഹായിക്കും. ഒരു കാരണവശാലും നനഞ്ഞ വിറക് ഉപയോഗിക്കരുത്.
9. പുകമുറിയുടെ തറ നാലിഞ്ചു കനത്തിൽ കോൺക്രീറ്റു ചെയ്യുകയും വെള്ളം ഒരുവശത്തേക്ക് വാർന്നുപോകുന്ന തരത്തിൽ സിമൻറ് തേച്ച് മിനുസപ്പെടുത്തുകയും വേണം. മുറിയിലേക്ക് വായു കടക്കുന്നതിനായി തറനിരപ്പിൽ ഏഴര സെന്റീമീറ്റർ വ്യാസമുള്ള ഒരു ദ്വാരം കൊടുക്കുന്നത് നല്ലതാണ്.
10. പുകമുറിയുടെ ഉൾഭിത്തി സിമൻറ് തേച്ച് മിനുസപ്പെടുത്തിയിരിക്കണം.
11. വെള്ളം കെട്ടിക്കിടക്കുന്ന കുഴിയുള്ള സ്ഥലങ്ങളിൽ പുകപ്പുരകൾ നിർമിക്കരുത്.
12. പുകപ്പുരകൾക്കുള്ളിൽ നീരാവി ഘനീഭവിക്കുന്നത് ഒഴിവാക്കാനായി മേൽക്കൂരയ്ക്കു താഴെ ഒരു 'ഫോൾസ് സീലിങ്' നൽകണം. ഫോൾസ് സീലിങ് മേൽക്കൂരയിൽ നിന്ന് ഏകദേശം 30 സെന്റീമീറ്റർ താഴെയായിരിക്കണം.
13. പുകമുറിയിലെ നീരാവി നിറഞ്ഞ പുക പുറം തള്ളുന്നതിനായി ഭിത്തിയിൽ ഫോൾസ് സീലിങ്ങിനു തൊട്ടു താഴെയായി ദ്വാരം ഇടണം. മുറിയുടെ വലുപ്പത്തിനനുസരിച്ചാണ് ദ്വാരത്തിന്റെ അളവ് നിശ്ചയിക്കേണ്ടത്. ഓരോ ക്യൂബിക് മീറ്റർ അളവിനും 100 ചതുരശ്ര സെന്റീമീറ്റർ എന്ന കണക്കിൽ ദ്വാരം ഇടണം. •





കെ. കെ. ബെന്നി
ഫാം ഓഫീസർ

# ചാക്കോസാറിന്റെ തോട്ടത്തിൽ രോഗങ്ങൾ പടിക്കുപുറത്ത്

**റബ്ബർതൈകൾ രോഗങ്ങളിൽ നിന്ന് മുക്തമായിരുന്നാൽ വേഗം വളർന്ന് നേരത്തെ ടാപ്പിങ്ങിന് പാകമാകും. രോഗപ്രതിരോധ നടപടികൾ കൃത്യമായി ചെയ്യുന്നതു കൊണ്ടുള്ള നേട്ടങ്ങൾ ഒരു കർഷകൻ തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പങ്കുവയ്ക്കുന്നു.**

രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണ് എന്ന ചിന്താഗതി മനുഷ്യനും മരങ്ങൾക്കും ഒരുപോലെ പ്രസക്തമാണ്. തന്റെ റബ്ബർതോട്ടത്തിൽ ഇത് പൂർണ്ണമായും നടപ്പാക്കുന്ന ആളാണ് പുതുപ്പറമ്പിൽ പി.ജെ. ചാക്കോ.

കോട്ടയം ജില്ലയിൽ എരുമേലിക്കടുത്ത് മഞ്ഞളരുവിയിലാണ് അദ്ദേഹത്തിന്റെ 50 ഏക്കറോളം വരുന്ന റബ്ബർ തോട്ടം. ഇവിടെ 2017-ൽ നട്ടിരിക്കുന്ന ആർആർഐഐ 105 ഇനത്തിൽപെട്ട റബ്ബർമരങ്ങൾ ഒരേ രീതിയിൽ ആരോഗ്യത്തോടെ വളർന്നു നിൽക്കുന്നത് ആരുടേയും ശ്രദ്ധയാകർഷിക്കും.

ബനാറസ് ഹിന്ദു സർവകലാശാലയിൽ നിന്ന് 1983-ൽ കാർഷികബിരുദം നേടിയ ചാക്കോ ഒൻപതു വർഷത്തോളം ഫെഡറൽബാങ്കിൽ കൃഷി ഓഫീസർ ആയി ജോലി ചെയ്തിരുന്നു.

എരുമേലിക്കടുത്ത് 31-ാം മൈലിലുള്ള പരമ്പരാഗത കാർഷികകുടുംബമായ പുതുപ്പറമ്പിൽ വീട്ടിലെ അംഗമായ ചാക്കോയ്ക്ക് ബാങ്കിലെ ജോലിയേക്കാൾ താൽപര്യം കൃഷിയിലായിരുന്നു. അതുകൊണ്ടാണ് ജോലി ഉപേക്ഷിച്ച് കൃഷിയിലേക്കും ബിസിനസ്സിലേക്കും ശ്രദ്ധ തിരിച്ചത്.

ഏതൊരു കൃഷിയെക്കുറിച്ചും ശാസ്ത്രീയമായ അറിവ് നേടുകയും നല്ല കർഷകരുടെ കൃഷിയിടങ്ങളിൽ പോയി കാര്യങ്ങൾ കണ്ടും കേട്ടും നന്നായി പഠിക്കുകയും ചെയ്ത ശേഷം മാത്രം ആ കൃഷിചെയ്യുക എന്നതാണ് ചാക്കോയുടെ രീതി. പുതുതായി വാങ്ങിയ 50 ഏക്കർ സ്ഥലത്തെ റബ്ബർമരങ്ങൾ മുറിച്ചുമാറ്റി ആവർത്തനക്കൃഷിക്ക് ഒരുങ്ങിയപ്പോൾ കാര്യങ്ങളെല്ലാം വളരെ ശാസ്ത്രീയമായിത്തന്നെ ചെയ്യണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു.

ചരിവുള്ള സ്ഥലത്ത് നിരപ്പുതട്ടുകളെടുത്ത് കൃത്യമായ ഇടയകലം നൽകിയാണ് തൈ നട്ടത്. കിട്ടാവുന്നതിൽ വച്ച് ഏറ്റവും മെച്ചപ്പെട്ടതും, ആരോഗ്യമുള്ളതുമായ തൈകൾതന്നെ വാങ്ങി നടാൻ പ്രത്യേകം ശ്രദ്ധിച്ചു. തുടക്കത്തിൽ വളർച്ച മോശമായ തൈകളെല്ലാം അപ്പോൾതന്നെ പിഴുതുമാറ്റി ആരോഗ്യമുള്ള പുതിയ തൈകൾ നട്ടു.

എല്ലാ തൈകളും ഒരുപോലെ വളർന്നുവരണം എന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. കൃത്യമായ വളപ്രയോഗം നടത്തുന്നതോടൊപ്പം രോഗങ്ങൾ ബാധിക്കാതെ ശ്രദ്ധിക്കുകയും ചെയ്താൽ മാത്രമേ തൈകൾ നന്നായി വളരൂ എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. കൂമ്പുചീയൽ പോലുള്ള രോഗങ്ങൾ വന്നാൽ തൈകളുടെ അഞ്ചാറുമാസത്തെ വളർച്ച നഷ്ടപ്പെടും. അതുകൊണ്ടുതന്നെ രോഗം വരാതിരിക്കാനായി കൃത്യമായ ഇടവേളകളിൽ മരുന്ന് തളിച്ചിരുന്നു.

കീടനാശിനികളും കുമിൾനാശിനികളും നിർമ്മിക്കുന്ന കമ്പനികളുടെ പ്രതിനിധികളുടേയും അവ വിൽക്കുന്ന കടകളിലെ ജീവനക്കാരുടേയും നിർദേശങ്ങളനുസരിച്ച് രോഗനിയന്ത്രണനടപടികൾ എടുക്കുന്നവരുണ്ട്. എന്നാൽ രോഗങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഈ രംഗത്ത് ശാസ്ത്രീയമായ പഠനം നടത്തുന്ന വിദഗ്ധരുടെ ഉപദേശം സ്വീകരിക്കുന്നതിന് അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു.

വർഷങ്ങൾക്കു മുമ്പ് കാർഷികബിരുദം നേടിയ ആളാണെങ്കിലും ഈ രംഗത്ത് ഇപ്പോൾ പഠന ഗവേഷണങ്ങൾ നടത്തുന്ന പുതുതലമുറയിലെ വിദഗ്ധരുമായി ചർച്ചചെയ്ത് പുതിയ കണ്ടെത്തലുകളും രോഗനിയന്ത്രണമാർഗങ്ങളും ചോദിച്ചു മനസ്സിലാക്കുന്നതിന് അദ്ദേഹത്തിന് ഒരു മടിയുമില്ല.

റബ്ബർഗവേഷണകേന്ദ്രത്തിലെ ക്രോപ് പ്രൊട്ടക്ഷൻ വിഭാഗം ശാസ്ത്രജ്ഞരായ ഡോ. ഷാജി ഫിലിപ്, എഡ്വിൻ പ്രേം എന്നിവരുമായി ചാക്കോ സാർ സ്ഥിര



*പി.ജെ. ചാക്കോ തന്റെ തോട്ടത്തിൽ*

## അകാലിക ഇലകൊഴിച്ചിലിനെ പ്രതിരോധിക്കാം



**രോഗലക്ഷണം**

മഴക്കാലത്തുണ്ടാകുന്ന ഒരു പ്രധാന രോഗമാണിത്. റബ്ബറിന്റെ കായ്കളിലാണ് രോഗബാധ ആദ്യം കണ്ടു തുടങ്ങുന്നത്. കായ്കൾ രോഗം ബാധിച്ച് ചീഞ്ഞു പോകുക എന്നതാണ് രോഗത്തിന്റെ ആദ്യ ലക്ഷണം. രോഗബാധയേറ്റ ഇലകൾ പച്ചയായി തന്നെയോ പഴുത്ത് ചെമ്പു നിറമായോ ധാരാളമായി കൊഴിഞ്ഞു തുടങ്ങും. ഈ ഇലകൾ പരിശോധിച്ചാൽ ഇലത്തണ്ടിന്റെ ഭാഗത്ത് മൊട്ടുസൂചി കൊണ്ട് കുത്തിയതുപോലെ ഒരു തുള്ളി റബ്ബർപാൽ ഉറഞ്ഞിരിക്കുന്നതായി കാണാം. രോഗം ഗുരുതരമായാൽ ചെറുചില്ലകളും ചീഞ്ഞുണങ്ങാറുണ്ട്. ഇലകൾ ധാരാളമായി കൊഴിഞ്ഞുപോകുന്നത് ഉത്പാദനത്തെ സാരമായി ബാധിക്കും.

**രോഗപ്രതിരോധ മാർഗങ്ങൾ**

കാലവർഷം പെയ്തു തുടങ്ങുംമുൻപായിതന്നെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തണം. മെയ് മാസം പകുതിയോടെ ഇലകളിൽ കുമിൾനാശിനി അടിക്കാം. എണ്ണയിൽ കലർത്താവുന്ന ചെമ്പ് ചേർന്ന കുമിൾനാശിനി അല്ലെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം ഇവയിൽ ഏതെങ്കിലുമൊന്ന് ഇതിനായി ഉപയോഗിക്കാം.

എണ്ണയിൽ കലർത്താവുന്ന 56 ശതമാനം വീര്യമുള്ള കോപ്പർ ഓക്സി ക്ലോറൈഡ്, അഞ്ചിരട്ടി സ്പ്രേ ഓയിലിൽ (1:5 എന്ന അനുപാതത്തിൽ) കലർത്തിയുണ്ടാക്കുന്ന മിശ്രിതം മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് നിലത്തു നിന്നുതന്നെ സ്പ്രേ ചെയ്യാം. ഒരു ഹെക്ടറിൽ ഏകദേശം 30 മുതൽ 40 വരെ ലിറ്റർ കുമിൾനാശിനി ആവശ്യമായിവരും.

മായി ബന്ധപ്പെടാറുണ്ട്. അവർ രണ്ടുപേരും ഇടയ്ക്കിടക്ക് തോട്ടത്തിലെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കാലവർഷം ആരംഭിക്കുന്നതിന് മുമ്പും മഴക്കാലത്തിനിടയിൽ കിട്ടുന്ന തെളിഞ്ഞ കാലാവസ്ഥകളിലും കൃത്യമായി മരുന്നു തളിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അതുകൊണ്ടുതന്നെ സാധാരണമായി മൂന്നും നാലും വർഷം പ്രായമുള്ള മരങ്ങളിൽ കൂടുതലായി കണ്ടുവരുന്ന ചീക്കുരോഗം അദ്ദേഹത്തിന്റെ തോട്ടത്തിൽ വളരെ കുറവു മാത്രമേ ബാധിച്ചിട്ടുള്ളു. ചീക്കുരോഗം വന്നശേഷം ബോർഡോകുഴമ്പ് പുരട്ടുന്നതിനേക്കാൾ ലാഭം ഇടയ്ക്കിടക്ക് മരത്തിന്റെ തടിമുഴുവൻ വീഴത്തക്കവിധം ബോർഡോമിശ്രിതം തളിച്ച് രോഗംവരാതെ നോക്കുന്നതാണ് നല്ലതെന്നാണ് അദ്ദേഹത്തിന്റെ അനുഭവം.

കൃത്യമായി മരുന്നു തളിക്കുന്നതിനാൽ ഇലപ്പൊട്ടുരോഗമോ അകാലികഇലകൊഴിച്ചിലോ അദ്ദേഹത്തിന്റെ തോട്ടത്തിൽ ഇല്ല എന്നുതന്നെ പറയാം. റബ്ബർബോർഡ് ശുപാർശ അനുസരിച്ചുള്ള വളപ്രയോഗമാണ് തോട്ടത്തിൽ നടത്തുന്നത്. മരത്തിന് ആവശ്യമായ എല്ലാ മൂലകങ്ങളും ശരിയായ അനുപാതത്തിൽ നൽകുന്നതും രോഗം വരാതിരിക്കാൻ സഹായിക്കുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

2017-ൽ നട്ട മരങ്ങളിൽ കുറെയെണ്ണം അഞ്ചുവർഷം തികയുന്നതിനു മുമ്പുതന്നെ 45 സെന്റീമീറ്ററിൽ കൂടുതൽ വണ്ണമെത്തി. ആറു വർഷമാകുമ്പോഴേക്കും പകുതി മരങ്ങളെങ്കിലും 50 സെന്റീമീറ്ററിൽ കൂടുതൽ വണ്ണമെത്തണം എന്നതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് ചാക്കോയ്ക്ക് കർഷകരോട് പറയാനുള്ളത്

1. നല്ല കരുത്തുറ്റ തൈകൾ മാത്രം വാങ്ങി കൃഷി ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുക.
2. റബ്ബർബോർഡ് ശുപാർശ ചെയ്യുന്ന ഇടയകലം നൽകി വേണം റബ്ബർ നടാൻ. അകലം കുറഞ്ഞാൽ വളർച്ച കുറയും.
3. തുടക്കത്തിൽതന്നെ മോശം വളർച്ച കാണിക്കുന്ന തൈകളെ ഉടനെതന്നെ പിഴുതുമാറ്റി ആരോഗ്യമുള്ള തൈകൾ നടുക.
4. ആദ്യത്തെ രണ്ടു മൂന്നു വർഷക്കാലം എല്ലാ തൈകളും കഴിയുന്നതും ഒരുപോലെ വളർത്തിക്കൊണ്ടുവരാൻ ശ്രദ്ധിക്കുക.
5. രോഗങ്ങൾ വന്നശേഷം മരുന്ന് തളിക്കാൻ നിൽക്കാതെ രോഗം വരാനുള്ള സാധ്യതകൾ മുൻകൂട്ടി കണ്ട് കൃത്യമായി മരുന്നുതളി നടത്തുക.
6. രോഗങ്ങൾ ശ്രദ്ധയിൽപെട്ടാൽ വിദഗ്ധോപദേശം നേടിയ ശേഷം മാത്രം മരുന്നുതളി നടത്തുക.
7. റബ്ബർബോർഡ് ശുപാർശ അനുസരിച്ചുമാത്രം വളമിടുക. കഴിയുന്നതും നേർവളങ്ങൾ ഉപയോഗിക്കുന്നതാണ് നല്ലതും ലാഭകരവും.
8. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ച് നല്ലരീതിയിൽ തോട്ടങ്ങൾ പരിപാലിക്കുന്ന കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് അവരിൽനിന്ന് കണ്ടും കേട്ടും പഠിക്കുക.

63-ാം വയസ്സിലും ചെറുപ്പത്തിന്റെ മനസ്സുമായി കൃഷിയും ബിസിനസ്സും മുന്നോട്ടു കൊണ്ടുപോകുന്ന ചാക്കോയ്ക്ക് തന്റെ അറിവുകൾ മറ്റു കർഷകരുമായി പങ്കു വയ്ക്കുന്നതിൽ സന്തോഷമേയുള്ളൂ.

പി.ജെ. ചാക്കോ - ഫോൺ 9447009931

•



ഡോ. വിനോദ് തോമസ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

റബ്ബർചരിത്രം 11

# വെല്ലുവിളികൾക്കിടയിൽ കാട്ടിനകത്തെ ശ്രമങ്ങൾ

റബ്ബർ വിത്തുകൾ ബ്രിട്ടീഷുകാർ ബ്രസീലിൽ നിന്നും കടത്തിയപ്പോൾ തങ്ങൾക്ക് അതുവരെ അന്താരാഷ്ട്രവിപണിയിലുണ്ടായിരുന്ന പ്രകൃതിദത്തറബ്ബറിന്റെ കുത്തക തിരിച്ചുപിടിക്കുവാനാകാത്ത വിധം കൈവിട്ടുപോയ ബ്രസീലും, റബ്ബറധിഷ്ഠിത വ്യാവസായിക സാമ്രാജ്യത്തിന് അധിപരായിരുന്ന അമേരിക്കയ്ക്ക് വേണ്ട അസംസ്കൃതവസ്തുവിന്റെ മേൽ തങ്ങളുടെ അധീനതയിലുള്ള ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിൽ വിളയുന്ന റബ്ബർ വച്ച് ബ്രിട്ടൺ നടത്തിയ വിലപേശലും കൂടിയായപ്പോൾ കാടിനകത്തേക്ക് പുതിയൊരു ദൗത്യവുമായി വീണ്ടും കയറാൻ അമേരിക്കയെ പ്രേരിതരാക്കി. അമേരിക്കൻ ഭുഖണ്ഡത്തിലെ റബ്ബറുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ള പല രാജ്യങ്ങളും ഒത്തൊരുമിച്ചു തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഈ ഉദ്യമത്തിൽ പങ്കാളികളായി. പ്രകൃതിദത്തറബ്ബറിന്റെ വളർച്ചാവീഥിയിൽ ഏറെ കേട്ടുകേൾവിയില്ലാത്ത അത്തരം ശ്രമങ്ങൾ എങ്ങനെയെന്നു നോക്കാം.

യുദ്ധം ആരംഭിച്ചതോടെ റബ്ബറിന്റെ ലഭ്യത കുറഞ്ഞത് അമേരിക്കൻ വാണിജ്യ, സമ്പദ്ഘടനയെ തകിടം മറച്ചു. പ്രകൃതിദത്തറബ്ബറിനു പകരക്കാരനായ സിന്തറ്റിക് റബ്ബർ വ്യാവസായികാടിസ്ഥാനത്തിൽ എങ്ങനെ ഉത്പാദിപ്പിക്കണമെന്നതിനെക്കുറിച്ച് അമേരിക്കൻ കമ്പനികൾക്കോ സഹയായയീകരായ ജർമ്മനിക്കോ അക്കാലത്ത് വ്യക്തമായ ധാരണയില്ലായിരുന്നു. വ്യാവസായികവിപ്ലവവും യുദ്ധവും പ്രകൃതിദത്തറബ്ബറിന്റെ ഉപഭോഗം



*സാൽബ് രോഗബാധ വിവിധ ഘട്ടത്തിൽ*

ക്രമാതീതമായി ഉയർത്തുകയും ചെയ്തു. തങ്ങളുടെ വരുതിയിലുണ്ടായിരുന്ന റബ്ബറുത്പാദകരാജ്യങ്ങളായ നെതർലന്റും ഫ്രാൻസും ജർമ്മനിയുടെ അധീനതയിലായതോടെ റബ്ബറിന്റെ സുഗമമായ ലഭ്യത അവർക്ക് ഏതാണ്ട് ഉറപ്പായി. എന്നാൽ വ്യാപകമായി റബ്ബർ കൃഷി ചെയ്തിരുന്ന തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളായിരുന്ന വിയറ്റ്നാം, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ ശത്രുപക്ഷത്തായിരുന്ന ജപ്പാന്റെ പൂർണ നിയന്ത്രണത്തിലാകുകയും ജർമ്മനിയുടെ അന്തർവാഹിനികൾ അറ്റ്ലാന്റിക് സമുദ്രത്തിൽ സൃഷ്ടിച്ച ഭീകരാന്തരീക്ഷം കൂടിയായപ്പോൾ സംജാതമായ അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവ് റബ്ബറധിഷ്ഠിത വ്യവസായം തഴച്ചുവളർന്ന രാജ്യങ്ങളെ പ്രതിസന്ധിയിലാക്കി. റീ കൺസ്ട്രക്ഷണൽ ഫിനാൻസ് കമ്പനിയുടെ കീഴിൽ 1940 -ൽ റബ്ബർ വാങ്ങുന്നതിനു വേണ്ട 140 മില്യൻ ഡോളർ ആസ്ഥിയോടു കൂടി റബ്ബർ റിസർവ് കമ്പനി രൂപംകൊണ്ടു.

റബ്ബർ വാങ്ങി ശേഖരിക്കുന്നതിൽ റബ്ബർ റിസർവ് കമ്പനിയുടെ ദൗത്യം വിജയം കണ്ടെത്തിയതോടെ യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെൻറ് ഓഫ് അഗ്രികൾച്ചർ (USDA - യു.എസ്.ഡി.എ.) -നെ നിയമിച്ചുകൊണ്ട് റബ്ബർകൃഷിയും ഉത്പാദനവും പടിഞ്ഞാറൻ ഭൂഖണ്ഡത്തിൽ വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകളെ ആരായുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചു. ഇതിന്റെ തുടർച്ചയെന്നവണ്ണം അഗ്രിക്കൾച്ചറൽ സെക്രട്ടറി വിളിച്ചു കൂട്ടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ വിവിധരാജ്യങ്ങളിൽ റബ്ബർകൃഷി ആരംഭിക്കാനുള്ള സാദ്ധ്യതകളെ സംബന്ധിച്ച് ഒരു സർവ്വെ നടത്താൻ തീരുമാനിച്ചു. കൃഷി ആരംഭിക്കുന്നതിനു വേണ്ടി രോഗപ്രതിരോധശേഷിയുള്ളതും ഉത്പാദനമികവാർന്നതുമായ ഇനങ്ങളെ പരപരാഗണത്തിലൂടെ വികസിപ്പിച്ചെടുക്കണമെന്നും അതിന് രണ്ടു പതിറ്റാണ്ടുകാലമെങ്കിലും വേണ്ടിവരുമെന്നും വിലയിരുത്തി. റബ്ബർകൃഷിക്ക്



*സാൽബ് രോഗം ബാധിച്ച് ഇല കൊഴിഞ്ഞ മരങ്ങൾ*

യോജിച്ചത് എന്നു കണ്ടെത്തിയ ലാറ്റിൻ അമേരിക്കയിൽ കൃഷി വ്യാപകമാകുന്നതോടെ ബ്രിട്ടീഷ് - ഡച്ചു കോളനികളെ ആശ്രയിക്കേണ്ട ഗതികേടിൽ നിന്നും പുറത്തുവരികയും ചെയ്യാം. ഇതിനായി യു.എസ്.ഡി.എ. യുടെ കീഴിൽ ഉടലെടുത്ത ബ്യൂറോ ഓഫ് പ്ലാന്റ് ഇൻഡസ്ട്രിയുടെ ആസ്ഥാനം കോസ്റ്ററിക്കയിലെ ടൂറിയാൽബയിലുള്ള ഗുഡ്ഇയർ തോട്ടത്തിനകത്തായിരുന്നു. കോസ്റ്ററിക്ക കൂടാതെ ഹയ്ത്തി, ഹോണ്ടുറാസ്, മെക്സിക്കോ, പെറു എന്നീ രാജ്യങ്ങളിലും ഗവേഷണ സ്റ്റേഷനുകൾ സ്ഥാപിച്ചു. സർവ്വെയ്ക്കു വേണ്ടി സംഘങ്ങളായി വിവിധ രാജ്യങ്ങളിൽ നിന്നുമെത്തിയവർ സൗത്ത് അമേരിക്കൻ ലീഫ് ബ്ലൈറ്റ് (SALB - സാൽബ്) എന്ന കുമിൾരോഗത്തെ അതിജീവിച്ച ഹീവിയ മരങ്ങളേയും കൂടാതെ, റബ്ബർ ഉത്പാദിപ്പിക്കുന്ന കാസ്റ്റില്ല എന്ന മരത്തേയും കണ്ടെത്തി അതിന്റെ വിത്ത് ശേഖരിക്കുകയും ചെയ്തു. മറ്റൊരു സംഘം ബ്രസീലിൽ എത്തി അവിടെ അഗ്രോണമിക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നോർത്ത് (IAN - ഐ.എ.എൻ.) സ്ഥിതി ചെയ്യുന്ന ബെലം എന്ന പ്രദേശത്തു പരീക്ഷണാടിസ്ഥാനത്തിൽ നഴ്സറി തുടങ്ങാനുള്ള നീക്കവും ഉണ്ടായി. യൂണിവേഴ്സിറ്റി ഓഫ് ഫ്ളോറിഡ സ്കൂൾ ഓഫ് അഗ്രിക്കൾച്ചറിൽ നാരകത്തിൽ ഗവേഷകനായിരുന്ന ഫെലിഷേർടോ ഐ.എ.എൻ.-ന്റെ ഡയറക്ടറായി നിയമിതനായി. ഫോർഡ് പ്ലാന്റേഷനുമായി ഐ.എ.എൻ.-നുണ്ടായിരുന്ന സഹകരണത്തിലൂടെ ഫോർഡ് കണ്ടെത്തിയതും കൂടാതെ ദക്ഷിണപൂർവേഷ്യൻ രാജ്യങ്ങളിൽനിന്നു ലഭിച്ചതുമായ റബ്ബറിനങ്ങളെ പരീക്ഷണനിരീക്ഷണങ്ങൾക്കു വേണ്ടി ഐ.എ.എൻ.-നു കൈമാറി. കൃഷിമന്ത്രാലയവും ഹീവിയ ഇനങ്ങളെ ഗവേഷണത്തിനായിട്ട് വൻതോതിൽ കൈമാറ്റം ചെയ്യാൻ സന്നദ്ധമായി. ഫിലിപ്പീൻസിലെ ഗുഡ്ഇയർ തോട്ടത്തിൽ നിന്നും കണ്ടെത്തിയ മികച്ച ഇനങ്ങളുടെ വിത്തുകളും ഒട്ടുകമ്പും പനാമ, കോസ്റ്ററിക്ക എന്നിവിടങ്ങളിലെക്കെത്തിച്ചു. നടീൽവസ്തുക്കളുടെ കൈമാറ്റം സംബന്ധിച്ചുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ലൈബീരിയയിലെ ഫയർസ്റ്റോൺ പ്ലാന്റേഷനുകളിൽ നിന്നും ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിൽ നിന്നും മികച്ച റബ്ബറിനങ്ങളെ അമേരിക്കയ്ക്ക് ലഭിച്ചിരുന്നു.

കുമിൾരോഗമായ സാൽബ് ഇലകളെയല്ല മറിച്ച് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ റബ്ബർകൃഷിയുടെ നാരായവേരിനെയാണ് കാർന്നുതിന്നത്. ബെലം സ്റ്റേഷന്റെ ശ്രമഫലമായി അക്രെ, മട്ടോഗ്രോസോ എന്നിവിടങ്ങളിൽ വളരുന്ന ഹീവിയമരങ്ങൾക്ക് ഉത്പാദനമികവും ലീഫ് ബ്ലൈറ്റിനെ അതിജീവിക്കാനുമുള്ള കഴിവുണ്ടെന്നു കണ്ടെത്തിയതിലൂടെ റബ്ബർ കൃഷിയ്ക്കു

## ഗുണമേന്മയുള്ള നടീൽവസ്തുക്കൾക്ക്

# റബ്ബർബോർഡ് നഴ്സറികൾ

| റബ്ബർബോർഡിന്റെ<br>കേരളത്തിലെ നഴ്സറികൾ | |
|---|---|
| **സെൻട്രൽ നഴ്സറി**<br>കരിക്കാട്ടൂർ, മുക്കട പി.ഒ.<br>ഇ-മെയിൽ: cnkkr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി,**<br>മഞ്ചേരി.<br>ഇ-മെയിൽ: romji@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കടയ്ക്കാമൺ, പുനലൂർ.<br>ഇ-മെയിൽ: ropnr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ഉളിക്കൽ, കണ്ണൂർ.<br>ഇ-മെയിൽ: roskm@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കാഞ്ഞിക്കുളം, പാലക്കാട്.<br>ഇ-മെയിൽ:ropgt@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ആലക്കോട്, തളിപ്പറമ്പ്.<br>ഇ-മെയിൽ: rotba@rubberboard.org.in |



പടിഞ്ഞാറൻ രാജ്യങ്ങളിൽ പ്രത്യേക ഉണർവുണ്ടായി. ഇത്തരത്തിൽ മികച്ചതെന്നു കണ്ടെത്തിയതിനേയും ഫോർഡ് പ്ലാന്റേഷനിൽ നിന്നു ലഭിച്ചവയേയും ഉൾപ്പെടുത്തി ലീഫ് ബ്ലൈറ്റ് രൂക്ഷമായി നിലകൊള്ളുന്ന പ്രദേശത്തു കൃഷി ചെയ്തുകൊണ്ട് ഇനങ്ങളുടെ പ്രതിരോധശേഷി വീണ്ടും പരീക്ഷണ വിധേയമാക്കി. രോഗപ്രതിരോധശേഷി കൂടിയ ചില ഇനങ്ങളെ ബൊളീവിയയിൽ കണ്ടെത്തിയതിനെ അവിടെ നിന്നു രഹസ്യമായി കടത്തിക്കൊണ്ടുപോകാൻ അമേരിക്ക നടത്തിയ ശ്രമങ്ങളെ നിയമനിർമ്മാണത്തിലൂടെ തടയിട്ടു. 1876-ൽ തെക്കേ അമേരിക്കയിൽ നിന്നു വിക്ക്ഹാം റബ്ബർവിത്തുകൾ നിയമലംഘനം നടത്തി കടത്തിക്കൊണ്ടുപോയതിന്റെ തിക്താനുഭവങ്ങൾ അത്രപെട്ടെന്നൊന്നും ബ്രസീലിയൻ ജനതയ്ക്കു മറക്കാൻ കഴിയുന്നതല്ല.

അക്രെ, മട്ടോഗ്രോസോ എന്നീ പ്രദേശങ്ങളിൽ നിന്നും റബ്ബർവിത്ത് ശേഖരിക്കാൻ മാനിഫോർഡും സഹായിയും നടത്തിയ ശ്രമം വിജയകരമായിരുന്നില്ല. ഓരോ പ്രദേശത്തെ കാലാവസ്ഥയിലും കുരു പൊട്ടി വീഴുന്നതിലുള്ള അന്തരവും, ലീഫ് ബ്ലൈറ്റില്ലാത്തതും എന്നാൽ ഉത്പാദനമികവുള്ളതുമായ മരങ്ങളെ കണ്ടെത്തി അവയുടെ വിത്ത് ശേഖരിക്കുന്നതും ശ്രമകരമായിരുന്നു. കൂടാതെ പൊട്ടിവീഴുന്ന കുരുക്കൾ കാട്ടിലെ മൃഗങ്ങൾ തിന്നു തീർക്കുന്നതും വിത്തുശേഖരണം ദുർഘടമാക്കി. ഉത്പാദനം കൂടിയ മരങ്ങളുടെ ഇലയിലും പൂവിലും ബ്ലൈറ്റ് ആക്രമണത്തിനു ഹേതുവായ മൈക്രോസൈക്ലസ് എന്ന കുമിളിന്റെ സാന്നിദ്ധ്യം കൂടുതലായി കണ്ടതും റബ്ബർവിത്തിന്റെ ലഭ്യതയെ സാരമായി ബാധിച്ചു. ഉത്പാദനക്ഷമതയും രോഗപ്രതിരോധവും ഒത്തിണങ്ങിയ ഇനങ്ങളെ കണ്ടെത്താനുള്ള അമേരിക്കയുടെ ധൃതിപിടിച്ച ശ്രമത്തിനിടയിൽ മറ്റു പാരിസ്ഥിതിക യാഥാർത്ഥ്യങ്ങളെ കാണാൻ അവർക്കായില്ല. അങ്ങിനെ ശേഖരിച്ചവയിൽ നിന്നു ഹീവിയ ബ്രസീലിയൻസിസ് കൂടാതെയുള്ളവയുടെ ഒരു പങ്ക് ബെലമിലും ബാക്കി ടുറിയാൽബയിലും കൃഷിക്കു വേണ്ടി ഉപയോഗിച്ചു. ആമസോണിയൻ അഗ്രിക്കൾച്ചറൽ സെക്രട്ടറിയേറ്റ് ഹീവിയ സ്പ്രൂസിയാനയുടെ കുരു ശേഖരിച്ചതിൽ പകുതി ടുറിയാൽബയിലെത്തിച്ചു. ബെൽറ്ററയിലെ ഫോർഡിന്റെ ശേഖരത്തിൽ നിന്നുള്ള വിത്തുകൾ കൂടി ബെലമിൽ എത്തി. അങ്ങിനെ വിവിധ പ്രദേശങ്ങളിൽ നിന്നായി ബെലമിലെത്തിയ 800,000 വിത്തുകൾ അമേരിക്കൻ അഗ്രണോമിസ്റ്റുകളും അവരുടെ ബ്രസീലിയൻ കൂട്ടാളികളും കൂടി കൃഷി ചെയ്തു. 1942 – ൽ പടുത്തുയർത്തിയ വിശാലമായ പരീക്ഷണത്തോട്ടത്തിൽ നിന്നു രോഗത്തെ അതിജീവിക്കാൻ കെൽപുള്ളവയിൽ അമേരിക്ക തുടർപരീക്ഷണങ്ങൾ നടത്തിക്കൊണ്ട് അവയുടെ രോഗപ്രതിരോധശേഷി വീണ്ടും ഉറപ്പുവരുത്തി. ഗുഡ്ഇയർ നൽകിയ നടീൽ വസ്തുക്കൾക്ക് കാര്യമായ രോഗപ്രതിരോധശേഷി ബെലമിലെ തോട്ടത്തിൽ കണ്ടെത്താനായില്ല. അതുപോലെ തന്നെ ബ്രസീലിൽ കണ്ട രോഗപ്രതിരോധശേഷിയൊന്നും അവയെ സെൻട്രൽ അമേരിക്കൽ കൃഷി ചെയ്തപ്പോൾ കണ്ടില്ല. ബെൽറ്ററയിൽ നിന്നും ഫോർഡ് കണ്ടെത്തിയവയുടെ പ്രതികരണം ബെലമിൽ വ്യത്യസ്ഥമായിരുന്നു. കാലാവസ്ഥയുടെയും രേഗഹേതുവായ കുമിളിന്റെയും അന്തരമാണ് ഈ വ്യതിയാനത്തിനു കാരണമെന്നു കണ്ടെത്തി. ഇത്തരം പരീക്ഷണങ്ങൾ ചിലവേറിയതും സമയമെടുക്കുന്നതുമായിരുന്നു.

1941 – ൽ അമേരിക്ക യുദ്ധത്തിൽ പങ്കുചേർന്നപ്പോഴുണ്ടായ റബ്ബറിന്റെ ലഭ്യതയെ സംബന്ധിച്ച അരക്ഷിതാവസ്ഥയെ മറികടക്കാൻ ബ്യൂറോ ഓഫ് പ്ലാന്റ് ഇൻഡസ്ട്രിക്കായില്ല. അമേരിക്ക യുദ്ധത്തിൽ പ്രവേശിച്ചതോടെ ബ്രിട്ടീഷ് ഗവണ്മെൻറ് പ്രകൃതിദത്തറബ്ബറിന്റെ വിപണനത്തിലും ലഭ്യതയിലും ചില മാറ്റങ്ങൾ വരുത്തി. ആ സമയം ബ്രിട്ടീഷ് അധീനത്തിലായിരുന്ന സിലോൺ, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള റബ്ബർ അമേരിക്കക്കു ലഭ്യമാക്കുന്ന തരത്തിലുള്ളൊരു ക്രമീകരണമാണ് ബ്രിട്ടന്റെ ഭാഗത്തു നിന്നുമുണ്ടായത്. ഈ ധാരണയുടെ അടിസ്ഥാനത്തിൽ ലഭിച്ച റബ്ബറും ലൈബീരിയയിലെ ഫയർസ്റ്റോൺ കമ്പനിവക തോട്ടങ്ങളിൽ നിന്നുമുള്ളതും കൂടി ഒരു വർഷം ലഭിച്ച 115,000 ടൺ റബ്ബർ എന്നത് യുദ്ധസമയത്ത് ആവശ്യമായിരുന്നതിന്റെ പത്തിൽ ഒന്നു മാത്രമായിരുന്നു.

അങ്ങിനെ കാട്ടിലെ റബ്ബർമരങ്ങളിലേക്കു വീണ്ടും ശ്രദ്ധ തിരിഞ്ഞു. റബ്ബർ റിസർവ് കമ്പനിയെ പുനർനാമകരണം ചെയ്തു ഉദയം കൊണ്ട റബ്ബർ ഡെവലപ്മെന്റ് കോർപ്പറേഷ (RDC-ആർ.ഡി.സി.) –നു പുതിയ സംരംഭവുമായി മുന്നോട്ടു പോകുന്നതിൽ വിശ്വാസക്കുറവുണ്ടായിരുന്നു. ബ്രസീലിൽ നിന്നുള്ള സർവ്വെ ടീമിന്റെ കണക്കനുസരിച്ച് 1941 – ൽ കാട്ടിനകത്തുള്ള 200 മില്യൺ റബ്ബർ മരങ്ങളിൽ നിന്നും 667,000 ടൺ വാർഷിക ഉത്പാദനം ലഭിക്കേണ്ടതാണെങ്കിലും പ്രായോഗികമായി ലഭിക്കുന്നത് 100,000 ടൺ മാത്രമായിരുന്നു. എന്നാൽ ഇതിനുവേണ്ടി വരുന്ന ഭീമമായ ചെലവ് തിട്ടപ്പെടുത്തുന്നത് എളുപ്പമായിരുന്നില്ല. കൂടുതൽ തൊഴിലാളികളെ കാടിനകത്തേയ്ക്കു നിയോഗിക്കേണ്ടിവരുമെന്നും കറയുടെ ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനു വേണ്ടി രാസവസ്തുക്കൾ റബ്ബർമരങ്ങളിൽ ഉപയോഗിക്കേണ്ടിവരുമെന്നും വിലയിരുത്തി. ടാപ്പർമാരായി വൻതോതിൽ തൊഴിലാളികളെ രാജ്യത്തിന്റ വിവിധ ഭാഗങ്ങളിൽനിന്ന് എത്തിക്കുമ്പോൾ അവർക്കുവേണ്ടി അടിസ്ഥാനജീവിതസൗകര്യങ്ങൾ ഒരുക്കുന്നതിനും ഭാരിച്ച ചെലവ് വരും. ആർ.ഡി.സി. അധികാരികൾ റബ്ബർ വ്യാപാരവുമായി ബന്ധപ്പെട്ട യാഥാർത്ഥ്യങ്ങളെ നേരിട്ടറിയുകയായിരുന്നു. ബെലം ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിലെ വാണിജ്യ കൈമാറ്റക്കാർ ഭക്ഷ്യവസ്തുക്കൾ, ഉപകരണങ്ങൾ, മണ്ണെണ്ണ, ആയുധങ്ങൾ, എന്നിവ അക്കാലത്ത് അവിടെ നിലനിന്നിരുന്ന രക്ഷാധികാരി സംവിധാനത്തിന് കൈമാറ്റം ചെയ്യുന്നു. ഇവ തൊഴിലാളികൾക്കു കടമായി കൊടുക്കുകയും പകരം അവർ ശേഖരിക്കുന്ന റബ്ബർ വാങ്ങുകയും ചെയ്യുന്നു. ശേഖരിക്കുന്ന റബ്ബർ രക്ഷാധികാരി വാണിജ്യ കൈമാറ്റക്കാർക്കു നൽകിക്കൊണ്ട് താൻ കൈപ്പറ്റിയിരിക്കുന്ന കടം വീട്ടുകയും ചെയ്യുന്നു. ഇത്തരം രക്ഷാധികാരികളായി പ്രവർത്തിച്ചിരുന്നത് വൻകിട തോട്ടമുടമകളോ കൂടുതൽ കാട്ടുറബ്ബർമരങ്ങൾ കൈവശം വച്ചിരിക്കുന്നവരോ ആണ്. ഒരു കിലോ റബ്ബർ 6.25 സെന്റ് –ന് ഇടനിലക്കാർക്കു കിട്ടുന്നു. അവർ വിൽക്കുന്നതാകട്ടെ 15 സെന്റിനും. ഈ ചൂഷണത്തിന്റെ ഇരകളായിരുന്നത് ടാപ്പർമാരാണ്. ടാപ്പിങ് സീസൺ കഴിഞ്ഞ് അവർ നാട്ടിലേക്കു മടങ്ങുമ്പോൾ മടിശീല കാലിയായിരിക്കും.

റബ്ബർ ശേഖരിക്കുന്നതിനെ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി നിലവിലുള്ള സംവിധാനത്തെ മറികടന്ന് ടാപ്പർമാർക്കു കൂടുതൽ വേതനം നൽകാൻ ആർ.ഡി.സി. തീരുമാനിച്ചു. ഇടനിലക്കാർ നൽകിയിരുന്നതിന്റെ മൂന്നിരട്ടി തുകയായിരുന്നു വാഗ്ദാനം. കോസ്റ്ററിക്കയിൽ നിന്നും കാസ്റ്റില്ല റബ്ബർ ശേഖരിക്കുന്നവർക്കു പുതിയ

# GOLDEN TOUCH®



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** – **ALUMINIUM DISH**

**GOLDEN TOUCH®** – **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

GTC
Estd. 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

സംവിധാനം ഏറെ സ്വീകാര്യമായിരുന്നു. ആമസോണിലെ ആർ.ഡി.സി. ടാപ്പർമാർക്കു വേതനം കൂട്ടിയ തക്കംനോക്കി ഇടനിലക്കാർ തങ്ങളുടെ കടകളിൽ ആവശ്യസാധനങ്ങളുടെ വിലയും വർദ്ധിപ്പിച്ചതുകൊണ്ട് ടാപ്പർമാർക്കു പുതിയ മാറ്റം കാര്യമായി ഗുണം ചെയ്തില്ല. വ്യാപാരത്തെ നിയന്ത്രിക്കുന്ന ഏജൻസിയുമായിട്ട് ചേർന്നുനിന്നുകൊണ്ട് മാത്രമേ റബ്ബറിന്റെ കയറ്റുമതി കൂട്ടാൻ കഴിയുകയുള്ളു എന്ന് അംബാസിഡറുടെ ഓഫീസ് തിരിച്ചറിഞ്ഞു. ഉത്പാദകനും ഉപഭോക്താവിനുമിടയിൽ ഒട്ടേറെ കൈകളിലൂടെ റബ്ബർ കടന്നുപോകുന്നതുകൊണ്ട് ചൂഷണത്തിനുള്ള സാദ്ധ്യത കൂടുന്നുവെന്നും കണ്ടെത്തി. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള ഇടനിലക്കാരുടെ ചൂഷണം പൂർണ്ണമായും ഒഴിവാക്കുന്നതിന് ബ്രസീലുകാർ തന്നെ ചരക്ക് നേരിട്ടു ശേഖരിച്ച് തുറമുഖത്ത് എത്തിക്കുന്നതിനുള്ള നീക്കവുമുണ്ടായി.

ഒന്നൊഴിയുമ്പോൾ മറ്റൊന്ന് എന്ന കണക്കെ വൈതരണിയായി കാലാവസ്ഥാവ്യതിയാനത്തിനനുസൃതമായി ഇലപ്പുള്ളിരോഗമായ സാൽബ് വിട്ടൊഴിയാതെ പിൻതുടർന്നു. ആർ.ഡി.സി., യു.എസ്.ഡി.എ. പ്രതിനിധികൾ ഫോർഡിന്റെ തോട്ടത്തിൽ നടത്തിയ നിരീക്ഷണത്തിൽ ലക്ഷക്കണക്കിനു മരങ്ങൾ കുമിൾബാധയേറ്റ് ഉണങ്ങിപ്പോകുന്നതായി റിപ്പോർട്ട് ചെയ്തു. ശക്തമായ മഴക്കാലത്ത് തളിരിലകളെ ആക്രമിക്കുന്ന മറ്റൊരു കുമിൾരോഗത്തെ അവർ കണ്ടെത്തി. സാൽബിനു പ്രതിവിധിയായി ക്രൗൺ ബഡ്ഡിങ് 1941 -ൽ 322,000 മരങ്ങളിലും 1943 -ൽ 820,000 മരങ്ങളിലും ചെയ്തു. ഉത്പാദനക്ഷമതയുള്ളതും എന്നാൽ സാൽബ് പ്രതിരോധശേഷിയില്ലാത്തതുമായ മരങ്ങളുടെ തലപ്പിനു പകരമായി പ്രതിരോധശേഷിയുള്ള ഇനത്തിന്റെ കണ്ണുവച്ച് പിടിപ്പിച്ച് ഇലച്ചിൽ വളർത്തിയെടുക്കുന്ന പ്രക്രിയയാണ് ക്രൗൺബഡ്ഡിങ്. ഇത്തരം ചെടികൾക്കു മൂന്നു ഭാഗങ്ങളുണ്ട്: തായ് ചെടി, ബഡ്ഡിങ്ങിലൂടെ വച്ചു പിടിപ്പിക്കുന്ന ഉത്പാദനക്ഷമതയുള്ള ഇനം, രോഗപ്രതിരോധശേഷിയുള്ള ഇനത്തിലെ തലപ്പ് എന്നിവയാണവ. ക്രൗൺ ബഡ്ഡിങ്ങു ചെയ്തിരുന്ന മരങ്ങളൊന്നിന്റെ പോലും കിളിർപ്പുകൾ പുതിയതായി കണ്ടെത്തിയ കുമിൾ രോഗത്തിനിരയായതായി കാണുവാനായില്ല. 1944 – 45 കാലഘട്ടത്തിൽ സാൽബ് ശക്തമായപ്പോൾ രോഗപ്രതിരോധമുണ്ടെന്നു വിശ്വസിച്ചിരുന്ന തലപ്പുകളിൽ രോഗലക്ഷണം കണ്ടു. ഹീവിയയുടെ ഗ്വയനെൻസിസ്, സ്പ്രൂസിയാന എന്നീ സ്പീഷീസുകൾക്ക് താരതമ്യേന രോഗപ്രതിരോധശേഷി ഉള്ളതായി കണ്ടു. എന്നാൽ ഇവയ്ക്കു ഫൈറ്റോഫ്ത്തോറ കൊണ്ടുണ്ടാകുന്ന ഇലരോഗം കൂടുതലുണ്ടായിരുന്നു. അത്യുത്പാദനവും മികച്ച രോഗപ്രതിരോധശേഷിയുമുള്ള ഇനങ്ങളെ പരപരാഗണത്തിലൂടെ വികസിപ്പിച്ചെടുത്തതിനു ശേഷം മതി വൻതോതിൽ കൃഷിയുടെ തുടർവ്യാപനം എന്ന് വിലയിരുത്തുകയും ചെയ്തു.

ഫോർഡിന്റെ തോട്ടത്തിലെ ലക്ഷക്കണക്കിനു മരങ്ങൾ ടാപ്പിങ്ങിനു സജ്ജമായിരുന്നു. സാൽബ് ആക്രമണം രൂക്ഷമായപ്പോൾ ഒട്ടേറെ മരങ്ങൾ ഉണങ്ങിപ്പോകുകയും ശേഷിച്ചവയുടെ ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്തതോടെ റബ്ബർതോട്ടങ്ങൾ ലാഭകരമല്ലാതായി. നടീൽവസ്തുവായി റബ്ബർവിത്തിന് വൻതോതിൽ ആവശ്യമുണ്ടായിരുന്നതുകൊണ്ട് റബ്ബർ കായ് ശേഖരണവും അത് വിറ്റുകിട്ടുന്ന തുകയുമായി തോട്ടങ്ങളിൽ നിന്നുള്ള വരുമാനം ഒതുങ്ങി.

ബ്രിട്ടീഷ് ഗയാനയിൽ ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പ് നട്ടിരുന്ന 64,000 മരങ്ങളിൽ ആർ.ഡി.സി. -യുടെ നേതൃത്വത്തിൽ ടാപ്പിങ് ആരംഭിക്കുകയും പ്രതിവർഷം 130 ടൺ റബ്ബർ കയറ്റുമതിയുണ്ടായിരുന്ന് രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോഴേക്കുമത് 99 ടണ്ണായി കുറഞ്ഞു. ഇക്കാലയളവിൽ ഹെക്ടർപ്രതി വാർഷിക ഉത്പാദനം 283 കിലോഗ്രാം മാത്രമായിരുന്നു. ട്രിനിഡാഡിൽ നിന്നുമുള്ള റബ്ബറുത്പാദനം കൂടി 225 ടൺ കയറ്റുമതി ചെയ്തു. യുദ്ധസമയത്ത് പ്രകൃതിദത്തറബ്ബറിനു വിലയിലുണ്ടായ കുതിപ്പ് ബ്രിട്ടീഷ് ഗ്വനിയ, ട്രിനിഡാഡ്, സുറിനാം എന്നിവിടങ്ങളിലൊന്നും പുതുക്കൃഷിയോ, ആവർത്തനക്കൃഷിയോ ചെയ്യുന്നതിൽ പ്രതിഫലിച്ചില്ല.

റബ്ബർവിത്ത് ശേഖരണത്തിലും അതിന്റെ വിപണനത്തിലും യു.എസ്.ഡി.എ. തൽപരരായിരുന്നു. സെൻട്രൽ അമേരിക്കയിലെ വരൾച്ചയ്ക്കും ശൈത്യത്തിനും ഉതകുംവിധത്തിലുള്ള വിത്തുകൾ ശേഖരിച്ചു കൊണ്ടിരുന്നു. യുദ്ധകാലത്തെ ജലയാനങ്ങളുടെ സ്വതന്ത്രവിഹാരത്തിലൂടെ വീണു കിട്ടിയ അവസരം മുതലെടുത്തു കൊണ്ട് അതീവജാഗ്രതയോടെ കാത്തുസൂക്ഷിച്ചിരുന്ന റബ്ബറിന്റെ ജനിതക ശേഖരം ബ്രസീലിൽ നിന്നു യഥേഷ്ടം കടത്തിക്കൊണ്ടുപോകാൻ ഒപ്പംനിന്ന പല ഏജൻസികൾക്കും കഴിഞ്ഞു. സാൽബ് മൂലം തോട്ടങ്ങൾ വ്യാപകമായി നശിക്കുകയും ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്തുകൊണ്ടിരുന്ന വേളയിലാണ് അമൂല്യ ജനിതകശേഖരം ഇത്തരുണം കൊള്ളയടിക്കപ്പെട്ടത്.

രോഗപ്രതിരോധശേഷിയുള്ളതായി ഫോർഡ് കണ്ടെത്തിയതു അദ്ദേഹത്തിന്റെ തോട്ടത്തിൽ ശേഷിച്ച മരങ്ങളുടെ ഗണത്തിൽ നിന്നായിരുന്നു എന്നത് ഒരു പരിമിതിയായി യു.എസ്.ഡി.എ. വിലയിരുത്തി. രോഗപ്രതിരോധത്തിനൊപ്പം തന്നെ ഉത്പാദനവും വൈവിദ്ധ്യമാർന്ന മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ ജനിതക ഘടനയുള്ളവയെ കണ്ടെത്താൻ മൂന്നു ബൊട്ടാണിസ്റ്റുകളെ ആമസോൺ കാടുകളിലേക്ക് യു.എസ്.ഡി.എ. അയച്ചു. അമേരിക്കയിൽ നിന്നും ആമസോണിലെത്തിയ അവർ ഐ.എ.എൻ. അധികൃതരുമായി ചേർന്നു ശേഖരിച്ച വിത്തുകൾ ബാഗുകളിലാക്കി മേൽവിലാസവുമെഴുതിവച്ചിരിക്കുന്നതാണ് അധികാരികൾ കണ്ടത്. കാടിനകത്ത് ചിതറിക്കിടക്കുന്ന റബ്ബർ ശ്രോതസ്സിനെ ഏകോപിപ്പിച്ചു കൊണ്ട് ഭാവിസാദ്ധ്യതയെക്കുറിച്ച് പഠിക്കാനെത്തിയ ഏജൻസികളുടെ വഴിവിട്ട പെരുമാറ്റങ്ങളിലൊന്നു മാത്രമാണിത്.

ബ്രസീലിയൻ കമ്മീഷൻ ഡയറക്ടറായിരുന്ന വാലെൻഡിം ബോക്കസ് ഒരു ബിസിനസ് മാഗസിനിൽ എഴുതിയത് ഇപ്രകാരമായിരുന്നു. 1920 – കാലഘട്ടത്തിൽ ഇലപ്പുള്ളി രോഗം വലിയൊരു പ്രശ്നമായിരുന്നില്ലെന്നും ഫോർഡ് പ്ലാന്റേഷൻ തുടങ്ങുന്നതിനു വേണ്ടി കണ്ടെത്തിയ പ്രദേശത്തിന്റെ പരിമിതി ഒന്നു മാത്രമാണ് ഈ പ്രശ്നങ്ങൾക്കു കാരണമെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ഫോർഡിനു വൻതോതിൽ കൃഷി ആരംഭിക്കുന്നതിനു വേണ്ടുന്ന നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കാൻ വേണ്ടി നഴ്സറികൾ തുടങ്ങാൻ ഐ.എ.എൻ.-നോട് നിർദ്ദേശിക്കുകയും ചെയ്തു. ഇത്തരത്തിലൊരു ഒത്താശ ചെയ്തു കൊടുത്തതിനു പിന്നിലെ കാരണമെന്തെന്നറിയില്ല.

*(തുടരും)*



# ജൂൺമാസത്തെ കൃഷിപ്പണികൾ

നിലമൊരുക്കൽ തീർന്നിട്ടില്ലെങ്കിൽ തുടരാവുന്നതാണ്. കുഴികൾ മൂടുന്ന അവസരത്തിൽ കുഴിയൊന്നിന് 12 കി.ഗ്രാം കമ്പോസ്റ്റോ അഴുകി പ്പൊടിഞ്ഞ ചാണകമോ 200 ഗ്രാം റോക്ക്ഫോസ്ഫേറ്റുമായി ചേർത്ത് അടിവളമായി നൽകാം. തെളിച്ചെടുത്ത വനപ്രദേശങ്ങളിലുള്ള പുതുമണ്ണിൽ റബ്ബർകൃഷി ചെയ്യുമ്പോൾ അടിസ്ഥാനവളമായി റോക്ക് ഫോസ്ഫേറ്റ് മാത്രം ചേർത്താൽ മതിയാകും.

കാലാവസ്ഥ അനുകൂലമാണെങ്കിൽ തൈനടീൽ ആരംഭിക്കാം. ഒട്ടുതൈക്കുറ്റികളാണ് നടാൻ ഉപയോഗിക്കുന്നതെങ്കിൽ അവയുടെ പക്കവേരുകൾ, പ്രത്യേകിച്ച് ചെടിയുടെ കടയ്ക്ക് തൊട്ടുതാഴെയുള്ളവ, തായ്‌വേരിനോടു ചേർത്ത് ഒരിക്കലും മുറിക്കരുത്.

### പോളിത്തീൻ കൂടത്തൈകൾ

കൂടത്തൈകളാണ് നടാനുപയോഗിക്കുന്നതെങ്കിൽ അവയുടെ ഏറ്റവും മുകളിലത്തെ ഇലത്തട്ട് മൂപ്പെത്തിയിരിക്കണം. കാനകളിൽ വച്ചിരിക്കുന്ന കൂടത്തൈകൾ എടുത്തുമാറ്റുമ്പോൾ വേരുകൾ കൂട തുളച്ച് വെളിയിലേക്ക് വളർന്നിട്ടുണ്ടെങ്കിൽ അവ മുറിച്ചുകളയണം. മൂടിയിട്ടിരിക്കുന്ന കുഴിയുടെ നടുഭാഗത്തായി കൂടയെക്കാൾ കുറച്ചുകൂടി വലിപ്പമുള്ള ഒരു കുഴിയുണ്ടാക്കുക. കൂടയുടെ അടിവശത്തെ പോളിത്തീൻ മുറിച്ചുമാറ്റി കൂടത്തൈ കുഴിയിലേക്ക് സാവധാനം ഇറക്കിവച്ച്, തൈകളുടെ വേരുകൾക്ക് മുറിവുപറ്റാതെ പോളിത്തീൻ മുഴുവനായി മുറിച്ചു മാറ്റുക. പോളിത്തീൻ സാവധാനം വലിച്ചുമാറ്റുന്നതോടൊപ്പം തൈക്കു ചുറ്റും മണ്ണിട്ടുറപ്പിച്ചുകൊണ്ടിരിക്കണം. കുഴി ഏതാണ്ടു പകുതിയോളം മണ്ണിട്ട് ഉറപ്പിച്ചുകഴിഞ്ഞാൽ പോളിത്തീൻ പൂർണ്ണമായും വലിച്ചുമാറ്റാം. പിന്നീട് തൈക്കു ചുറ്റും മണ്ണിട്ടു നല്ലതുപോലെ ഉറപ്പിക്കണം.

### കപ്പുതൈകൾ

കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റിനടുന്നതിനുമുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ ഒത്ത നടുവിൽ ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴി യിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച് ഒരു ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.

**കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റിനടുന്നതിനുമുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രത ലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ ഒത്ത നടുവിൽ ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴിയിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച് ഒരു ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.**



### ആവരണവിള
റബ്ബർതൈകൾ നട്ടുപിടിപ്പിക്കുന്നതിനോടൊപ്പംതന്നെ തോട്ടത്തിൽ ആവരണവിളയും നടുന്നത് നല്ലതാണ്. പടർന്നുവളരുന്ന പയറുവർഗ്ഗത്തിൽപെട്ട ആവരണവിളകളാണ് കൂടുതൽ പ്രയോജനകരം *പ്യൂറേറിയ* എന്ന ഇനം തോട്ടപ്പയറാണ് തോട്ടങ്ങളിൽ കൂടുതലായും കൃഷിചെയ്യുന്നത്. തിളപ്പിച്ച വെള്ളത്തിലേക്ക് അത്രതന്നെ പച്ചവെള്ളം ചേർത്ത് അതിലേക്ക് പയർവിത്തിട്ട് 4-6 മണിക്കൂർ നേരം വയ്ക്കുക. വെള്ളം വാർന്നശേഷം ഒരു കിലോഗ്രാം വിത്തിന് ഒരു കിലോഗ്രാം റോക്ക്ഫോസ്ഫേറ്റ് എന്ന കണക്കിൽ ചേർത്ത് വിത്തുകൾ തടങ്ങളിൽ വിതയ്ക്കാം.

### കളയെടുപ്പ്
റബ്ബർചെടികൾക്കിടയിൽ കളയെടുപ്പു നടത്തണം. നീക്കംചെയ്യുന്ന കളകൾ ഉണങ്ങിയശേഷം ചെടികളുടെ ചുവട്ടിൽ ചവറുവയ്ക്കാൻ ഉപയോഗിക്കാം.

### സ്പ്രേയിങ്
കൂമ്പുചീയലിനെയും മറ്റ് ഇലരോഗങ്ങളെയും തടയുന്നതിന് തൈകളുടെ തളിരിലകളിലും കൂമ്പിലും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കണം. നഴ്സറിത്തൈകളിൽ രോഗബാധ ആവർത്തിക്കാൻ സാധ്യതയുള്ളതിനാൽ ഇത് പലതവണ ചെയ്യേണ്ടിവരും. മിശ്രിതം തളിരിലകളിലും കൂമ്പിലും



നന്നായി പറ്റിപ്പിടിപ്പിക്കുന്നതിന് ടീപ്പോൾ, ടെനാക്ക്, സാൻഡോവിറ്റ് ഇവയിലേതെങ്കിലും (100 ലിറ്ററിന് 50 മി. ലിറ്റർ എന്ന കണക്കിൽ) ചേർക്കുന്നത് നല്ലതാണ്.

### ടാപ്പിങ്
റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ മരങ്ങളുടെ പട്ടചീയൽ തടയാൻ മാങ്കോസെബ് (75 ശതമാനം WP) എന്ന കുമിൾനാശിനി 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത ലായനി ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ വെട്ടുപട്ട കഴുകണം.


## റബ്ബർമാസിക- പരസ്യനിരക്കുകൾ

റബ്ബർമാസികയുടെ പുതുക്കിയ പരസ്യനിരക്കുകൾ
(5 ശതമാനം ജി.എസ്.റ്റി. സഹിതം) താഴെച്ചേർക്കുന്നു.




| | | |
|---|---|---|
| ബാക്ക് കവർ (കളർ) | - | 13860 രൂപ |
| ഫ്രണ്ട് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| ബാക്ക് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| സെന്റർ സ്പ്രെഡ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 16800 രൂപ |
| ഇൻസൈഡ് ഫുൾ പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 8400 രൂപ |
| ഇൻസൈഡ് 1/2 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 4200 രൂപ |
| ഇൻസൈഡ് 1/4 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 2100 രൂപ |
| ഇൻസൈഡ് 1/8 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 1313 രൂപ |

പരസ്യം നൽകാൻ ആഗ്രഹിക്കുന്നവർ, തയ്യാറാക്കിയ പരസ്യത്തിന്റെ സോഫ്റ്റ് കോപ്പി, പരസ്യം നൽകാൻ ആഗ്രഹിക്കുന്ന ലക്കത്തിന്റെ തൊട്ടുമുൻപത്തെ മാസം 15-ാം തീയതിക്കകം നൽകേണ്ടതാണ്. എഡിറ്റർ, റബ്ബർമാസിക, കോട്ടയം-2 എന്ന വിലാസത്തിൽ അയച്ചുതരികയോ ppr@rubberboard.org.in എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യുകയോ ചെയ്യാം. പരസ്യത്തുക സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം-2 എന്ന വിലാസത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കുകയോ റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ നേരിട്ട് അടയ്ക്കുകയോ ചെയ്യാം.

## എൻ.ഐ.ആർ.ടി.-യിലെ സൗകര്യങ്ങൾ ഉപയോഗിക്കാൻ അവസരം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി.)-ൽ ലഭ്യമായിട്ടുള്ള മെഷീനറികൾ, ടെസ്റ്റിങ് ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന തിന് റബ്ബർ ബോർഡ് അവസരം നൽകുന്നു. വ്യവസായസ്ഥാപനങ്ങളിൽനിന്ന് സാക്ഷ്യപ്പെടുത്തിയവർക്കും പുതിയ വ്യവസായങ്ങളിൽ ഏർപ്പെടാൻ താൽപര്യവും കഴിവും ഉള്ളവരുമായ വ്യക്തികൾക്കും അവരുടെ ഉത്പ ങ്ങളുടെ വികസനവും പരിശോധനകളുമായി ബന്ധപ്പെട്ട് സ്വന്തമായി പ്രോട്ടോടൈപ്പുകളും സാമ്പിളുകളും ഉണ്ടാക്കുതിനുള്ള പരീക്ഷണങ്ങൾക്ക് മിതമായ നിരക്കിൽ ഈ സൗകര്യം ഉപയോഗിക്കാൻ കഴിയും. സാമ്പിളുകൾ നിർമ്മിക്കുതിനും പരീക്ഷണങ്ങൾ നടത്തുന്നതിനും ആവശ്യമായ എല്ലാ വസ്തുക്കളും ഗുണഭോക്താക്കൾ തന്നെ കൊണ്ടുവരേണ്ടതാണ്. വിദ്യാർത്ഥികൾ, സംരംഭകർ, ഗവേഷകർ തുടങ്ങിയവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് 04812353325 എന്ന ഫോൺ നമ്പരിലോ 04812353201. എ വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇമെയിൽ: training@rubberboard.org.in

## ഡി.എൻ.എ. സീക്വൻസിങ്ങിന് റബ്ബർബോർഡിൽ സൗകര്യം

റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം സാങ്കർ ഡി.എൻ.എ. സീക്വൻസിങ് സേവനം ലഭ്യമാക്കുന്നു. ഗവേഷകർ, വിദ്യാർത്ഥികൾ, സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുള്ളവർ എന്നിവർക്കെല്ലാം ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. എ.ബി.ഐ. 3500 എക്സ്. എൽ. 24 കാപ്പിലറി ഇലക്ട്രോഫോറെസിസ് സിസ്റ്റം ( ABI 3500 XL 24 Capillary Electrophoresis System) ഉപയോഗിച്ച് കോളം ബെയ്സ്ഡ് പ്യൂരിഫൈഡ് പി.സി.ആർ. ഉത്പന്നങ്ങളുടെയും (Columnbased purified PCR products) പ്ലാസ്മിഡ് ഡി.എൻ.എ. സാംപിളുകളുടെയും (plasmid DNA samples) ജനിതകശ്രേണി നിർണ്ണയം ചെയ്യുതിനുള്ള സൗകര്യമാണ് ഇവിടെ ലഭ്യമാകുക. ഡിഎൻഎ യുടെ അടിസ്ഥാന നിർമ്മാണ യൂണിറ്റുകളായ ന്യൂക്ലിയോറ്റൈഡുകളുടെ ശ്രേണി നിർണ്ണയിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗങ്ങളിലൊന്നാണ് സാങ്കർ സീക്വൻസിങ്. അതീവകൃത്യത (99.99%) ഉള്ളതിനാൽ സീക്വൻസിങ്ങിലെ ഗോൾഡ് സ്റ്റാൻഡേർഡായാണ് ഇതിനെ കണക്കാക്കുന്നത്.

ഡി.എൻ.എ. സീക്വൻസിങ് ആവശ്യമുള്ളവർ അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ഓൺലൈനായി thomasku@rubberboard.org.in എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യണം. റിപ്പോർട്ടുകൾ ഇ-മെയിൽ ആയി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0481 2353311 (എക്സ്റ്റൻഷൻ 202) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.


കേരളത്തിലെവിടെയും റബ്ബർ പ്ലാന്റ് ചെയ്യുന്നു

എത്ര ചരിവും കുത്തിറക്കവും കട്ടിംഗ് അടിച്ച് പ്ലാറ്റ് ഫോം വെട്ടി സ്ഥലം ഒട്ടും പാഴാക്കാതെ പ്ലാന്റ് ചെയ്യുന്നു

★ 2¼ x 5 feet platform ★ 9 feet road platform with regular pit

HITACHI SERVICES
Ex 50, Ex 70

- വിദഗ്ദ്ധരായ ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ്
- സൂപ്പർവൈസേഴ്സ്
- പ്ലാന്റേഴ്സ്




RRII 430
RRII 414
RRII 105
PB 260

Pala Plantation Services Pvt. Ltd.

8113857771, 8113857772

www.palaplantations.com

Pala Plantation Services (P)Ltd

Pala Plantation Services Pvt. Ltd, Kizhathadiyoor P.O, Pala
8113857773, 8113857774, info@palaplantations.com



# കോൾ സെന്ററിൽനിന്ന്...

റബ്ബർ മരങ്ങൾക്കുള്ള വളപ്രയോഗം, റെയിൻഗാർഡിങ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് കോൾ സെന്റർ നടത്തിയ പ്രത്യേക ഫോൺ ഇൻ പരിപാടികളിൽ പങ്കെടുത്തവരുടെ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ആനി ഫിലിപ്പ്; ഡെവലപ്മെന്റ് ഓഫീസർ ഡോ. കെ. എ. വിൻസന്റ് എന്നിവർ യഥാക്രമം നൽകിയ മറുപടികളാണ് താഴെ ചേർത്തിട്ടുള്ളത്.

## റബ്ബർ മരങ്ങൾക്കുള്ള വളപ്രയോഗം

1. ***റബ്ബർ മരങ്ങൾക്ക് വളമിടുന്നതിന് അനുകൂലമായ കാലാവസ്ഥ ഏതാണ്?***

   മണ്ണിൽ നല്ല ഈർപ്പമുള്ളപ്പോഴാണ് വളമിടേണ്ടത്. എന്നാൽ ശക്തിയേറിയ മഴയുള്ളപ്പോൾ വളമിടരുത്.

2. ***വളമിശ്രിതം ഉപയോഗിക്കുന്നതാണോ നേർവളങ്ങൾ കൂട്ടി ഉപയോഗിക്കുന്നതാണോ കൂടുതൽ നല്ലത്?***

   വളപ്രയോഗത്തിന് വളമിശ്രിതങ്ങളും നേർവളങ്ങളും ഉപയോഗിക്കാം. വളമിശ്രിതങ്ങളാണുപയോഗിക്കാനെളുപ്പമെങ്കിലും നേർവളങ്ങൾ ഉപയോഗിച്ചാൽ ചെലവ് കുറവായിരിക്കും.

3. ***എൻ.പി.കെ.എം.ജി. 10-10-4-1.5 വളമിശ്രിതത്തിന്റെ നേർവളക്കൂട്ട് എപ്രകാരമാണ്?***

   100 കിലോഗ്രാം എൻ.പി.കെ.എം.ജി. മിശ്രിതം തയ്യാറാക്കുന്നതിന് 22 കി.ഗ്രാം യൂറിയ, 55 കി.ഗ്രാം രാജ്ഫോസ്, 7 കി.ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, 10 കി.ഗ്രാം മഗ്നീഷ്യം സൾഫേറ്റ് എന്നിവ ചേർത്ത് നന്നായി യോജിപ്പിച്ചെടുത്താൽ മതി. മിശ്രിതം ഉണ്ടാക്കുന്ന ദിവസം തന്നെ ഉപയോഗിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

4. ***പുതിയ ശുപാർശപ്രകാരമുള്ള വളമിശ്രിതങ്ങൾ വിപണിയിൽ ലഭ്യമാണോ?***

   പുതിയ ശുപാർശപ്രകാരം ടാപ്പ് ചെയ്യുന്ന മരങ്ങൾക്ക് 30:20:30 കിലോഗ്രാം എൻ.പി.കെ. ആണ് ഹെക്ടർ പ്രതി ഒരു വർഷം നൽകേണ്ടത്. ഇതിനായി എൻ.പി.കെ. 12:08:12 എന്ന മിശ്രിതം 250 കിലോഗ്രാം ഒരു വർഷം ചേർത്തു കൊടുത്താൽ മതിയാകും. (പുതുക്കിയ ശുപാർശ സംസ്ഥാന കൃഷിവകുപ്പിനെയും വളമിശ്രിതമുണ്ടാക്കുന്നവരെയും അറിയിച്ചിട്ടുണ്ട്. പുതിയ വളമിശ്രിതം വിപണിയിൽ ലഭ്യമായി വരുന്നു.)

5. ***ടാപ്പു ചെയ്യുന്ന തോട്ടങ്ങളിൽ നേരത്തെയുള്ള നീർക്കുഴിയിലെ മണ്ണുനീക്കി വൃത്തിയാക്കിയ ശേഷം ആ കുഴിയിൽ വളം ചെയ്യാമോ?***

   ഒന്നാം വർഷം മുതൽ നാലാംവർഷംവരെ പ്രായമുള്ള റബ്ബർതൈകൾക്ക് ചുറ്റുമാണ് വളം ചെയ്യേണ്ടത്. അഞ്ചാം വർഷം മുതലുള്ള മരങ്ങൾക്ക് രണ്ടു മരങ്ങളുടെ ഇടയിലായോ നാലുമരങ്ങളുടെ നടുവിലായോ വളം വിതറികൊടുക്കേണ്ടതാണ്. യാതൊരു കാരണവശാലും നീർക്കുഴിയിൽ വളം ചേർക്കരുത്.




ഡോ. ആനി ഫിലിപ്പ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു



ഡോ. കെ. എ. വിൻസന്റ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു

6. ***റബ്ബർതോട്ടങ്ങളിൽ കുമ്മായം ചേർക്കേണ്ട ആവശ്യമുണ്ടോ?***

മണ്ണിന്റെ അമ്ലസ്വഭാവം കുറയ്ക്കുന്നതിന് കുമ്മായം ചേർക്കുന്നത് നല്ലതാണ്. കേരളത്തിലെ റബ്ബർ തോട്ടങ്ങളിലെ മണ്ണ് പൊതുവെ അമ്ലസ്വഭാവം കാണിക്കുന്നു. അമ്ലത്വം കൂടിയ മണ്ണിൽ പോഷകമൂലകങ്ങളുടെ ലഭ്യത കുറയുകയും തൈകളുടെ വളർച്ചയെ ബാധിക്കുകയും ചെയ്യും. റബ്ബറിന്റെ ഉത്പാദനവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നില്ലെങ്കിലും മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിന് തോട്ടങ്ങളിൽ കുമ്മായം ചേർക്കുന്നത് നല്ലതാണ്. ചെടികൾക്ക് ലഭ്യമാകുന്ന രൂപത്തിലുള്ള കാത്സ്യം കുറവും വളരെകൂടിയ അമ്ലതയുമുള്ള മണ്ണിൽ ചേർക്കേണ്ട കുമ്മായത്തിന്റെ അളവും ഉപയോഗക്രമവും റബ്സിസ് ആപ്ലിക്കേഷൻ വഴി അറിയാൻ കഴിയും.

7. ***റബ്സിസ് (RubSIS) എന്നാൽ എന്താണ്?***

റബ്ബർതോട്ടങ്ങളിലെ വളപ്രയോഗം കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി ഇൻഡ്യൻ റബ്ബർ ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത ഓൺലൈൻ വളപ്രയോഗ ശുപാർശാ സംവിധാനമാണ് റബ്സിസ്. (Rubber Soil Information System - RubSIS). ഇന്റർനെറ്റ് സംവിധാനമുള്ള കമ്പ്യൂട്ടർ ഉപയോഗിച്ചോ സ്മാർട്ട് ഫോണുകളിലെ ഗൂഗിൾ പ്ലേസ്റ്റോറിൽനിന്നോ RubSIS ആപ്പ് ഡൗൺലോഡ് ചെയ്തോ ഈ സേവനം ഉപയോഗപ്പെടുത്താം.

## റെയിൻഗാർഡിങ്

1. ***റബ്ബർ മരങ്ങൾ റെയിൻഗാർഡു ചെയ്യേണ്ടതിന്റെ ആവശ്യകത എന്താണ്?***

കേരളത്തിലെ കാലാവസ്ഥ നോക്കിയാൽ 4-5 മാസം മഴക്കാലമാണെന്ന് കാണാം. നല്ല ഉത്പാദനം ലഭിക്കുന്ന ഈ സമയത്ത് ടാപ്പ് ചെയ്യാതിരിക്കുന്നത് കർഷകരെ സംബന്ധിച്ചിടത്തോളം വലിയൊരു നഷ്ടമാണ്. മാത്രവുമല്ല, റെയിൻഗാർഡു ചെയ്യാത്ത തോട്ടങ്ങളിൽ പ്രതിവർഷം ഹെക്ടർ ഒന്നിന് 500 കിലോഗ്രാം വരെ ഉത്പാദനനഷ്ടം ഉണ്ടാകുന്നുവെന്നും പഠനങ്ങളിൽനിന്ന് വ്യക്തമാണ്. അതിനാൽ മരങ്ങൾ റെയിൻഗാർഡു ചെയ്യേണ്ടത് അത്യാവശ്യമാണ്.

2. ***നമ്മുടെ നാട്ടിൽ നിലവിലുള്ള റെയിൻഗാർഡിങ് രീതികൾ ഏതൊക്കെയാണ്?***

നമ്മുടെ നാട്ടിൽ കൂടുതൽ പ്രചാരത്തിലുള്ളത് പോളീത്തിൻ ഷീറ്റ് കൊണ്ടുള്ള പാവാട റെയിൻഗാർഡിങ് ആണ്. 300 ഗേജ് കനവും 45 സെന്റീമീറ്റർ വീതിയുമുള്ള എൽ.ഡി.പി.ഇ. ഷീറ്റാണ് ഇതിന് ഉപയോഗിക്കുന്നത്. ടാപ്പിംഗ് ഷേഡ് ഉപയോഗിച്ചുകൊണ്ടുള്ള റെയിൻഗാർഡിങ്ങും നമ്മുടെ നാട്ടിൽ വ്യാപകമാണ്. ഇതു കൂടാതെ ഗാർഡിയൻ റെയിൻഗാർഡ്, കിസാൻ റെയിൻഗാർഡ് എന്നിവയും ഉപയോഗിച്ച് വരുന്നു.

3. ***റബ്ബർ മരങ്ങൾ റെയിൻഗാർഡിങ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

മഴ ആരംഭിക്കുന്നതിന് മുൻപ് തന്നെ റെയിൻഗാർഡിങ്ങ് പൂർത്തീകരിക്കേണ്ടതാണ്. ഗുണമേന്മയുള്ള റെയിൻഗാർഡിങ്ങ് സാമഗ്രികൾ ഉപയോഗിച്ച്

മാത്രമേ റെയിൻഗാർഡിങ് ചെയ്യാവൂ. ഈ കാര്യത്തിൽ റബ്ബർ ബോർഡ് കമ്പനികളെ കർഷകർക്ക് ആശ്രയിക്കാവുന്നതാണ്. റെയിൻഗാർഡിങ്ങിന് ഉപയോഗിക്കുന്ന പശ ഒരു കാരണവശാലും ചൂടാക്കാൻ പാടുള്ളതല്ല. വെട്ടുചാലിന്റെ ഇരുവശങ്ങളിലേക്ക് 15 സെന്റീമീറ്റർ വീതം കടത്തിവേണം റെയിൻ ഗാർഡ് ഇടാൻ. വെട്ടുചാൽ നനയുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. ***ഒരു ഹെക്ടർ റബ്ബർതോട്ടം റെയിൻഗാർഡു ചെയ്യാൻ എന്ത് ചെലവ് വരും?***

   പോളിത്തീൻ ഷീറ്റ് ഉപയോഗിച്ചുകൊണ്ട് ഒരു ഹെക്ടർ റബ്ബർതോട്ടം (350 മരം) റെയിൻഗാർഡു ചെയ്യാൻ 9000 രൂപയും, ഷേഡ് ഉപയോഗിച്ച് റെയിൻഗാർഡു ചെയ്യാൻ 14000 രൂപയും ഏകദേശം ചെലവ് വരും.

5. ***റെയിൻഗാർഡു ചെയ്താൽ വെട്ടുചാലിൽ എന്തെങ്കിലും രോഗങ്ങൾക്ക് സാധ്യത ഉണ്ടോ?***

   റെയിൻഗാർഡ് പിടിപ്പിച്ച മരങ്ങളുടെ വെട്ടുചാലിൽ ഈർപ്പം നിലനിൽക്കുന്നതിനുള്ള സാധ്യത ഉണ്ട്. ഇത് പട്ടചീയലിന് കാരണമായേക്കാം. അതിനാൽ ആഴ്ചയിൽ ഒരിക്കൽ ഇൻഡോഫിൽ എം. 45 അല്ലെങ്കിൽ ഡൈത്തേൻ എം. 45 എന്ന കുമിൾനാശിനി (5 gm ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) ഉപയോഗിച്ച് കഴുകേണ്ടതാണ്. ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ റെയിൻഗാർഡ് ഉയർത്തിവച്ച് വെട്ടുചാലിൽ കാറ്റും, വെളിച്ചവും ഏൽക്കാനുള്ള സാഹചര്യം ഒരുക്കുന്നതും നന്നായിരിക്കും.

തയ്യാറാക്കിയത്

**ആൻസമ്മ ജോർജ്ജ്**
(അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ)

## റബ്ബറിന്റെ രോഗനിയന്ത്രണത്തിന് 'വാട്ട്സ്ആപ്പ്'

റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗകീടങ്ങളെക്കുറിച്ചും അവയ്ക്കുള്ള പ്രതിവിധികളെക്കുറിച്ചും അറിയാൻ വാട്ട്സ് ആപ്പിലൂടെ ബന്ധപ്പെടാം. റബ്ബറിനെ ബാധിക്കുന്ന എല്ലാവിധ രോഗ- കീടബാധകളും യഥാസമയം തിരിച്ചറിയുന്നതിനും പ്രതിവിധികൾ മനസ്സിലാക്കി തോട്ടങ്ങളിൽ നടപ്പാക്കുന്നതിനും ഈ സേവനം പ്രയോജനപ്പെടും. റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗകീടങ്ങളെ തിരിച്ചറിയാൻ കർഷകർക്കു സ്വയം കഴിയുന്നില്ലെങ്കിൽ രോഗവിവരങ്ങൾ ചിത്രങ്ങൾ സഹിതം മൊബൈലിൽ എടുത്ത് വാട്ട്സ് ആപ്പിലൂടെ (നമ്പർ 9496333117) അയച്ചാൽ ഗവേഷണകേന്ദ്രത്തിലെ വിദഗ്ധർ പ്രശ്നം തിരിച്ചറിഞ്ഞ് പ്രതിവിധികൾ നിർദ്ദേശിക്കും.

കൂടാതെ രോഗകീടങ്ങളെ തിരിച്ചറിയാൻ റബ്ബർഗവേഷണകേന്ദ്രത്തിലെ റബ്ബർ ക്ലിനിക്കിന്റെ സേവനം കർഷകർക്ക് ഉപയോഗിക്കാം. http://clinic.rubberboard.org.in എന്ന വെബ്സൈറ്റ് വഴിയാണ് പരസ്പരം ആശയവിനിമയത്തിനുതകുന്ന വിധത്തിൽ ക്ലിനിക്ക് പ്രവർത്തിക്കുന്നത്. റബ്ബർബോർഡ് കോൾ സെന്റർ നമ്പറായ 0481 – 2576622 – ൽ (എല്ലാ പ്രവൃത്തിദിനങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെ) വിളിച്ചാൽ രോഗനിയന്ത്രണത്തിനാവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.

## കോൾസെന്റർ – 'ഫോൺ ഇൻ' പരിപാടികൾ



### റബ്ബർതോട്ടങ്ങളിലെ ഇടവിളകൃഷി

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2022 മെയ് 18 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ ഇൻഡ്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും.

### റബ്ബർപാൽസംഭരണവും ഗുണമേന്മയുള്ള ഷീറ്റുനിർമ്മാണവും

റബ്ബർപാൽ സംഭരണം, ഗുണമേന്മയുള്ള ഷീറ്റുനിർമ്മാണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2022 മെയ് 25 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ.ബിജു മറുപടി പറയും.

### റബ്ബർമരങ്ങളെ ബാധിക്കുന്ന മഴക്കാലരോഗങ്ങളും നിയന്ത്രണമാർഗങ്ങളും

റബ്ബർമരങ്ങളെ ബാധിക്കുന്ന മഴക്കാലരോഗങ്ങളെയും അവയുടെ നിയന്ത്രണമാർഗങ്ങളെയും സംബന്ധിച്ച ചോദ്യങ്ങൾക്ക് 2022 ജൂൺ 8 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇൻഡ്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് മറുപടി പറയും.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2022 ജൂൺ മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**
റബ്ബർകൃഷി അനുബന്ധവരുമാനമാർഗമായി റബ്ബർ തോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ റബ്ബർ ബോർഡ് പരിശീലനം (ഓൺലൈൻ) ജൂൺ 1 -ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

2. **കാർഷികരീതികൾ**
നല്ല കാർഷിക രീതികൾ (Good Agricultural Practices) എന്ന വിഷയത്തിൽ പരിശീലനം (ഓൺലൈൻ) ജൂൺ 6 -ന് നടക്കും. റബ്ബർതോട്ടങ്ങളിൽ നല്ല കാർഷിക രീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ കോഴ്സിന് അപേക്ഷിക്കാം. പരിശീലനഫീസ് 375 രൂപ (18 ശതമാനം ജി.എസ്.റ്റി പുറമെ).

3. **നഴ്സറിപരിപാലനം**
റബ്ബർനഴ്സറി പരിപാലനത്തിൽ പരിശീലനം ജൂൺ 7, 8 തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടക്കും. നഴ്സറി പരിപാലനത്തിൽ ശാസ്ത്രീയമായ അറിവ് നൽകുക എന്നതാണ് ഈ രണ്ട് ദിവസത്തെ പരിപാടിയുടെ ലക്ഷ്യം. കൃഷിക്കാർക്കും നഴ്സറി ഉടമകൾക്കും ഈ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി പുറമെ).

4. **ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ**
ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം (ഓൺലൈൻ) നൽകുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർ നിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജൂൺ 9, 10 തീയതികളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമ്മാതാക്കൾ, ഉത്പന്നനിർമ്മാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

5. **റബ്ബർകൃഷി**
റബ്ബർകൃഷി പരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം (ഓൺലൈൻ ) ജൂൺ 13 മുതൽ 15 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി.പുറമെ).

6. **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണം**
റബ്ബർപാലിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 13 മുതൽ 17 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടത്തും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



**7. വളമിടീൽ**

റബ്ബർമരങ്ങളുടെ വളമിടീലിനെക്കുറിച്ചുള്ള ഏക ദിനപരിശീലനം ജൂൺ 14-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

**8. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണം**

ഉണക്കറബ്ബറിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 20 മുതൽ 24 വരെയുള്ള തീയതികളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടത്തും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസസ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ് ടെസ്റ്റിങ്, എംഎസ്എംഇ സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**9. ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ റബ്ബർബോർഡ് പരിശീലനം ജൂൺ 22 -ന് പരിശീലനം നടക്കും. റബ്ബറിനോടൊപ്പം കൃഷി ചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനപരിപാടി. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറി ഉടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

**10. ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ പരിശോധിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 22 മുതൽ 24 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചു നടക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി പുറമെ).

**11. രോഗ കീടനിവാരണം**

റബ്ബറിനെ ബാധിക്കുന്ന കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം (ഓൺലൈൻ ) ജൂൺ 27 ന് നടക്കും. പരിശീലന ഫീസ് 100 രൂപ(18 ശതമാനം ജി.എസ്.ടി. പുറമെ)

**12. റബ്ബർകൃഷി**

വൻകിട റബ്ബർതോട്ട മേഖലയിലുള്ളവർക്കായി റബ്ബർകൃഷി പരിപാലനത്തിൽ പരിശീലനം ജൂൺ 28 മുതൽ 30 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽ സമ്പ്രദായങ്ങൾ, വളമിടീൽ, രോഗകീടങ്ങളുടെ നിയന്ത്രണമാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽസംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. പരിശീലനഫീസ് 4500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവു ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353201 (വ്യവസായം), 7994650941 (കൃഷി) ബന്ധപ്പെടുക.



133 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# നമുക്ക് മണ്ണിലേക്കിറങ്ങാം

"ഭക്ഷ്യ സുരക്ഷയ്ക്കായി, സുരക്ഷിത ഭക്ഷണത്തിനായി"- ഞങ്ങളും കൃഷിയിലേക്ക്- സംസ്ഥാന കൃഷി വകുപ്പിന്റെ കർമ്മ പദ്ധതിയാണിത്. മണ്ണിൽ നിന്ന് കാലു വലിച്ച കേരളീയ സമൂഹത്തെ മണ്ണിലേക്കിറക്കുവാനും കൃഷിയുടെ പുനരുജ്ജീവനത്തിനുമായുള്ള കേവല മൊരു പദ്ധതി എന്നതിലുപരി നന്മനിറഞ്ഞ കാർഷിക സംസ്കാരത്തെ തിരിച്ചു പിടിക്കുന്നതിനായുള്ള മൃത സഞ്ജീവനിയാണിത്. സംസ്ഥാന കൃഷിവകുപ്പ് മന്ത്രി പി. പ്രസാദിന്റെ മനസ്സിലുദിച്ച ആശയവും ചിന്തയുമാണ് പുതിയകാലത്തിന് മുന്നിൽ കൃഷിവകുപ്പ് ഒരു പ്രായോഗിക സമീപനപദ്ധതിയായി രൂപകല്പന ചെയ്ത് മുന്നോട്ടുവച്ചിട്ടുള്ളത്. കൃഷിയിലൂടെ ഉപജീവിച്ച ഓണാട്ടുകരയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചുവളർന്ന തിനാൽ, രക്തത്തിൽ കൃഷിയുടെ നന്മയാർന്ന അംശം അവശേഷിക്കുന്നത് കൊണ്ടാണ് സംസ്ഥാനത്തിന്റെ പുതിയ കൃഷിമന്ത്രിയ്ക്ക് എല്ലാവരും മണ്ണിലേക്കിറങ്ങണമെന്നും കൃഷിയിലേക്കു മടങ്ങണമെന്നുമുള്ള പ്രസാദാത്മക ചിന്തയുണ്ടായത്.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന കൃഷിവകുപ്പിന്റെ കാർഷിക സമീപനത്തിന്റെ പ്രചാരണാർത്ഥം കൃഷിമന്ത്രി തന്നെ സ്വന്തം കൈകൊണ്ട് എഴുതിയ ഈ പ്രതിജ്ഞ അക്ഷരാർത്ഥത്തിൽ ഓരോ മലയാളിയും ഹൃദയത്തിൽ കോറിയിടുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടത് ഒരു ഉത്തരവാദിത്തമായി ഏറ്റെടുക്കേണ്ടതുണ്ട്. ഓരോ കേരളീയന്റെയും മനസ്സിൽ കൃഷിയുടെ പച്ചപ്പു ബാക്കി നിൽക്കുന്നുണ്ട്. പക്ഷേ മനസ്സിൽ നിന്നും മണ്ണിലേക്ക് അത് പറിച്ചുനടുക എന്നതാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയേക്കാൾ പ്രധാനം ആയുരാരോഗ്യ രക്ഷയ്ക്കായുള്ള വീട്ടുവളപ്പിലെ കൃഷിയ്ക്കാണ്. 'ആഹാരം തന്നെ ഔഷധം' എന്നാണ് പ്രമാണം. വിഷം വമിക്കുന്നതും മായം കലർന്നതുമായ ഭക്ഷണമാണ് ഒട്ടു മിക്ക രോഗങ്ങൾക്കും പ്രധാന ഹേതു എന്നു നാം തിരിച്ചറിയണം.



*കൃഷിവകുപ്പു മന്ത്രി പി. പ്രസാദ് സ്വന്തം കൈപ്പടയിൽ എഴുതിയ പ്രതിജ്ഞ*

കൃഷിയുടെ കാര്യത്തിൽ മഹാത്മജിയുടെ ദർശനവും സന്ദേശവും ഇതു തന്നെയായിരുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യ സമരം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ, സമരത്തിനും കലാപത്തിനും നേതൃത്വം നൽകിയെന്ന കുറ്റം ആരോപിച്ച് ഗാന്ധിജിയെ ശിക്ഷിക്കുകയും കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കോടതിയിലെ വിചാരണവേളയിൽ ജഡ്ജി മഹാത്മജിയോട് "താങ്കൾ ആരാണെന്നും, എന്താണ് ജോലിയെന്നും'' ചോദിച്ചു. അതിന് ഗാന്ധിജി നൽകിയ മറുപടി ഇങ്ങനെയായിരുന്നു. "ഞാൻ ഒരു കർഷകനാണ് - എന്റെ ആഹാരാവശ്യത്തിന് വേണ്ടതെല്ലാം ഞാൻ തന്നെ സ്വന്തമായി നട്ടുനനച്ചു വളർത്തുന്നു. മാത്രമല്ല അതേസമയം തന്നെ ഞാനൊരു നെയ്ത്തുകാരനുമാണ്. ഞാൻ ധരിച്ചിരിക്കുന്ന ഈ ഒറ്റമുണ്ടും പുതച്ചിരിക്കുന്ന മുണ്ടും എന്റെ സ്വന്തം തക്ക്ളിയിൽ നൂലു നൂർത്ത് ഞാൻ തന്നെ ചർക്കയിൽ നൂൽ അഴിയാക്കി നെയ്തെടുത്തതാണ്. അതിനാൽ ഒരേ സമയം ഞാൻ ഒരു കർഷകനും നെയ്

ത്തുകാരനുമാണ്". ഇതാണെന്റെ ജോലിയെന്നാണ് മഹാത്മജി ബ്രിട്ടീഷ് കോടതി മുമ്പാകെ ബോധിപ്പിച്ചത്. ബാരിസ്റ്ററായിരുന്ന ഗാന്ധിജിയുടെ ഈ മറുപടി ബ്രിട്ടീഷുകാരനായ ജഡ്ജിയെ അലോസരപ്പെടുത്തിയില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

കൃഷിയെ സംബന്ധിച്ച ഗാന്ധിജിയുടെ ദർശനവും 'നമ്മളും കൃഷിയിലേക്ക്' എന്ന പുതിയ കാർഷിക സമീപനവും പരസ്പരപൂരകമാണ്. "വീടിനുപുറത്ത് നിങ്ങൾ ആരുമാകട്ടെ- മന്ത്രിയോ, എം. എൽ. എയോ, കളക്ടറോ, ഡോക്ടറോ, വക്കീലോ, പ്രൊഫസറോ ആയിക്കൊള്ളട്ടെ, പക്ഷേ നിങ്ങൾ വീട്ടിൽ തിരിച്ചെത്തി കഴിഞ്ഞാൽ അല്പസമയം മണ്ണിലേക്കിറങ്ങണം. ഒരു വിത്ത് കുഴിച്ചിടാനും, ഒരു തൈ നടാനും മനസ്സുകാണിക്കണം. വളവും വെള്ളവും നൽകി അതിനെ യഥാവിധി പരിചരിക്കണം. നാം കഴിക്കുന്ന ആഹാരത്തിന്റെ നല്ലൊരു പങ്ക് സ്വന്തം അധ്വാനത്തിലൂടെ വിളയിച്ചെടുത്തതാകണം" ഇതായിരുന്നു മഹാത്മജിയുടെ ദർശനം. ഇതുതന്നെയാണ് ഞങ്ങളും കൃഷിയിലേക്കെന്ന ആഹ്വാനത്തിന്റെ സാരസംഗ്രഹവും. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് ഉദ്ബോധിപ്പിച്ച ഗാന്ധിമാർഗ്ഗമാണ് യഥാർത്ഥത്തിൽ "ഞങ്ങളും കൃഷിയിലേക്ക്" എന്ന ഈ പ്രയോഗ പാഠം. പച്ചക്കറിയുടെയും പഴവർഗങ്ങളുടെയും പാലിന്റെയും പൂവിന്റെയും മുട്ടയുടെയുമെല്ലാം കാര്യത്തിലുള്ള അന്യാശ്രയത്വം ഒഴിവാക്കുവാൻ എല്ലാവരും തങ്ങളാൽ കഴിയുംവിധം കൃഷി ചെയ്യുക എന്നതാണ് കരണീയ മാർഗ്ഗം. അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ചരക്കുവണ്ടികൾ ഒന്ന് ബ്രേക്കിട്ടാൽ കേരളം പട്ടിണിയിലാകാതിരിക്കാൻ ഇതു കൂടിയേ തീരൂ.

എന്തുകൊണ്ടാണ് ഞങ്ങളും കൃഷിയിലേക്ക് അഥവാ നമ്മളും കൃഷിയിലേക്ക് എന്നത് പ്രതിബദ്ധതയാർന്ന ഒരു ഉത്തരവാദിത്വമായി ഏറ്റെടുക്കേണ്ടത്? ഭക്ഷ്യഭദ്രതയ്ക്കായുള്ള വലിയ പരിശ്രമം എന്നതിലുപരി രോഗാതുരമായ കേരളത്തിന്റെ ആരോഗ്യരക്ഷയ്ക്കുള്ള മറുമരുന്നാണിത്. കഴിക്കുന്ന ഭക്ഷണവും കുടിക്കുന്ന വെള്ളവും ശ്വസിക്കുന്ന വായുവും വിഷലിപ്തമായതുകൊണ്ടാണ് ജീവിതശൈലീരോഗങ്ങളുടെ തലസ്ഥാനമായി നമ്മുടെ നാട് മാറുന്നത്. വിഷജന്യവും മായം നിറഞ്ഞതുമായ ഭക്ഷണമാണ് കാൻസറിനും, കിഡ്നി സംബന്ധമായ രോഗങ്ങൾക്കും ഉദരരോഗങ്ങൾക്കുമെല്ലാം നല്ലൊരളവ് കാരണമായി മാറുന്നത്. കൃഷി പാടേ ഉപേക്ഷിക്കുകയും അടുക്കളയ്ക്ക് തഴുതിടുകയും കഴിയുമെങ്കിൽ മൂന്നുനേരവും ഹോട്ടൽ ഭക്ഷണം ശീലമാക്കുകയും ചെയ്തപ്പോൾ പഞ്ചനക്ഷത്ര ആശുപത്രികൾ ലാഭകരമായ സംരംഭമായി നമ്മുടെ നാട്ടിൽ തഴച്ചുവളരുന്നു! വിശ്വസിച്ച് മുതൽമുടക്കാവുന്ന ബിസിനസ് എന്ന് പറയുന്നതിലും തെറ്റില്ല! അടുക്കളയായിരുന്നു ഏറ്റവും നല്ല ആശുപത്രി- അടുക്കളയിൽ ഭക്ഷണം പാകം ചെയ്തുതന്നിരുന്ന അമ്മയായിരുന്നു ഏറ്റവും നല്ല ഡോക്ടർ- സ്വന്തം അധ്വാനത്തിലൂടെയും സകുടുംബകൃഷിയിലൂടെയും വിളയിച്ചെടുത്ത ഭക്ഷ്യോത്പന്നങ്ങളായിരുന്നു ഏറ്റവും നല്ല മരുന്ന്! ഇതാ ഇവിടെയാണ് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന കൃഷിവകുപ്പിന്റെ ഈ കർമ്മ പദ്ധതിയുടെ വർത്തമാനകാല പ്രസക്തി. ഭക്ഷ്യസുരക്ഷയോടൊപ്പം ആരോഗ്യസുരക്ഷയും പരിരക്ഷിക്കണമെന്ന തിരിച്ചറിവാണ് ഈ പദ്ധതി മുന്നോട്ട് വയ്ക്കുന്ന നന്മപാഠം.

മറ്റൊരു പ്രധാനകാര്യം സംഘർഷഭരിതമാണ് വർത്തമാനകാല ജീവിതം. ജീവിത വേഗംകൂടിയ ഈ കാലത്ത് നമ്മുടെയെല്ലാം നിത്യജീവിതം പലവിധ കാരണങ്ങളാൽ പിരിമുറുക്കം നിറഞ്ഞതാണ്. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം കേരളീയരും രക്തസമ്മർദത്തിന് അടിപ്പെട്ടിരിക്കുന്നു. 'പ്രഷറിന്റെ' മരുന്ന് ഏറ്റവുമധികം വിറ്റഴിയുന്നത് ദൈവത്തിന്റെ ഈ സ്വന്തം നാട്ടിലാണ്! കുറച്ചുകൂടി സരസമായി പറഞ്ഞാൽ മഹാഭൂരിപക്ഷം മലയാളികളും പി.എസ്.സിയിലായിരിക്കുന്നു. തെറ്റിദ്ധരിക്കേണ്ട എല്ലാവർക്കും സർക്കാർ ജോലി പ്രദാനം ചെയ്യുന്ന പബ്ലിക് സർവീസ് കമ്മീഷൻ അല്ല ഈ പി. എസ്. സി- ഇത് പ്രഷറും ഷുഗറും കൊളസ്ട്രോളുമാണ്. വിഷലിപ്തമായ ആഹാരവും ഒപ്പം മാനസിക പിരിമുറുക്കവും ചേരുംപടി ചേരുമ്പോൾ രോഗികളാകാതിരുന്നാലല്ലേ അത്ഭുതമുള്ളൂ! ഇതാ ഇവിടെ മാനസികസംഘർഷത്തിനും മറുമരുന്നായി കൃഷി മാറുന്നു. എല്ലാ തിരക്കുകൾക്കുമിടയിൽ അൽപസമയം മണ്ണിലേക്കിറങ്ങി ഈ ചെടി ചിനപ്പുകളുടെ പച്ചപ്പിനിടയിൽ ചെലവഴിച്ചാൽ മനസ്സിനും ശരീരത്തിനും അത് ഉണർവ്വും ഉന്മേഷവുമേകും. നമ്മൾ നട്ടുനനച്ചു വളർത്തുന്ന പച്ചക്കറികളും ഫലവർഗങ്ങളും ആദ്യമായി പൂവിടുമ്പോഴും കായ്ക്കുമ്പോഴും അതിന്റെ കായ്ഫലം പറിച്ചെടുക്കുമ്പോഴും അത് ഭക്ഷണത്തിന്റെ ഭാഗമാക്കുമ്പോഴുമെല്ലാം അത് നൽകുന്ന ആത്മനിർവൃതിയും അതിരറ്റ സന്തോഷവും ഒന്നുവേറെ തന്നെ! എല്ലാ മാനസിക പിരിമുറുക്കങ്ങൾക്കും അയവുവരുത്തുന്ന ഹോർട്ടികൾച്ചർ തെറാപ്പി എന്ന ചികിത്സ തന്നെയാണിത്. വിദേശങ്ങളിൽ ഫലപ്രദമായ ഒരു ചികിത്സാരീതിയായി ഇത് മാറിക്കഴിഞ്ഞു. നമ്മുടെ രാജ്യത്തും ഇത് പ്രചാരത്തിലായിരിക്കുന്നു. "ഞങ്ങളും കൃഷിയിലേക്ക്" എന്ന കാർഷികസമീപനത്തിന്റെ കാലിക പ്രാധാന്യത്തെയാണ് ഇത് വ്യക്തമാക്കുന്നത്.

ലോകത്തിന് മാതൃകയായി കേരളം പ്രാവർത്തികമാക്കിയ സാക്ഷരതയജ്ഞം പോലെ ഈ പദ്ധതിയും കേരളീയ സമൂഹം ഏറ്റെടുക്കണം. ആരും ഒഴിഞ്ഞു നിൽക്കാൻ പാടില്ല. കൃഷിയെ തിരിച്ചുപിടിക്കാനും അതിലൂടെ ആരോഗ്യസുരക്ഷയും ആഹാര സുരക്ഷയും ഉറപ്പാക്കാനും നമുക്ക് കഴിയണം . 'തരിശു രഹിത കേരളം' എന്നതാകട്ടെ ലക്ഷ്യം, എന്തെങ്കിലും കൃഷി ചെയ്യാത്ത ഒരു തുണ്ടു ഭൂമി പോലും ഇവിടെ ഉണ്ടാകാൻ പാടില്ല. ഓഫീസ്സാകട്ടെ, സ്കൂളാകട്ടെ, കോളേജാകട്ടെ, ആശുപത്രികളാകട്ടെ- എവിടെ ഇത്തിരി സ്ഥലം കിടക്കുന്നുവോ അവിടെ എന്തെങ്കിലും നട്ടുനനച്ചു വിളയിച്ചെടുക്കുന്ന ഉത്പാദന ശീലത്തിലേക്ക് മടങ്ങാനുള്ള അവസരമാക്കി ഇതിനെ മാറ്റണം. സബ്സിഡിക്കോ, അവാർഡിനോ വേണ്ടിയുള്ള കൃഷിവകുപ്പിന്റെ കേവലമായ ഒരു സർക്കാർപദ്ധതി ആയി കാണാതെ ജീവിത നന്മയ്ക്കാനുള്ള സൂത്രവാക്യമായി കരുതി ഓരോ കേരളീയനും മണ്ണിൽ ഒരു കമ്പ് ഒടിച്ചുകുത്താൻ, ഒരു തൈ നടാൻ, ഒരു വിത്തുകുഴിച്ചിടാൻ മണ്ണിലേക്കിറങ്ങുക തന്നെ വേണം.

വൈലോപ്പിള്ളി പറഞ്ഞതുപോലെ-

'കേവലം മൺതുരുമ്പിൽ കിടപ്പൂ
ദേവലോകം തുറക്കുന്ന താക്കോൽ'

നഷ്ടപ്പെട്ടുകൂടാത്ത ജീവിതത്തിന്റെ താക്കോലായി കണ്ട് നമുക്കും മണ്ണിലേക്കിറങ്ങാം, കൃഷിയിലേക്ക് മടങ്ങാം. •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| | |
|---|---|
| 36 | 17868 |
| ay | Holiday |
| ay | Holiday |
| 67 | 18099 |
| 40 | 18272 |
| ay | Holiday |
| 29 | 18461 |
| 05 | 18337 |
| ay | Holiday |
| ay | Holiday |
| 32 | 18114 |
| 95 | 17828 |
| ay | Holiday |
| ay | Holiday |
| ay | Holiday |
| ay | Holiday |
| ay | Holiday |
| 47 | 17879 |
| 59 | 17991 |
| 80 | 17713 |
| 48 | 17480 |
| 13 | 17146 |
| ay | Holiday |
| ay | Holiday |
| 79 | 16911 |
| 69 | 16701 |
| 46 | 16279 |
| 16 | 16149 |
| 30 | 16263 |
| ay | Holiday |
| 67 | 17499 |

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2022 ഏപ്രിൽ 1 | 17550 | 17350 | 12205 | 17500 | 17350 | 17936 | 17868 |
| 2022 ഏപ്രിൽ 2 | 17600 | 17400 | അവധി | 17550 | 17400 | അവധി | അവധി |
| 2022 ഏപ്രിൽ 3 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഏപ്രിൽ 4 | 17550 | 17350 | 12205 | 17550 | 17350 | 18167 | 18099 |
| 2022 ഏപ്രിൽ 5 | 17500 | 17300 | 12205 | 17500 | 17300 | 18340 | 18272 |
| 2022 ഏപ്രിൽ 6 | 17350 | 17100 | 12205 | 17350 | 17100 | അവധി | അവധി |
| 2022 ഏപ്രിൽ 7 | 17200 | 16900 | 12100 | 17200 | 16900 | 18529 | 18461 |
| 2022 ഏപ്രിൽ 8 | 17100 | 16800 | 12045 | 17100 | 16800 | 18405 | 18337 |
| 2022 ഏപ്രിൽ 9 | 17150 | 16850 | അവധി | 17150 | 16850 | അവധി | അവധി |
| 2022 ഏപ്രിൽ 10 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഏപ്രിൽ 11 | 17200 | 16900 | 12045 | 17200 | 16900 | 18182 | 18114 |
| 2022 ഏപ്രിൽ 12 | 17200 | 16900 | 12045 | 17200 | 16900 | 17895 | 17828 |
| 2022 ഏപ്രിൽ 13 | 17150 | 16850 | 11995 | 17150 | 16850 | അവധി | അവധി |
| 2022 ഏപ്രിൽ 14 | 17100 | 16850 | 11995 | 17100 | 16850 | അവധി | അവധി |
| 2022 ഏപ്രിൽ 15 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഏപ്രിൽ 16 | 17100 | 16850 | അവധി | 17100 | 16850 | അവധി | അവധി |
| 2022 ഏപ്രിൽ 17 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഏപ്രിൽ 18 | 17100 | 16850 | 11940 | 17100 | 16850 | 17947 | 17879 |
| 2022 ഏപ്രിൽ 19 | 17100 | 16850 | 11890 | 17100 | 16850 | 18059 | 17991 |
| 2022 ഏപ്രിൽ 20 | 17000 | 16750 | 11890 | 17000 | 16750 | 17780 | 17713 |
| 2022 ഏപ്രിൽ 21 | 16900 | 16650 | 11890 | 16900 | 16650 | 17548 | 17480 |
| 2022 ഏപ്രിൽ 22 | 16800 | 16500 | 11780 | 16800 | 16500 | 17213 | 17146 |
| 2022 ഏപ്രിൽ 23 | 16750 | 16450 | അവധി | 16750 | 16450 | അവധി | അവധി |
| 2022 ഏപ്രിൽ 24 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഏപ്രിൽ 25 | 16700 | 16350 | 11675 | 16700 | 16350 | 16979 | 16911 |
| 2022 ഏപ്രിൽ 26 | 16700 | 16400 | 11625 | 16700 | 16400 | 16769 | 16701 |
| 2022 ഏപ്രിൽ 27 | 16700 | 16400 | 11520 | 16700 | 16400 | 16346 | 16279 |
| 2022 ഏപ്രിൽ 28 | 16700 | 16400 | 11410 | 16700 | 16400 | 16216 | 16149 |
| 2022 ഏപ്രിൽ 29 | 16750 | 16450 | 11305 | 16750 | 16450 | 16330 | 16263 |
| 2022 ഏപ്രിൽ 30 | 16850 | 16500 | അവധി | 16850 | 16500 | അവധി | അവധി |
| **ശരാശരി** | **17072** | **16798** | **11899** | **17068** | **16798** | **17567** | **17499** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ്, റബ്ബർബോർഡ്*


**India 's No 1 Quality Rubber Roller & Sheeters Available All Over India**

**From - JOSE BROTHERS COIMBATORE - 641 027.**

**Branch - MARTHANDAM, Contact No. 94434 16380, 04651-270962**



16



6



A2

## പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ജനുവരി 2022 | ജനുവരി 2021 | ഏപ്രിൽ 2021 & ജനുവരി 2022 | ഏപ്രിൽ 2020 & ജനുവരി 2021 | ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 71570 | 62150 | 427560 | 403575 | 462915 | |
| ബ്ലോക്കുറബ്ബർ | 16060 | 16800 | 126875 | 114955 | 143355 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 11980 | 10750 | 87055 | 70380 | 88680 | |
| മറ്റുള്ളവ | 2390 | 2300 | 16510 | 17090 | 20050 | |
| ആകെ | 102000 | 92000 | 658000 | 606000 | 715000 | 8.6 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 39520 | 55220 | 428685 | 411190 | 522260 | |
| ബ്ലോക്കുറബ്ബർ | 50270 | 46355 | 486260 | 375705 | 463860 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 8960 | 8750 | 83190 | 65690 | 84645 | |
| മറ്റുള്ളവ | 2250 | 2675 | 22865 | 20325 | 25645 | |
| ആകെ | 101000 | 113000 | 1021000 | 872910 | 1096410 | 17.0 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 75082 | 81756 | 752016 | 618935 | 780588 | 21.5 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 50191 | 40150 | 455337 | 330420 | 410478 | |
| കയറ്റുമതി (p) | 105 | 1669 | 3122 | 10126 | 11343 | |

**2022 ജനുവരി അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 135000 | ഷീറ്റുറബ്ബർ | 253050 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 139500 | ബ്ലോക്കുറബ്ബർ | 107700 |
| ടയർ നിർമ്മാതാക്കൾ (c) | 123500 | റബ്ബർപാൽ (ഡിആർസി) | 29500 |
| മറ്റു വ്യവസായികൾ | 32000 | മറ്റുള്ളവ | 39750 |
| ആകെ | 430000 | ആകെ | 430000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ, R-പുതുക്കിയ കണക്കുകൾ പ്രകാരം. (ഡി.ജി.സി.ഐ. & എസ്., കൊൽക്കൊത്ത)

# കർഷകരുടെയും വ്യാപാരികളുടെയും പ്രോസ്സസേഴ്സിന്റെയും പക്കൽ പ്രോസ്സസ് ചെയ്യാതെയുള്ള റബ്ബർ ഉൾപ്പെടെ

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*




# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്





ഉത്പാദന വിതരണ രംഗത്ത്
42 വർഷം !
ORGANIC 100%
അനുകരിക്കാൻ
കഴിയാത്ത ഗുണമേന്മ
CBC റബ്ബർ മിക്സ്സ് ജൈവവളം
ജൈവകീടനാശിനി അടങ്ങിയത്
42
Basic Formula by
R HELI (Late)
Former Director of
Agricultural Kerala state
സാങ്കേതിക ഉപദേഷ്ടാക്കൾ
Sri.K.K. Soman
Retd.Dy. Director Soil Survey
Dr. R. Kothanda Raman
Retd.Dy. Director Rubber Board
CBC ബ്രാൻഡ് ജൈവവളങ്ങൾ ഓരോ വിളകൾക്കും
പ്രത്യേകം പ്രത്യേകം തയ്യാർ ചെയ്യപ്പെടുന്നു.
COCONUT MIX, NUTMEG, PLANTAIN SPECIAL, CARDAMOM, ARECANUT, PEPPER
sif
Estd. 1979
South Indian Fertilizers
IDA, Edayar, P.O. Binanipuram, Kochi - 683 502, Kerala.
Email: sif@sif.in, Web : www.sif.in Ph: 9947773620
വിത്തു മുതൽ വിള വരെ കർഷകർക്കൊരു കൈത്താങ്ങായി
കർഷകർക്കാവശ്യമായ എന്തും ഏതും ഒരു കുടക്കീഴിൽ...
ഫ്രാഞ്ചൈസികൾക്ക് ബന്ധപ്പെടുക
9497165620, 9847902316
किसान केंद्र
കിസാൻ കേന്ദ്ര
AGRI SUPER MARKET

RUBBER MONTHLY (MALAYALAM )
Published on 11 May 2022
RNI. 7842/65

Registered KL / KTM/ 44 / 2021-23
Licence No. KL / CR / KTM / WPP-30 / 2021-23
Licensed to post without pre-payment




Printed by KG Sathees Kumar, Deputy Director (P&PR). Rubber Board, Kottayam – 686 002. Published by KG Sathees Kumar, Deputy Director (P&PR), Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: KG Sathees Kumar.